Reg. No. C. 101, M. 2293

ഒററപ്രതിക്കു 2 ണ.

St. Mary's C. G. H. S.
Ernakula

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 ചിങ്ങം 13—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ആഗസ്റ്റ് 29 | ലക്കം 3

## *പതിതകാരുണികൻ

(തോമസ് വി. മംത്തിപ്പറമ്പിൽ)



കടവൂർ (നടവക്കാട്ടു്) പള്ളിയിൽ 1951 ജൂലൈ 26 മുതൽ 30 വരെ തിയതികളിൽ നടത്തിയ ഏകാന്തധ്യാനത്തിൽ സംബന്ധിച്ചവർ

ക്രിസ്തുവിന്റെ ജീവിതത്തിലെ ഒരു പ്രത്യേകത പാപരഹിതനായ അവിടുന്നു് പാപികളുടെ സ്നേഹിതനായിരുന്നു എന്നതത്രെ. പരിശുദ്ധനായ അവിടുന്നു് പാപപങ്കിലരെ ശുദ്ധരാക്കി. അവിടുന്നു നീതിയുടെ പര്യായമായിരുന്നു; പക്ഷെ നീതിമാന്മാരെ ക്ഷണിക്കുന്നതിനപകരം അവിടുന്നു പാപികളെ ക്ഷണിച്ചിരുന്നു. അദ്ദേഹം പാപത്തെ വെറുത്തിരുന്നു, എന്നാൽ പാപിയെ സ്നേഹിച്ചു. മിശിഹായ്ക്കു വഞ്ചന അഹിതമായിരുന്നെങ്കിലും യൂദാസിനെ "സ്നേഹിതാ" എന്നഭിസംബോധനചെയ്തു. വ്യഭിചാരം അവിടുത്തെ ആജന്മശത്രുവെങ്കിലും വ്യഭിചാരിണിക്കു മാപ്പുകൊടുത്തു. കല്മഷരുടെ ഇടയിൽക്കൂടെ അവിടുന്നു പരിശുദ്ധർക്കു സഹജമായ ശാലീനതയോടുകൂടിയും, രോഗികളുടെ മദ്ധ്യേ ആരോഗ്യവാനായും കാലംകഴിച്ചു. മാനസാന്തരപ്പെട്ട പാപികളുടെ തിരിച്ചുവരവിൽ അവിടുത്തേക്കു ലേശവും ഭയമില്ലായിരുന്നു. ഈ ലോകത്തിൽ ഒരു ഭൃത്യൻ യജമാനനായി പരിണമിക്കുമ്പോൾ ആ മനുഷ്യന്റെ ഭൃത്യരോടുള്ള ബന്ധം സൗഹൃദത്തിൽ ആയിരിക്കുകയില്ല. അതുപോലെതന്നെ മാനസാന്തരപ്പെട്ട പാപികൾ എപ്പോഴും പാപികളുടെ സ്നേഹിതന്മാരായിരിക്കുകയില്ല. എന്നാൽ ഇതുപോലെയുള്ള യാതൊന്നുംതന്നെ ആദ്യന്തവിഹീനനായ ഗലീലേയന്റെ ജീവിതത്തിൽ നാം കാണുന്നില്ല. താൻ പാപമില്ലാത്തവനാണു് എന്ന കാരണത്താൽ പാപികൾ തന്നിൽ രക്ഷ കണ്ടെത്തണമെന്നു്, ഒരിക്കൽപ്പോലും അവിടുന്നു പറഞ്ഞിട്ടില്ല. അവിടുന്നു മാനസാന്തരപ്പെട്ട പരിത്യാഗിയായിരുന്നില്ല. കപ്പൽനാശത്തിൽ പെട്ടവരെ അതു അനുഭവപ്പെട്ടവനെപ്പോലെയല്ല സ്നേഹിച്ചതു്, പ്രത്യുത സമുദ്രത്തിൽക്കൂടെ ശാന്തമായി യാത്രചെയ്യുന്ന നാവികനെപ്പോലെയാണു്. മിശിഹാ പാപികളെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. ആ സ്നേഹം—അമലോത്ഭവയായ തന്റെ മാതാവിൽ കണ്ട ആ സ്നേഹം, പാപമോചനാധികാരം സിദ്ധിച്ചിട്ടുള്ള പുണ്യാത്മാക്കളായ മററു "ക്രിസ്തു"കളിൽമാത്രം കാണുന്ന ആ സ്നേഹം—ദൈവികമാണു്, ദൈവത്തിന്റെതാണു്, ക്രിസ്തുവിന്റെതാണു്.

ദിവ്യരക്ഷകൻ, ഒന്നാമതായി നല്ല കള്ളനോടു കാണിച്ചിരുന്ന ആ കാരുണ്യത്തെപ്പററിയും രണ്ടാമതായി ഉപമകളിൽ പറയുന്ന പാപികളോടുള്ള പ്രത്യേകസ്നേഹത്തെപ്പററിയും വിചിന്തനംചെയ്യാം.

ക്രിസ്തുവിനോടുകൂടി രണ്ടു കള്ളന്മാരെയും ക്രൂശിച്ചു. ഒരുത്തൻ അവിടുത്തെ കരുണയെ നിരസിച്ചു, ഇതരൻ കരുണ യാചിച്ചു. ഇടതുഭാഗത്തെ കള്ളൻ—പൊതുവിധിയിൽ വിധിയാളന്റെ ഇടതുഭാഗം നില്ക്കുന്നവരുടെ പ്രതിനിധി—താഴെ നിന്നിരുന്ന ഫരിസേയരോടുകൂടി ക്രിസ്തുവിന്റെ ദൈവത്വത്തെ വെല്ലുവിളിച്ചിരുന്നു അവൻ പറഞ്ഞു: "നീ ക്രിസ്തുവെങ്കിൽ നിന്നെയും ഞങ്ങളേയും രക്ഷിക്കുക." കുരിശിൽനിന്നും ആണികളിൽനിന്നും മോചനം അവൻ യാചിച്ചു. എന്നാൽ പാപത്തിൽനിന്നോ നരകത്തിൽനിന്നോ വിമുക്തി അവൻ കാംക്ഷിച്ചിരുന്നില്ല. കഷ്ടപ്പാടുകളാണു് പാപത്തെക്കാൾ ബൃഹത്തായ വിപത്തു് എന്നു വിചാരിക്കുന്നവരെക്കൊണ്ടു് ലോകം നിറഞ്ഞിരിക്കുകയാണു്.

നല്ലകള്ളനാകട്ടെ ഇതരനെ കുററപ്പെടുത്തിക്കൊണ്ടുപറഞ്ഞു: "നീയും അതേ ശിക്ഷാവിധിയിൽത്തന്നെ ഉൾപ്പെട്ടിരുന്നിട്ടും നീ ദൈവത്തെപ്പോലും ഭയപ്പെടുന്നില്ലയോ? നാം ന്യായമായിട്ടു് അർഹിക്കുന്നതുപോലെയും പ്രവർത്തിച്ചതുപോലെയും ശിക്ഷിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹമോ തിന്മ ഒന്നും പ്രവർത്തിച്ചിട്ടില്ല." ഉത്തമമനസ്താപമാകുന്ന ഉണങ്ങിയ വിറകുകൊണ്ടു് നിറഞ്ഞ ആ കള്ളന്റെ ഹൃദയാന്തർഭാഗത്തു് അനുഗ്രഹമാകുന്ന ഒരു അഗ്നിസ്ഫുലിംഗം മദ്ധ്യവർത്തിയായ കുരിശിൽനിന്നും പതിച്ചിട്ടു് ഒരു അഗ്നികുണ്ഡം അവിടെ സംജാതമാക്കി. അനന്തരം അയാൾ ഈശോയോടു്, "എന്റെ കർത്താവേ, നീ നിന്റെ രാജ്യത്തിൽ വരുമ്പോൾ എന്നെ ഓർക്കണമേ" എന്നപേക്ഷിച്ചു. ഉത്തരമായി ആ "ദൈവിക കള്ളൻ" പറഞ്ഞു: "നീ

* 1934 മാർച്ചു് 25-ാംനു- മോൺ. ഫൾട്ടൺ ജെ. ഷീൻ ചെയ്ത പ്രസംഗത്തിന്റെ സ്വതന്ത്രവിവർത്തനം.

ഇന്നു് എന്നോടുകൂടി പറുദീസായിൽ ആയിരിക്കും” എന്നു്.

വലത്തുവശത്തെ മനുഷ്യനെ നോക്കുക. അയാൾ ആരു്? ഒരു കള്ളൻ. എവിടെ? ക്രൂശിന്മേൽ. അയാൾ എപ്പോൾ സംസാരിക്കുന്നു? മരണാവിനാഴികയിൽ. ആരോടു സംസാരിക്കുന്നു? മരണാസന്നനായ മിശിഹായോടു്. അവൻ എന്തു കരസ്ഥമാക്കി? പറുദീസാ. അതു കള്ളന്റെ അവസാനത്തെ അർത്ഥനയായിരുന്നു; ഒരുപക്ഷേ ആദ്യത്തേതും. അയാൾ ഒരിക്കൽമാത്രം അപേക്ഷിച്ചു, ഒരിക്കൽമാത്രം അനുതപിച്ചു, ഒരിക്കൽമാത്രം മുട്ടി. അങ്ങനെ ജീവിതത്തിന്റെ അന്ത്യദിനത്തിൽ രക്ഷിക്കപ്പെട്ടു. മോഷ്ടാവു് മോഷ്ടാവായിത്തന്നെ മരണവും വരിച്ചു; കാരണം, അയാൾ പറുദീസായും മോഷ്ടിച്ചു.

ഇനി നാം അന്യാപദേശങ്ങളിലേക്കു തിരിഞ്ഞാൽ ആരോഗ്യവാന്മാർക്കു് വൈദ്യനെ ആവശ്യമില്ല, രോഗികൾക്കാണാവശ്യമെന്ന അവിടുത്തെ പ്രസ്താവം തെളിവുകൾമുഖേന അന്വർത്ഥമാണെന്നു കാണാം. ദിവ്യരക്ഷകൻ നൂറു ആടുകളുടേയും പത്തു നാണയങ്ങളുടേയും ധൂർത്തപുത്രന്റേയും അന്യാപദേശങ്ങൾവഴി. ലൂക്കാ വഴിയായി പറയുന്നതു് സ്മരിച്ചാലും. ഇവ ഓരോന്നിലും അവിടുന്നു് പാപികളുടെ രക്ഷയിൽ എത്രമാത്രം സന്തോഷം പ്രകടിപ്പിക്കുന്നു!

ഒന്നാമതായി, ഒരു മനുഷ്യനു് നൂറു് ആടുകൾ ഉണ്ടായിരുന്നു. അതിൽ ഒന്നു നഷ്ടപ്പെട്ടനപക്ഷം തൊണ്ണൂറ്റൊൻപതിനെയും മരുഭൂമിയിൽ ഉപേക്ഷിച്ചിട്ടു്, കാണാതെപോയതിനെ കാണുന്നതുവരെ അതിനെ പിൻതുടരുന്നു. അതിനെ കണ്ടുമുട്ടുമ്പോൾ, അതിനെ തോളിലേററി, വീട്ടിൽവന്നശേഷം സ്നേഹിതരേയും അയൽക്കാരെയും വിളിച്ചു്, “എന്നോടുകൂടി സന്തോഷിക്കുവിൻ, എന്തെന്നാൽ കാണാതെപോയ എന്റെ ആടിനെ കണ്ടുകിട്ടി,” എന്നു പറയുന്നു. എന്നാൽ ബാക്കിയുണ്ടായിരുന്നവയാകട്ടെ വയലുകളിൽ ഉപേക്ഷിക്കപ്പെട്ടിരുന്നു.

പത്തുനാണയങ്ങളുടെ ഉപമയിൽ, ഒരു സ്ത്രീക്കു് ഒരു നാണയം നഷ്ടപ്പെടുന്നു. വിളക്കുകത്തിച്ചവൾ ജാഗ്രതയായി വീടു് അടിച്ചു നോക്കുന്നു. അതുകിട്ടിയമാത്രയിൽ, തന്റെ സ്നേഹിതകളേയും അയൽക്കാരേയും വിളിച്ചു പറഞ്ഞു: “കാണാതെപോയ എന്റെ നാണയം കണ്ടുകിട്ടിയതിനാൽ നിങ്ങൾ എന്നോടുകൂടി സന്തോഷിക്കുവിൻ.” എന്നാൽ കൈവശമുണ്ടായിരുന്ന ഒൻപതു് നാണയങ്ങളെ സംബന്ധിച്ചു് അവൾ സ്നേഹിതരോടുകൂടി സന്തോഷിച്ചതായി ഒരു രേഖയുമില്ല.

അവസാനമായി ധൂർത്തപുത്രന്റെ ഉപമയിൽ, ഒരു പിതാവിനു് രണ്ടുപുത്രന്മാരുണ്ടായിരുന്നു. ഇളയപുത്രൻ തന്റെ സ്വത്തുമായി വീട്ടിൽനിന്നുംപോയി അതു പാപകരമായി ദുരുപയോഗപ്പെടുത്തി. എന്നാൽ, പശ്ചാത്തപിച്ചു തിരികെവന്ന പുത്രനെ പിതാവു് ഹാർദ്ദമായി സ്വീകരിച്ചു്, മോതിരം അണിയിച്ചു്, പട്ടുവസ്ത്രങ്ങൾ ധരിപ്പിച്ചു്, വിഭവസമൃദ്ധമായ ഒരു വിരുന്നു നടത്തുന്നു. ആ വത്സലപിതാവു് പറയുന്നു: “നമുക്കു ഭക്ഷിച്ചു ആനന്ദിക്കാം. എന്തെന്നാൽ എന്റെ ഈ മകൻ മരിച്ചവനായിരുന്നു; അവൻ വീണ്ടും ജീവിച്ചു; കാണാതെപോയിരുന്നു, കണ്ടെത്തി.” എന്നാൽ വീട്ടിലായിരുന്ന മൂത്തമകനെക്കുറിച്ചു് തന്റെ സ്നേഹിതന്മാരുമായി ഉല്ലസിക്കുന്നതിനു ഇതുപോലൊരു അവസരം ലഭിച്ചിട്ടില്ല.

ഈ അന്യാപദേശങ്ങളിൽ അവർ അർഹിക്കുന്നതിൽ കവിഞ്ഞ സ്ഥാനം അനുതപിക്കുന്ന പാപികൾക്കു് ദിവ്യരക്ഷകൻ കൊടുക്കുന്നുണ്ടു്. അതു സ്വഗ്രഹവുമല്ലേ? ഒരുവേള യാതൊരു വിലയുമില്ലാത്ത വസ്തുക്കളായാൽത്തന്നെയും അതു നഷ്ടപ്പെട്ടു തിരികെ ലഭിക്കുകയെന്നതു്, ഒരിക്കലും നഷ്ടപ്പെടാത്ത അനർഘവസ്തുക്കൾ കൈവശം ഉള്ളതിനെക്കാൾ സംതൃപ്തി നല്കുന്നതാണു്. ഒരു രാജ്യത്തിന്റെ ഒരു പ്രവിശ്യ ശത്രുക്കൾ പിടിച്ചു എന്നിരിക്കട്ടെ. ശേഷിക്കുന്ന രാജ്യത്തെക്കാൾ ആ ജനതയ്ക്കു സന്തോഷസംദായകം ആക്രമിക്കപ്പെട്ട പ്രവിശ്യ തിരികെ ലഭിക്കുകയെന്നതാണു്. വേർപാടിൽ ജീവിച്ചിരുന്ന പുത്രനെ പിതാവു് കാണുമ്പോൾ, അദ്ദേഹം നൽകുന്ന അഭിവാദനങ്ങളും, സ്നേഹപ്രകടനങ്ങളും അടുത്തുവസിക്കുന്ന പുത്രനു ലഭ്യമല്ല. ഒരു മാതാവിനു തന്റെ ആരോഗ്യവാന്മാരായ സന്താനങ്ങളെക്കാൾ ആനന്ദം പ്രദാനംചെയ്യുന്നതു്, രോഗത്തിൽനിന്നും വിമുക്തനാകുന്ന ഒരുവനാകുന്നു.

ഒരു ഇറ്റാലിയൻവിശുദ്ധ മഠത്തിലെ കപ്പേള ശുചിയാക്കിക്കൊണ്ടിരിക്കവേ, നമ്മുടെ കർത്താവിന്റെ ഒരു ചെറിയ പ്രതിമ യാദൃച്ഛികമായി നിപതിച്ചതായി ഒരു കഥയിൽ പറയുന്നുണ്ടു്. അതു കൈയിൽ എടുത്തു ചുംബിച്ചുകൊണ്ടു് അവൾ പറഞ്ഞു: “ഈശോ! അങ്ങു നിപതിച്ചില്ലായിരുന്നുവെങ്കിൽ അങ്ങേക്കിതു ലഭ്യമാകുമായിരുന്നില്ല.” ഇതുപോലെതന്നെയാണു്, പാപികളോടു് തന്റെ മനോഭാവമെന്നു്, ദിവ്യരക്ഷകൻ അവരെ വെളിപ്പെടുത്തിക്കൊടുത്തു.

ആർദ്രത എപ്പോഴും ദൃശ്യമാകുന്നതു് സഹനമാകുന്ന ചക്രവാളത്തിനപ്പുറത്തു് നവീകരിക്കപ്പെട്ടിട്ടാണു്. നിർവിഘ്നമായ സ്നേഹബന്ധത്തെക്കാൾ അഭിലഷണീയമാണു് പിണങ്ങിയിട്ടു സ്നേഹിക്കുകയെന്നതു്. ഇതുതന്നെയല്ലയോ ദിവ്യരക്ഷകന്റെ സ്നേഹാർദ്രമായ വാക്കുകളുടേയും ആശയം: “അനുതാപംകൊണ്ടു് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു് നീതിമാന്മാരെപ്പററി എന്നതിലധികമായി അനുതപിക്കുന്ന ഒരു പാപിയെപ്പററി സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകും.”

സഭയുടെ അടിസ്ഥാനക്കല്ലായി ദിവ്യരക്ഷകൻ തിരഞ്ഞെടുത്തതു്, തന്നെ ഉപേക്ഷിച്ച പത്രോസിനെയാണു്; അല്ലാതെ “സ്നേഹത്തിന്റെ ശ്ലീഹായെ”അല്ല. കാരണം, തിരുസ്സഭയിൽ എക്കാലവും പാപികളോടു് കരുണയും പാപപ്പൊറുതിയും അവശ്യാവശ്യകമായിരുന്നുവെന്നു് നമുക്കു് അനുമാനിക്കുന്നതിനു വേണ്ടിയാണു്. ലോകത്തിനു്, വി. പത്രോസു് ഒരു വിളംബരമാണു്—ഏററം കഠിനപാപികൾക്കുപോലും പ്രത്യാശയുണ്ടെന്നു്. പത്രോസിന്റെ മൂന്നുപ്രാവശ്യത്തെ ഉപേക്ഷിക്കലും സ്നേഹദാർഢ്യത്തോടുകൂടിയ ഏററുപറച്ചിലുകളും, നാം പാപത്തിൽ നിപതിച്ചില്ലായിരുന്നെങ്കിൽ നമുക്കു് ക്രിസ്തുവിനെ “രക്ഷകൻ” എന്നഭിസംബോധന ചെയ്യുന്നതിനു് കഴിയുകയില്ലായിരുന്നു എന്നു എല്ലാം തലമുറകളോടും പ്രഘോഷിക്കുന്ന ഒരു മണിനാദമാണു്.

എന്നാൽ നാം ചതിവിൽ പെടരുതു്. ദൈവത്തിന്റെ അനന്തകാരുണ്യത്തിന്റെ മറപിടിച്ചുകൊണ്ടു് നാം ഘനമായി പാപം ചെയ്യുന്നതു് ഒരു വലിയ അപരാധമാണു്. ഇതിനുംപുറമെ, പാപങ്ങൾ ക്ഷമിക്കപ്പെടുന്നതു് നമ്മുടെ മനസ്താപത്തെ അടിസ്ഥാനമാക്കിയാണു്. മനസ്താപം നമുക്കുണ്ടു് എന്നു കാണിക്കുന്നതു് പ്രായശ്ചിത്താനുഷ്ഠാനംകൊണ്ടുമാണു്. അതിനാലാണല്ലോ ദിവ്യരക്ഷകൻ പിൻതിരിയുന്ന പാപിയെപ്രതി സ്വർഗ്ഗത്തിലുണ്ടാകുന്ന സന്തോഷത്തെക്കുറിച്ചു് പ്രസ്താവിക്കുമ്പോൾ “പ്രായശ്ചിത്തം അനുഷ്ഠിക്കുന്ന പാപി” എന്നു പറഞ്ഞിരിക്കുന്നതു്. വാസ്തവം പറഞ്ഞാൽ മനസ്താപം എത്രമാത്രം ബൃഹത്തരമായിരിക്കുന്നുവോ അത്രമാത്രം ലഘുവായിരിക്കും കാലത്തിനടുത്ത ശിക്ഷ. ദൈവം നമ്മുടെ പാപങ്ങൾ അവഗണിക്കുന്നു എന്നും, എങ്ങനെ നാം ജീവിച്ചാലും അന്ത്യവിനാഴികയിൽ അതെല്ലാം ശുഭമായിക്കൊള്ളുമെന്നും വ്യാമോഹിക്കുന്ന അക്രൈസ്തവമനസ്ഥിതിക്കു് അനുതപിച്ച കള്ളൻ ഒരു അപവാദമല്ലെന്നുവരുമോ? കള്ളൻ രക്ഷിക്കപ്പെട്ടു, കാരണം, അയാൾ ഒരു പാപിയായിരുന്നതുകൊണ്ടല്ല, പിന്നെയോ ഒരു അനുതാപിയായിരുന്നതുകൊണ്ടാണു്. തന്റെ മാനസാന്തരം മരണക്കിടക്കയിൽനിന്നുള്ളതല്ലായിരുന്നു. താൻ മരിച്ചതു കിടക്കയിൽവച്ചല്ല, പിന്നെയോ തന്റെ പാപങ്ങൾക്കു പരിഹാരംചെയ്തുകൊണ്ടു് ഒരു കുരിശിൽവച്ചത്രെ. മിശിഹായുടെ ഉത്തരം പാപമോചനത്തെക്കുറിച്ചുള്ള വ്യവസ്ഥാപിതമായ ഒരു വെളിപാടായിരുന്നു; പാപപ്രക്ഷാളനത്തിനു പര്യാപ്തമായ മനസ്താപധനിയായിരുന്നു. ആവശ്യമുള്ള പരിതോവസ്ഥകൾ സംസൃഷ്ടമാകുമ്പോൾ ദിവ്യരക്ഷകൻ, അർത്ഥിക്കുന്നതിലധികമായി നല്കുന്നു; കള്ളൻ അവനെ സ്മരിക്കണമെന്നാവശ്യപ്പെട്ടു. കർത്താവു് പറുദീസാ പ്രദാനം ചെയ്യുകയുംചെയ്തു.

ലോകത്തിനേററം ആവശ്യമായിരിക്കുന്ന കരുണയുടേയും ക്ഷമയുടേയും ദൈവികദാനങ്ങൾ ധാരാളമായി നിർഗ്ഗളിക്കുന്ന ഒരവസരമാണു് വലിയ ആഴ്ച. വിചിത്രമായ ഒരു പെട്ടിയുടെ കഥ കേട്ടിട്ടുണ്ടു്. അതിന്റെ ഉള്ളടക്കം ആർക്കുംതന്നെ അജ്ഞാതമായിരുന്നു. ഒരിക്കൽ അതു തുറന്നപ്പോൾ ഒരു രാക്ഷസന്റെ കരുണാശൂന്യമായ ഹൃദയത്തിന്റെ സൂക്ഷിപ്പുസ്ഥലമാണതെന്നു മനസ്സിലായി. ഇതുപോലെതന്നെയാണു് വലിയ ആഴ്ചയിൽ നാമോരോരുത്തരും കുമ്പസാരക്കൂട്ടിൽവച്ചു മിശിഹായുടെ അഭിഷിക്തന്മാരുടെ കൈകളിൽനിന്നും പാപമോചനം വഴിയായി ക്രിസ്തുവിന്റെ കരുണാകേന്ദ്രമായ തിരുഹൃദയത്തോടു യോജിക്കുന്നതു്. എന്നാൽ ചിലർ സന്ദേഹിച്ചേക്കാം അവർക്കു് എവിടെനിന്നും ഈ അധികാരം കിട്ടിയെന്നു? ഇതിനുത്തരമായി, ഒരിക്കൽ അവിടുന്നു അപ്പസ്തോലന്മാരോടായി പറഞ്ഞിട്ടുണ്ടു്: അതു ലോകാവസാനത്തോളം അന്വർത്ഥമായിരിക്കുകയും ചെയ്യും. “നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെടും; നിങ്ങൾ ആരുടെ പാപങ്ങൾ പിടിക്കുന്നുവോ അവ പിടിക്കപ്പെടും.” അതു കത്തോലിക്കാ തിരുസ്സഭയിലെ കുമ്പസാരമെന്ന കൂദാശയെക്കുറിച്ചല്ലായിരുന്നുവെങ്കിൽ, ദിവ്യരക്ഷകന്റെ ഉദ്ധൃതവാക്യങ്ങൾ ഇന്നു് നിരർത്ഥകങ്ങളാകുമായിരുന്നു. പാപികളായ നമുക്കു ശരണം, ക്ഷമ, ദയ, ഇവ പറഞ്ഞൊഴുകുന്ന അവിടുത്തെ വാക്കുകൾ ഗ്ലീലായിലെ അന്തരീക്ഷത്തിൽ നിരർത്ഥകമാകുമാറു് ലയിച്ചതായി നമുക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല. “നിന്റെ പാപത്തിൽനിന്നും നിന്നെ മോചിച്ചിരിക്കുന്നു” എന്ന അവിടുത്തെ കർണ്ണാനന്ദകരമായ വാക്യം തന്നെയാണു് നാം എന്നെന്നും കുമ്പസാരക്കാരനിൽനിന്നും ശ്രവിക്കുന്നതും. അവിടുന്നു് ഏതു ഉദ്ദേശത്തോടെ അതു പറഞ്ഞുവോ ആ ഉദ്ദേശത്തിൽ കത്തോലിക്കാ ലോകം മുഴുവനും അതു മനസ്സിലാക്കുന്നു, വിശ്വസിക്കുന്നു.

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നൽകുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ചഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

## വേർപാട്

പ്രിയ കുട്ടികളേ,

ഈശോ വരുന്നു; യോഗ്യമായി അവിടുത്തെ സ്വീകരിക്കുക—ഇത്രയേ ഉള്ളു യോഹന്നാന്റെ പ്രസംഗത്തിന്റെ ചുരുക്കം. അതു ജനങ്ങളുടെ ചിന്തയ്ക്കു് കിക്കിളികൂട്ടി. അവരുടെ ആഗ്രഹം ആളിക്കത്തി ഈശോയെ ഒരു നോക്കുകാണുവാൻ. എവിടെനിന്നുവരും? എങ്ങനെ വരും? സ്വഭാവം എന്തായിരിക്കും? എന്തെല്ലാം പ്രവർത്തിക്കും? ഇങ്ങനെ ഒരു നൂറായിരം കാര്യങ്ങൾ അവർ അന്വേഷിച്ചു. നസ്രസിലെ ആളുകളിൽ പലരും ഈശോയുടെ പണിപ്പുരയിൽ പോകാറുണ്ടു്. യോഹന്നാന്റെ പ്രസംഗവിഷയം ഈശോയോടു് പറയാറുണ്ടു്. ഈശോയെക്കുറിച്ചു് അവിടുത്തോടുതന്നെ പലതും ചോദിക്കാറുണ്ടു്. ഈശോ അതെല്ലാം സശ്രദ്ധം കേൾക്കും. സംക്ഷിപ്തമായ മറുപടി നല്കുകയുംചെയ്യും. എന്നാൽ, ഈശോയോടാണു് തങ്ങൾ സംസാരിക്കുന്നതെന്നു് അപ്പോൾ അവർ അറിഞ്ഞില്ല. പ. കുർബാനയിലെ ഈശോയെ നാം വേണ്ടവിധം അറിയാത്തതുപോലെതന്നെ.

എന്നും നിഗൂഢജീവിതം കഴിക്കാനല്ല അവിടുന്നു് അവതരിച്ചതു്. പന്ത്രണ്ടാമത്തെ വയസ്സിൽതന്നെ പ്രഖ്യാപിച്ചതു് ഓർക്കുക. “നിങ്ങൾ എന്നെ അന്വേഷിച്ചതു് എന്തിനു്? എന്റെ പിതാവിന്റെ വേലയ്ക്കായി ഞാൻ പോകണമെന്നു് നിങ്ങൾക്കറിഞ്ഞുകൂടേ?” പിതാവിന്റെ വേലയ്ക്കു പോകുക. അതായതു് അവതാരത്തിന്റെ ഉദ്ദേശ്യങ്ങൾ രണ്ടും നിർവ്വഹിക്കുക. അതിനു സ കുടുംബത്തിൽനിന്നും നസ്രസിൽനിന്നും വേർപിരിയേണ്ടിയിരുന്നു.

അതു സങ്കടകരമാണു്. പത്തിരുപത്തഞ്ചുകൊല്ലത്തോളം തനിക്കഭയംനൽകിയ നസ്രസിനോടു്, സുന്ദരവും സുഖവാസയോഗ്യവും ആയ ആ ചെറുഗ്രാമത്തിലെ സൈര്യജീവിതത്തോടു യാത്ര പറഞ്ഞുപിരിയണം. ബന്ധുമിത്രങ്ങളെ പിന്നിടണം. ഭവനത്തേയും പണിപ്പുരയേയും ഉപേക്ഷിക്കണം. ഈ യാത്രപറച്ചിൽ വേദനാജനകമായിരുന്നു മാനുഷികവും നിർമ്മലവും ആയ സ്നേഹാദിവികാരങ്ങൾക്കു് വശംവദനായ ഈശോയ്ക്കു്. എങ്കിലും ഇതെല്ലാം സഹിക്കാം. ഒന്നു തീരെ അസഹനീയംതന്നെ. മർമ്മഭേദകംതന്നെ.

അതു് എന്തെന്നു മനസ്സിലായോ? തന്റെ പ്രിയപ്പെട്ട അമ്മയിൽനിന്നകന്നു ജീവിക്കുക. അമ്മയ്ക്കും അതു കഠിനവേദനയ്ക്കു കാരണമാണു്. കുറച്ചുനാൾ മുൻപത്രെ, വേറൊരു വിരഹംനിമിത്തം അവർ ഇരുവരും ദുഃഖാർത്തരായതു്—വിശുദ്ധ യൗസേപ്പിന്റെ മരണം. ഈശോയ്ക്കു് സ്നേഹംനിറഞ്ഞ പിതാവു്, മറിയത്തിനു സ്നേഹംനിറഞ്ഞ ഭർത്താവു്, തിരുക്കുടുംബത്തിനു സ്നേഹംനിറഞ്ഞ സംരക്ഷകൻ—അതുല്യമായ പുണ്യപരിമളം ഏററം നിഗൂഢമായി മറച്ചുവെച്ചു് ജീവിച്ച ആ നീതിമാന്റെ മരണം ഹാ, ഈശോയും മറിയവും എത്രമാത്രം വിലപിച്ചു!

ആ ശോകാത്മകരംഗം മറക്കാൻ കാലമായില്ല. അപ്പോഴാണു് ക്ലേശങ്ങളും അപമാനങ്ങളും പീഡനങ്ങളും തുളുമ്പുന്ന ഒരു ജീവിതരംഗത്തിലേക്കു് ഈശോ കച്ചകെട്ടിയിറങ്ങുന്നതു്. അതു ദൈവഹിതം. സംശയമില്ല. മാററിവയ്ക്കാൻവയ്യ. ചുമതലയാണു്. സന്തോഷത്തോടും എളിമയോടുംകൂടെ ഈ മഹാത്യാഗം അനുഷ്ഠിക്കാൻ അവർ സന്നദ്ധരായിരുന്നു. എന്നാൽ അതിനുള്ള സമയംവന്നപ്പോൾ മാനുഷികമായ വിചാരവികാരങ്ങൾ അവരുടെ നിർമ്മലമായ ഹൃദയത്തെ ഒന്നാഞ്ഞുലച്ചു. പക്ഷേ, ദൈവികമായ തിരുമാനം കൃത്യനിർവ്വഹണത്തിനു് അവരെ നിഷ്പ്രയാസം ശക്തരാക്കി. അനുവാദത്തിനായി മകൻ അമ്മയുടെ മുമ്പിൽ മുട്ടുമടക്കി. വിധവയായ അമ്മയെ ഒന്നുനോക്കി. അമ്മ തന്റെ ഏകമകനേയും. സാധുവിധവയും ഏകമകനും!

അവർ കരഞ്ഞു! അവരുടെ കണ്ണീർകണങ്ങൾ മാതാപിതാക്കന്മാരും മക്കളും തമ്മിലുള്ള ബന്ധത്തെ പവിത്രീകരിച്ചു കാണും.


ഈ വേർപാടു് എന്തിനു? ഈശോയ്ക്കു് വീട്ടിൽ താമസിച്ചുകൊണ്ടു് ദൈവരാജ്യത്തെപ്പററി പ്രസംഗിക്കാൻ പാടില്ലായിരുന്നോ? ആകുമായിരുന്നു. എന്നാൽ പ്രേഷിതവേലയ്ക്കു്, കുടുംബജീവിതത്തിൽനിന്നും ജഡികബന്ധങ്ങളിൽനിന്നും മോചനം ആവശ്യമാണു്, ത്യാഗത്തിന്റെ പുണ്യതയ്ക്കു്, പ്രവർത്തനത്തിന്റെ സ്വാതന്ത്ര്യത്തിനു്, അദ്ധ്വാനത്തിന്റെ കഴിവുകൾക്കു്. ഈശോ പിന്നീടു് ഇതുദൃഷ്ടാന്തം സ്വശിഷ്യരിൽനിന്നും ആവശ്യപ്പെടുകയുണ്ടായി: “നിങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിക്കാത്തപക്ഷം എന്റെ ശിഷ്യരായിരിക്കുവാൻ സാധിക്കയില്ല.” പ്രവർത്തിച്ചു കാണിച്ചുകൊടുക്കുന്ന ഗുരുവിന്റെ പ്രസംഗം. ഈ പൊരുത്തത്തിന്റെ ശക്തിയാൽ കോടിക്കണക്കിനാണു് ആളുകൾ തന്നിലേക്കാകർഷിക്കപ്പെടുന്നതു്.

പ്രിയ കുട്ടികളേ, ഈശോയെ അനുഗമിക്കാൻ, സ്നേഹിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അതിനാവശ്യമായിടത്തോളം മററുള്ളവരിൽനിന്നും ഈലോ

# "Monotype" Series No. 169
## (BASKER VILLE)

പത്തു ശതമാനം കമ്മീഷൻവച്ച് മെററൽ തരുന്നപക്ഷം റാത്തലിന് ഒരു രൂപ വാർപ്പുകൂലി വെച്ച് 6മുതൽ 48വരെ പോയിൻറിലുള്ള ഇംഗ്ലീഷ് അക്ഷരങ്ങൾ ഞങ്ങളുടെ "മോണോടൈപ്പുമെഷീനി"ൽ വാർത്തുതരുവാൻ തയ്യാർ.

SUPERINTENDENT
St. Joseph's Press, Mannanam


(ശിവറാം)

നൂറുനൂറു മധുരസ്വപ്നങ്ങളോടെയാണ് ഷഷ്ടിപൂർത്തികഴിഞ്ഞ ഔസേപ്പപ്പാപ്പൻ മകളെ കെട്ടിച്ചിരിക്കുന്ന ദിക്കിലേക്ക് തിരിച്ചിരിക്കുന്നതു്. പൊന്നിൻ ചിങ്ങം പിറന്നതോടെ കാലം കഷ്ടമെങ്കിലും പ്രകൃതിയുടെ മന്ദഹാസത്തിനു കുറവുകണ്ടില്ല. വഴിനീളെ കദളിപ്പൂക്കളും ചെത്തി, ചെമ്പരത്തികളും കുലുങ്ങിച്ചിരിച്ചുകൊണ്ടു നിന്നിരുന്നു.

സന്ധ്യകഴിഞ്ഞപ്പോൾ കിഴവൻ ഒരു വലിയ പൊതി ബിസ്കററുമായി ആ കൊച്ചുവീട്ടിലെ കോലായിലേക്ക് കേറിച്ചെന്നു. കുഞ്ഞുമോനും ചില്ലിക്കുട്ടിയും തങ്കമ്മയും അപ്പാപ്പന്റെ തലവരെ കുതിച്ചുകയറി. ബിസ്കററുകൂടി കിട്ടിയപ്പോൾ അവക്കൊരുമിച്ച് അപ്പാപ്പനോടു കൂടി തിന്നാനുള്ള സന്തോഷം തോന്നി. ജോർജ്ജും മേരിയും അവരുടെ കുഞ്ഞുമക്കൾ അവരുടെ അപ്പാപ്പനെ സ്വീകരിക്കുന്ന വിധംകണ്ടു മതിമറന്നങ്ങനെ നില്ക്കയാണ്. അതെ, ഔസേപ്പച്ചൻ അദ്ദേഹത്തിന്റെ മകളെ അവൾക്കെല്ലാംകൊണ്ടും അനുരൂപനായ ജോർജിനുതന്നെ കല്യാണംകഴിച്ചുകൊടുത്തതിൽ അഭിമാനംകൊണ്ടു. വൃദ്ധൻ കസേരയിലങ്ങനെ തലയുയർത്തി ഇരിക്കുന്ന ഇരുപ്പു കണ്ടാൽ അദ്ദേഹം വാസ്തവത്തിൽ ആഹ്ളാദത്താൽ മതിമറന്നിരിക്കയാണോ എന്നു സംശയിക്കും.

പിറേറന്നു ജോർജിന്റെ അമ്മാമ്മയുടെ ശ്രാദ്ധമാണ്. കാലസ്ഥിതിയും കുടുംബമഹിമയും അനുസരിച്ച് അടിയന്തിരം കഴിച്ചുകൂട്ടുന്നതിനു വേണ്ടതൊക്കെ ആ വീട്ടിൽ സംഭരിച്ചിരുന്നു.

അത്താഴമുണ്ടുംകഴിഞ്ഞു് അധികനേരം ആ കുടുംബം ഉറക്കമിളച്ചിരുന്നു വർത്തമാനങ്ങൾ പറഞ്ഞു. പിറേറന്ന് ഒരടിയന്തിരദിവസമായിരുന്നതിനാൽ ബന്ധുക്കളിൽ നാലഞ്ചുപേർ നേരത്തെ എത്തിയിരുന്നു. ഉണ്ടായിരുന്ന പായ്കളും തലയിണകളും വേണ്ടവിധം ഓരോ സ്ഥാനങ്ങളിൽ വിരിച്ചു ശരിപ്പെടുത്തി. അതിഥികളെ സൽക്കരിക്കുന്നതിൽ ജോർജ്ജും മേരിയും ശ്രദ്ധിച്ചുകൊണ്ടിരുന്നു.

മേരിയുടെ അപ്പനു് കലവറമുറിയുടെ വടക്കേ ചുവരു ചേർത്താണ് കിടക്ക വിരിച്ചതു്. വൃദ്ധൻ മുറുക്കും കഴിഞ്ഞു് കിടക്കാൻപോയി. വിളക്കണച്ചു. ഒരു കൂർക്കംവലിയുടെ ശബ്ദം ക്രമേണ ഉയർന്നുയർന്നു് ആ വീടിന്റെ അന്തരീക്ഷത്തെ വിറപ്പിച്ചുകൊണ്ടിരുന്നു.

"അയ്യോ! ജോർജുട്ടീ, മേരീ! ഹോ! വിളക്കുകൊണ്ടുവാ. എന്റെ മുഖം മുഴുവൻ മുറിഞ്ഞെടീ, ഹാവൂ—വേദം—" വൃദ്ധൻ സങ്കടത്തോടെ മുറവിളിക്കുന്ന ശബ്ദംകേട്ട് ആ വീട്ട് ഞെട്ടിയുണർന്നു. വിളക്കുമായി കലവറമുറിയിൽ കയറിച്ചെന്ന ആ ദമ്പതിമാർ കണ്ടതു് വൃദ്ധന്റെ കവിളിലും നെററിയിലുംകൂടി ചോര ഒലിക്കുന്നതാണ്. നിലത്തു് അങ്ങിങ്ങായി കുപ്പി പൊട്ടിയ കഷണങ്ങൾ ചിതറിക്കിടക്കുന്നു. കിടക്ക മുഴുവൻ തേൻകൊണ്ടു നനഞ്ഞിരുന്നു.

വിളക്കുയർത്തി മേലോട്ടു നോക്കി. ചുവരിൽ ചേർത്തു തറച്ചിരുന്ന പലകയും ഒരു താനും കുപ്പികളും സുരക്ഷിതമായി അവിടിരുപ്പുണ്ട്. "അതെ അപ്പാ! ഇവിടെ എലിയെക്കൊണ്ടു തോററു. അതാ കുപ്പികിടയിൽക്കൂടി ചാടുമെന്നും അപ്പന്റെ തലയിൽത്തന്നെ തേൻകുപ്പി മറിഞ്ഞു വീഴുമെന്നും ഞങ്ങളാരും അറിഞ്ഞിരുന്നില്ല."

പതുക്കെ ഔസേപ്പച്ചന്റെ മുഖം ജോർജ്ജു പരിശോധിച്ച് മുറിവുകൾ കണ്ടുപിടിച്ചു. മരുന്നുവെച്ചുകെട്ടി. ഈയവസരത്തിൽ വൃദ്ധൻ വെറുതെയിരുന്നില്ല. അദ്ദേഹം ആ യുവദമ്പതികളോടു പറഞ്ഞു: ഒരു വീട്ടിലെ കാരണവരായിരിക്കുന്ന ജോർജിനു് അവിടെ ഉണ്ടാകാവുന്ന അപകടങ്ങളെ തടയാൻ കഴികയില്ലെന്നുള്ളതു് വളരെ ശോചനീയമായിരിക്കുന്നു. തട്ടിന്റെമുകളിൽ കുപ്പികളും ഗ്ലാസുകളും മറയില്ലാതെ വെച്ചിരിക്കുന്നതു് എത്രയോ അവിവേകമാണ്! കുട്ടികൾക്ക് എത്താത്ത സ്ഥലം നോക്കി വയ്ക്കണം എന്നതുപോലെതന്നെ അവ മറിഞ്ഞുവീഴാത്തതരത്തിലും വയ്ക്കേണ്ടതാണെന്നു മനസ്സിലാക്കണം. വീട്ടിൽ വേണ്ട മററു് അത്യാവശ്യകാര്യങ്ങൾ പലതുമുള്ളപ്പോൾ അപകടമുണ്ടാവാതെ നോക്കാനും മററും അവസരമില്ലെന്നായിരിക്കും നിങ്ങളുടെ വാദം. വേറെ ചിലർ എന്തെങ്കിലും വന്നാൽ അതു് ദൈവം വരുത്തിയതാ എന്നും പറഞ്ഞ് യാതൊരപരാധവും ചെയ്യാത്ത അവിടുത്തെ കുററപ്പെടുത്തുന്നതും കേൾക്കാം. നിങ്ങൾ അല്പം ബോധമുള്ളവരായിരുന്നെങ്കിൽ ശ്രാദ്ധത്തിനു വന്ന എന്റെ മുഖം ഇങ്ങനെ മുറിച്ച് എന്നെ വേദന തിറോണ്ടിവരുമായിരുന്നോ മക്കളേ!

ഈ സമയം മേരി അപ്പന്റെ കിടക്കസ്സരികിൽ കിടന്ന കുപ്പിച്ചില്ലുകൾ തൂത്തുവാരുകയായിരുന്നു. അല്പം കഴിഞ്ഞപ്പോഴേണ്ടു് മേരിയുടെ കൈയിൽനിന്നും ചോര ധാരയായി ഒഴുകുന്നു. "എടീ പെണ്ണേ! നീ പിന്നെയും ആപത്തുവരുത്തിവയ്ക്കുന്നോ? കുപ്പിച്ചില്ലുകൾ ഒരിക്കലും വെറുംകൈകൊണ്ടു തൂത്തുവാരരുതു്. ഒരു തുണിക്കഷണമോ ബ്രഷോ ഉപയോഗിച്ച് കടലാസിലേക്കോ മുറത്തിലേക്കോ പാളക്കഷണത്തിലേക്കോ തുടച്ചു കയറി ദൂരെ കൊണ്ടുപോയി കുഴിച്ചുമൂടുകയോ ഒഴിഞ്ഞ വല്ല പെട്ടികളിലോ മററോ ഇട്ടുകയോ ചെയ്യേണ്ടതാണ്."

അങ്ങനെ വിദ്യാസമ്പന്നരെങ്കിലും സൂക്ഷ്മക്കുറവുണ്ടായിരുന്ന ആ ദമ്പതികൾ അവരുടെ അമ്മാമ്മയുടെ ശ്രാദ്ധദിവസം ആരംഭിച്ചതു് രണ്ടു് അപകടങ്ങളോടെയാണ്.

ഇങ്ങനെ എല്ലാ വീട്ടിലും ഉണ്ടാകുമെന്നു് പ്രതീക്ഷിക്കേണ്ട. പക്ഷേ, ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ അത്യാഹിതങ്ങൾ വീടുകളിൽ സംഭവിച്ചേക്കാം. പാകാവന്ന പഴയ അമ്മാമ്മമാരും അപ്പാപ്പന്മാരും അപകടങ്ങൾ തടയണമെന്നുംമററും പറഞ്ഞാൽ, പറയുന്നവരെ പരിഹസിക്കയേയുള്ളു, സാധാരണയായി. അത്തരക്കാർ നമ്മുടെ ഔസേപ്പച്ചന്റെ മുഖത്തൊന്നു നോക്കിയാൽമതി. എന്നെങ്കിലും നമുക്കൊക്കെ മരിക്കണം. പക്ഷെ ഒടിഞ്ഞുഞെരിഞ്ഞോ തലയിൽ തേങ്ങാവീണോ ബസ്സിന്റെ അടിയിൽ പോയോ തട്ടിൻപുറത്തുനിന്നു മുഖംകുത്തി വീണോ, തെങ്ങിന്റെ മണ്ടയിൽനിന്നു ഉച്ചികുത്തിവീണോ, കിണററിൽ പോയോ, അറിയാതെ, തേളു ചാടിച്ചത്ത ചോറുതിന്നോ, മീന്റെ മുള്ളു തൊണ്ടയിൽ തറച്ചോ മരിക്കണമെന്നുണ്ടോ?

എപ്പോഴും ഉണർവ്വോടെ പെരുമാറുക. അപകടങ്ങൾ നമ്മിൽനിന്നും വളരെ അകന്നുനിന്നുകൊള്ളും. വീടും പരിസരങ്ങളും എപ്പോഴും വൃത്തിയായിരിക്കട്ടെ. പഴുതാരയ്ക്കും അരണയ്ക്കും തേളിനും സ്വൈരമായിപാർക്കാൻ നമ്മുടെവീട്ടുമൂലകളിൽ ഇടകൊടുക്കരുതു്. അവ നമ്മുടെ കുഞ്ഞുങ്ങളെ നിർദ്ദയം പിടിച്ചു കടിച്ചുകളയും. തേങ്ങാപ്പൂളും മഞ്ഞളും പഴുത്ത കല്പങ്ങളായുംമററും തിന്നാലൊന്നും കടിയുടെ വേദന പോകയില്ല.

എട്ടുകാലി അടുക്കളയ്ക്കകത്തു് ചോററിൻകലത്തിനു മുകളിലായിരിക്കും അതിന്റെ വലയും മുട്ടയുമായി താമസിക്കുക. അമ്മാമ്മ ചോറടച്ചുവെന്നു വരികയില്ല. അനേകായിരം എട്ടുകാലിക്കുഞ്ഞുങ്ങൾ ചോററിൽ ചാടിയേക്കാം. ആരും അതറിയാതെ വയറുനിറയെ കഴിച്ചെന്നും അവരൊക്കെ ആരോടും യാത്ര പറയാതെതന്നെ കൊറിയാക്കാരുടെപിറകെ പോയെന്നും ഒക്കെ വരാം. അതുകൊണ്ടു് ആഹാരസാധനങ്ങൾ അടച്ചുവയ്ക്കാതെ ഇരിക്കുന്നതും വലിയ ഒരു തെററുതന്നെയാണ്.

വീട്ടിൽ ഉപ്പില്ല, മുളകില്ല, അരിയില്ല. വിറകില്ല എന്നു മുറവിളിക്കുന്ന അമ്മമാർ, അവരുടെ വീട്ടിലുള്ള അംഗങ്ങളുടെ സുരക്ഷിതമായ ജീവിതത്തിനു ഹാനികരമായിരിക്കുന്നതു് എന്താണെന്നുകൂടി നോക്കിയാൽ കൊള്ളാം. (തുടരും)



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ കുട്ടിയുടെ സുഖക്കേടു് അത്ഭുതകരമായവിധത്തിൽ മാറിയതിനു കൃതജ്ഞത.

T. A. George, Edathiruthy



"അതു കുപ്പീകിടയിൽക്കൂടി ചാടുമെന്നും അപ്പന്റെ തലയിൽത്തന്നെ തേൻകുപ്പി മറിഞ്ഞുവീഴുമെന്നും ഞങ്ങളാരും അറിഞ്ഞിരുന്നില്ല."

---

...കവസ്തുക്കളിൽനിന്നും വേർപെട്ടുജീവിക്കണം. ജീവിച്ചുതഴങ്ങണം, നാടകത്തിനു് അഭിനയിച്ചുപഠിക്കുന്നതുപോലെ. വലിയവരാകുമ്പോൾ ഒരുപക്ഷേ, വലിയ വേർപാടുതന്നെ ഈശോ നിങ്ങളിൽനിന്നു ആവശ്യപ്പെട്ടേക്കാം. നാം കണ്ടതുപോലെ വേർപാട് എപ്പോഴും വ്യഥാകാരണമാകും. ധീരതയോടെ മുമ്പോട്ടു പോകണമെങ്കിൽ കുറച്ചേയായി നാം അഭ്യസിച്ചു ശീലിക്കണം. ആദ്യമായി പാപത്തിനു കാരണമാകുന്ന കൂട്ടുകാരിൽനിന്നും ഓടിഅകലുക. കള്ളംപറയാൻ, ചീത്തചെയ്യാൻ, പള്ളിയകത്തു കളിക്കാൻ ഇങ്ങനെ ഓരോ പാപം ചെയ്യാൻ കാരണമാകുന്ന കൂട്ടുകാർ ആരായാലും വേണ്ടില്ല, അവരെ ഉപേക്ഷിക്കുക. രണ്ടാമതായി നല്ലപ്രവൃത്തികൾ ചെയ്യാൻ അനുവദിക്കാത്തവരേയും വർജ്ജിക്കണം. ഞായറാഴ്ചദിവസങ്ങളിൽ കുർബാനകാണുക, വേദോപദേശത്തിനുപോകുക. ഇതൊക്കെ മുടക്കാൻ ചിലർ ശ്രമിക്കും. അവരുടെ ഉപദേശങ്ങൾ കേൾക്കരുതു്. ഇത്തരം ചെറിയ വേർപാടുകൾ സഹിക്കാൻ ഇപ്പോൾ ശീലിക്കുന്നപക്ഷം, ഏതു് ജീവിതാന്തസ്സിൽ പ്രവേശിച്ചാലും അതിൽ വിശ്വസ്തതയോടെനിന്നു് ഈശോയെ തൃപ്തിപ്പെടുത്താൻ നിങ്ങൾക്കു സാധിക്കും. എന്നു് സ്വ. കൊച്ചച്ചൻ

## ഗൃഹപാഠം

യോഹന്നാന്റെ മാമ്മോദീസായും ക്രിസ്തീയ മാമ്മോദീസായും തമ്മിലുള്ള വ്യത്യാസമെന്തു?

(കഴിഞ്ഞ പ്രാവശ്യത്തെയും ഈ പ്രാവശ്യത്തേയും ഗൃഹപാഠങ്ങളുടെ ഉത്തരം അടുത്ത ലക്കത്തിൽ)


ഡെപ്പോസിററുകൾ
2 കൊല്ലം കാലാവധി, മാസത്തിൽ
100 ക്ക് 6 ണ. പലിശയും
ബാങ്ക് ഓഫ് കൊച്ചിൻ
ക്ലിപ്തം, എറണാകുളം
ബ്രാഞ്ചുകൾ:
മട്ടാഞ്ചേരി, വില്ലിംഗ്ഡൺ ഐലൻറു്, ചാലക്കുടി, തൃശ്ശൂർ


## കത്തോ:മാതൃക സിലോൺ ഗവർമ്മെൻറിനു്

സിലോൺ ഗവർണ്ണർ സർ ഓലിവർ ഗൂഡ്തിലക് ഈയിടെ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "നിയമവും ക്രമവും പാലിക്കുന്നതിൽ റോമൻകത്തോലിക്കാസഭയെക്കാൾ നിഷ്ഠയുള്ള വേറൊരു സ്ഥാപനവുമില്ല. ഒരുത്തമഭരണകൂടത്തിനത്യന്താപേക്ഷിതമായ ഈ സ്ഥിരനിഷ്ഠയുടെ മാതൃക എന്റെ ഗവമ്മെൻറും പ്രധാനമന്ത്രിയും കത്തോലിക്കാസഭയിൽനിന്നാണ് സ്വീകരിക്കുന്നതു്. രാജ്യത്തെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു് റോമൻകത്തോലിക്കർ നൽകിക്കൊണ്ടിരിക്കുന്ന സഹായസഹകരണങ്ങൾക്കും അവരെ അഭിനന്ദിക്കുവാൻ ഞാനാഗ്രഹിക്കുന്നു." സിലോണിൽ കത്തോലിക്കരുടെ വകയായി 700-ഓളം വിദ്യാലയങ്ങളുണ്ടെന്നുള്ള കാര്യം സ്മർത്തവ്യമത്രെ.

പ്രഹസനം

# നെപ്പോളിയൻെറമാനസാന്തരം

(പെരുന്നയിൽ കെ. എ. സെബാസ്റ്റ്യൻ)

1-ാം രംഗം

(നെപ്പോളിയൻെറ പ്രഥമഭാര്യ ജോസഫൈൻ തിരുഹൃദയരൂപത്തിൻെറ മുൻപാകെ മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുന്നു.)

ജോസ: ലോകോദ്ധാരണാർത്ഥം ഏറെയേറെ ദുഃഖമേററ എൻെറ അത്മരക്ഷകാ, കാരുണ്യവാരിധിയായ അവിടുന്നെങ്കിലും ഈ ദാസിയെ കൈവെടിയരുതേ! എൻെറ കാണപ്പെട്ട ദൈവമായി, ഹൃദയാകാശത്തിലെ പൂർത്തിങ്കളായി കരുതിയിരുന്ന പ്രാണനാഥൻ ഇതാ എന്നെ പരിത്യജിക്കാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഫ്രാൻസിൻെറ രക്ഷയ്ക്കു ഈ മഹാപാതകം ചെയ്കയല്ലാതെ ഇതരമാർഗ്ഗങ്ങളൊന്നുമില്ലെന്നു് അദ്ദേഹം കരുതുന്നു. എന്തുചെയ്യാം! എൻെറ വിധി ഇങ്ങനെ ആയിരിക്കാം.

(ഗീതം ഭൂമിയിൽമാനിട—ഏ. മ)

ഹാ! എൻെറ ജീവനാം ജീവേശൻ എന്നെയി-
ന്നാകുലസിന്ധുവിൽ തള്ളിടുന്നോ?
ഞാനെന്തുകല്മഷം ചെയ്തുപോയ് ദൈവമേ!
നൂനം നിൻ പാദമെന്നാശ്രയം മേൽ
വിശ്വത്തിൻ കീർത്തി പ്രതാപങ്ങളെ ഇമേ
വിശ്വസിച്ചിട്ടു പാൻ ആവതല്ല.
വിശ്രുതിയേറിയ റാണിയായ് വാണ ഞാൻ
നശ്വരതയ്ക്കൊരു മാതൃകയായ്.
ഏശുവേ! നിൻ തിരുപാദമൊഴിഞ്ഞെരു
കാശ്വാസം ഭൂമിയിലേതുമില്ല. [നി
ക്ലേശവിനാശകാ ശാശ്വതാ ദൈവമേ!
ആശ്വാസമിന്നെനിക്കേകിടുക.

(എഴുന്നേററു കരഞ്ഞുകൊണ്ടുപോകുന്നു.)

2-ാം രംഗം

(നെപ്പോളിയനും ഒരു വൈദികനും)

വൈദി: അപ്പോൾ, താങ്കൾ ധർമ്മപത്നിയെ ഉപേക്ഷിക്കാൻതന്നെ തീർച്ചപ്പെടുത്തിയോ?

നെപ്പോ: അല്ലാതെ പിന്നെ എന്തു ചെയ്യുന്നു? ചുററുപാടുകളുടെ പരമാർത്ഥം അങ്ങേക്കും അറിയാവുന്നതാണല്ലോ.

വൈദി: കാര്യമൊക്കെശരി. ദൈവം കൂട്ടിച്ചേർത്തതിനെ വേർപെടുത്താൻ മനുഷ്യനു അധികാരമില്ല. ദൈവം സാക്ഷിയായി പാണിഗ്രഹണംചെയ്ത ആ സൽഗുണസമ്പൂർണ്ണയെ ഉപേക്ഷിച്ചു മറെറാരുത്തിയെ വിവാഹം ചെയ്യാൻ സഭ അനുവദിക്കുമെന്നാണോ വിചാരിക്കുന്നതു്?

നെപ്പോ: ഹെൻട്രി എട്ടാമൻെറ ചരിത്രം അറിയാവുന്ന എന്നോടു് ആ കാര്യം ചോദിക്കണമെന്നില്ല. ആസ്ത്രിയാ ചക്രവർത്തിയോടു ഞാൻ 16 പ്രാവശ്യം യുദ്ധം ചെയ്തു. എല്ലാ പ്രാവശ്യവും ഞാൻതന്നെ വിജയിയായി. നാലുപ്രാവശ്യം അവരുമായി സഖ്യം നടത്തി. പക്ഷേ—ഇപ്പോഴും അവർ എന്നെ എതിർക്കുന്നു. അതിനാൽ അവരുമായി ഒരു സ്ഥിരബന്ധം ഉണ്ടാക്കുവാൻ ആസ്ത്രിയാ രാജകുമാരിയെ വിവാഹം ചെയ്കയല്ലാതെ വേറെ മാർഗ്ഗമൊന്നും കാണുന്നില്ല. മാത്രമല്ല, എൻെറ കാലശേഷം ഫ്രാൻസുസാമ്രാജ്യത്തെ ഭരിക്കുന്നതിനു ജോസഫൈനിൽനിന്നും ഒരു കുട്ടി ഉണ്ടാകുമെന്നു എനിക്കു ആശയുമില്ല.

വൈദി: ആ രാജകുമാരിയെ വിവാഹം ചെയ്താൽതന്നെയും ആസ്ത്രിയാ ചക്രവർത്തിയുടെ സ്നേഹം സമ്പാദിക്കാമെന്നു വിചാരിക്കേണ്ട.

നെപ്പോ: ജോസഫൈനെ ഉപേക്ഷിച്ചു് ആസ്ത്രിയാരാജകുമാരിയെ വിവാഹം ചെയ്താൽ കാര്യങ്ങളെല്ലാം നേരെയാകുമെന്നാണു് മന്ത്രിസഭയുടെ അഭിപ്രായം.

വൈദി: അനീതിയും അക്രമവുംകൊണ്ടു സമ്പാദിക്കുന്ന ഐശ്വര്യം ശാശ്വതമായിരിക്കുമെന്നാണോ വിചാരിക്കുന്നതു? ലോകം മുഴുവനും നേടിയാലും തൻെറ ആത്മാവു നശിച്ചാൽപിന്നെ എന്താണു പ്രയോജനം? ജോസഫൈനെ ഉപേക്ഷിച്ചാൽ താങ്കൾക്കു ദൈവശാപമുണ്ടാകും. അതു ഫ്രാൻസുസാമ്രാജ്യത്തിൻെറ അധഃപതനത്തിനു കാരണവും ആയിരിക്കും. ഇതിൽ കൂടുതൽ എനിക്കൊന്നും പറയാനില്ല. (പോകുന്നു)

(നെപ്പോളിയൻ ചിന്താമഗ്നനായി സ്ഥിതിചെയ്യുന്നു. ജോസഫൈൻ, അവരുടെ ആദ്യവിവാഹത്തിലെ മക്കളായ യൂജൻ, ഹാർട്ടിൻ എന്നിവർ പ്രവേശിക്കുന്നു.)

ജോസ: നാഥാ! അവിടുന്നെന്താണു ചിന്താമഗ്നനായി സ്ഥിതിചെയ്യുന്നതു്?

നെപ്പോ: ജീവേശ്വരി! എൻെറ ഓമനേ! ഞാൻ ധർമ്മസങ്കടത്തിലായി.

ജോസ: എന്തായാലും എന്നോടു പറയരുതേ?

നെപ്പോ: (ദീർഘശ്വാസത്തോടുകൂടി) എൻെറ ജീവിതസർവ്വസ്വമേ! നിന്നെ ഉപേക്ഷിച്ചു ആസ്ത്രിയാരാജകുമാരിയെ വിവാഹം ചെയ്യണമെന്നു മന്ത്രിസഭ എന്നെ നിർബന്ധിക്കുന്നു.

ജോസ: അവിടുന്നു് എന്നെ ഉപേക്ഷിക്കയോ? നാഥാ! ഞാൻ എന്തു പിഴയാണു ചെയ്തതു്?

നെപ്പോ: എൻെറ ജീവേശ്വരി! നീ പിഴചെയ്തയോ? സൽഗുണസാരസമ്പൂർണ്ണയായ എൻെറ ഓമന പിഴചെയ്തയോ? (കരയുന്നു.)

ജോസ: എന്തു്! അവിടുന്നു കരയുന്നോ? ഘോരാപത്തുകൾ കൂട്ടംകൂട്ടമായി വലയംചെയ്ത അവസരങ്ങളിൽപ്പോലും ഒരുതുള്ളി കണ്ണുനീർ പൊഴിച്ചിട്ടില്ലാത്ത നെപ്പോളിയൻ കരയുകയോ? എന്തായാലും അവിടുന്നു സമാധാനമായിരിക്കുക.

നെപ്പോ: ജീവേശ്വരി! നീ പരിപാവനയാണെന്നെനിക്കറിയാം. ഞാൻ ആരെയെല്ലാം വിവാഹം ചെയ്താലും എൻെറ ഹൃദയം നിന്നിൽ ലയിച്ചുപോയി. അതിനെ വേർപെടുത്താൻ ഈ ലോകത്തിൽ ആർക്കും ശക്തിയില്ല. പക്ഷേ, ഫ്രാൻസുരാജ്യത്തിൻെറ ക്ഷേമത്തിനുവേണ്ടി എൻെറ ജീവനായികയായ നിന്നെ വിവാഹബന്ധത്തിൽനിന്നും വിമുക്തയാക്കേണ്ടിയിരിക്കുന്നു.

ജോസ: ഹാ! ദൈവമേ! (ബോധരഹിതയാകുന്നു. നെപ്പോളിയൻ പരിചരിക്കുന്നു. ബോധം തെളിയുന്നു.)

നെപ്പോ: യൂജൻ! അമ്മയെ ആശ്വസിപ്പിക്കുക.

യൂജൻ: പ്രഭോ, ഞാൻ അതിനു അശക്തനാണു് (യൂജനും ഹാർട്ടിനും കരയുന്നു)

നെപ്പോ: അല്ല! നിങ്ങളും കരയുകയാണോ? കുഞ്ഞുങ്ങളേ! ഈ അവസരത്തിൽ നിങ്ങൾകൂടി ഈപ്രകാരം അധൈര്യം പ്രകടിപ്പിക്കുന്നെങ്കിൽ അമ്മയുടെസ്ഥിതി എന്തായിരിക്കും? ആപത്തുസമയത്തു അധൈര്യം പ്രകടിപ്പിക്കുന്നവർ ഘോരസമരസമയത്തു സൈന്യങ്ങളെ നയിക്കുന്നതിനു പ്രാപ്തരാണോ?

യൂജൻ: താങ്കൾ എൻെറ പ്രിയമാതാവിനെ ഉപേക്ഷിക്കുന്നപക്ഷം ഞാൻ ഇനി താങ്കളുടെ കീഴിൽ ഉദ്യോഗംവഹിക്കുന്നതിനു ആഗ്രഹിക്കുന്നില്ല.

നെപ്പോ: മകനേ! നീയും ഈ അവസരത്തിൽ എന്നെ ഉപേക്ഷിക്കയാണോ?

യൂജൻ: അതേ എൻെറ പ്രിയജനനിയുടെ പദവിയും ഗൗരവവും മൃതപ്രായമായശേഷം ഞാൻ താങ്കളെ ആശ്രയിക്കുന്നതു ഉചിതമല്ല.

നെപ്പോ: കുമാരാ! ഫ്രാൻസിൻെറ ക്ഷേമത്തെ ഉദ്ദേശിച്ചാണു് ഞാൻ നിങ്ങളുടെ അമ്മയെ ഉപേക്ഷിക്കുന്നതു്. എന്നാൽ ഈയവസരത്തിൽ നിങ്ങൾകൂടി എന്നെവിട്ടുപേക്ഷിക്കുന്നെങ്കിൽ എൻെറ സ്ഥിതി എന്താകും?

ജോസ: മക്കളേ! നിങ്ങൾ ഇദ്ദേഹത്തെ വിട്ടുപിരിയേണ്ട. ഞാൻ മാത്രം എൻെറ വിധിയുടെ ഫലം അനുഭവിച്ചുകൊള്ളാം.

യൂജൻ: പ്രഭോ, താങ്കളുടെ പ്രവൃത്തി അനീതിയും അക്രമവുമാണു്. തിരുസഭയ്ക്കെതിരായി പ്രവർത്തിക്കുന്നവരുടെ അനുഭവം ലോകചരിത്രം മനസ്സിലാക്കിട്ടുള്ള അവിടുത്തോടു പറയണമെന്നില്ലല്ലോ. ഫ്രാൻസുസാമ്രാജ്യത്തിൻെറ അടിത്തറ തകർന്നുകഴിഞ്ഞിരിക്കുന്നു. അതിൻെറ നാശം അടുത്തിരിക്കുന്നു. താങ്കൾ താങ്കളുടെ ഈ പ്രവൃത്തിയെപ്പററി എണ്ണിയെണ്ണി കരയും. അമ്മേ വരൂ! നമുക്കുപോകാം.

ജോസ: നാഥാ! എന്നാൽ ഞാൻ പോകട്ടെ!

നെപ്പോ: ഹാ! എൻെറ ഓമനേ—

(കർട്ടൻ വീഴുന്നു)


## The Irish Christian Brothers

സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവരും മേൽപറഞ്ഞ സഭയിൽചേർന്നു് പുണ്യപരിപൂർണ്ണത പ്രാപിക്കുന്നതിനും കത്തോലിക്കാ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി സ്വജീവിതത്തെ സമർപ്പിക്കുന്നതിനും ആഗ്രഹിക്കുന്നവരുമായ യുവജനങ്ങൾ വിശദവിവരങ്ങൾക്കായി താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ അപേക്ഷിക്കുക.

The Rev. Bro. Superior,
Irish Christian Brothers, Quilon.


3-ാം രംഗം

മേരിയാലൂസിയും നെപ്പോളിയനും

നെപ്പോ: എൻെറ വീര്യവും പ്രതാപവും അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു എന്നാണു തോന്നുന്നതു്. ശത്രുക്കൾ നാലുവശത്തുംകൂടി ഇരമ്പി പാഞ്ഞടുത്തുവരുന്നു. സൈന്യാധിപന്മാർ കല്പനപോലും കേൾക്കുന്നില്ല. ഹാ! ഇനി എന്താണു ചെയ്യുക. ലൂസി, ഞാൻ ജോസഫൈനെ പരിത്യജിച്ചു് നിന്നെ വിവാഹംചെയ്തതു് നിൻെറ പിതാവിൻെറ മൈത്രി സമ്പാദിക്കുന്നതിനുവേണ്ടിയായിരുന്നു. പക്ഷേ—എൻെറ ആ ആശയും നിഷ്ഫലമായി എന്നാണു തോന്നുന്നതു്.

ലൂസി: നാഥാ! ഞാൻ ഇക്കാര്യത്തിൽ നിരപരാധിനിയാണെന്നു അവിടുത്തേക്കറിയാമല്ലോ.

നെപ്പോ: ഫ്രാൻസുരാജ്യത്തിൻെറ ഭാവിചക്രവർത്തിയായിത്തീരേണ്ട നമ്മുടെ ഓമനപുത്രനെ ഓർത്തിട്ടെങ്കിലും നിൻെറ പിതാവു ശത്രുപക്ഷത്തു ചേർന്നു നമുക്കെതിരായി യുദ്ധം ചെയ്യരുതെന്നു നീ ചെന്നു് അദ്ദേഹത്തോടു പറയണം.

ലൂസി: അവിടുത്തെ ഇഷ്ടംപോലെ ചെയ്യാം.

നെപ്പോ: എന്നാൽ വേഗംപോയി യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യുക. (ലൂസി പോയി.)

നെപ്പോ: സാധു! അവൾ പറഞ്ഞാലുണ്ടോ ആ മനുഷ്യാധമൻ കേൾക്കുന്നു? എങ്കിലുമൊന്നു പരീക്ഷിച്ചുനോക്കട്ടെ. (ഒരു സൈന്യാധിപൻ പ്രവേശിക്കുന്നു)

സൈന്യാ: പ്രഭോ, കാര്യങ്ങളെല്ലാം വലിയ കുഴപ്പത്തിലായിരിക്കുന്നു. ഇനി ഞാൻ എന്താണു ചെയ്യേണ്ടതു്?

നെപ്പോ: നമ്മുടെ കാര്യദർശി എവിടെ? വേഗം അയാളെ കൂട്ടിക്കൊണ്ടുവരൂ.

സൈന്യാ: അദ്ദേഹവും ശത്രുപക്ഷത്തു ചേർന്നിരിക്കുന്നു.

നെപ്പോ: അങ്ങനെയാണോ? അപ്പോൾ നാം ഏകാകിയായിത്തീർന്നിരിക്കുന്നു. അല്ലേ? ഏതായാലും അരക്കൈ നോക്കുകതന്നെ.

സൈന്യാ: തിരുമേനി, ഇനി സാഹസത്തിനൊന്നും ഇറങ്ങിപ്പുറപ്പെടേണ്ടെന്നാണു് എനിക്കു തോന്നുന്നതു്. കാര്യങ്ങൾ അവിടുന്നു വിചാരിക്കുന്നതുപോലെ അത്ര നിസ്സാരമൊന്നുമല്ല. ഇനി വല്ലവിധത്തിലും ഇവിടെനിന്നു രക്ഷപെടാനുള്ള മാർഗ്ഗങ്ങളെപ്പററിയാണു ചിന്തിക്കേണ്ടതു്. ഇംഗ്ലീഷ് സൈന്യാധിപതിയായ വെല്ലിംഗ്ടനും, പ്രഷ്യൻ സൈന്യാധിപതിയായ ബ്ലൂച്ചറും ബ്രസ്സൽസു നഗരത്തിനുസമീപം പാളയമടിച്ചിരിക്കുന്നു. ആസ്ത്രിയൻ സൈന്യാധിപതി റൈൻതീരത്തിലും സ്ഥിതിചെയ്യുന്നു. റഷ്യാക്കാർ അതിവേഗത്തിൽ പാഞ്ഞുവരുന്നു. നമ്മെക്കാൾ അനേകമിരട്ടി സൈന്യം ശത്രുക്കൾക്കുണ്ടു്. അതിനാൽ ഇനി എന്തിനു ഭാഗ്യംപരീക്ഷിക്കുന്നു?

നെപ്പോ: ഇല്ല!! ഞാൻ എൽബാ ദ്വീപിൽനിന്നും ഇവിടെ വന്നതു് ഒന്നുകിൽ ഭരിക്കുക, അല്ലെങ്കിൽ മരിക്കുക, ഈ നിശ്ചയത്തോടുകൂടി ആയിരുന്നു. അതിനാൽ ഞാനിതാ ബൽജിയത്തിലേക്കു പുറപ്പെടുന്നു. വാട്ടർലൂ എന്ന സ്ഥലത്തുവെച്ചാണു് നിർണ്ണായകയുദ്ധം നടക്കാൻ പോകുന്നതു്. അതിനാൽ താങ്കൾ സൈന്യങ്ങളോടുകൂടി വാട്ടർലൂവിലേക്കു ഉടനെ വന്നേക്കുക. ഞാനും അവിടെ ഉണ്ടായിരിക്കും. (ഇരുവരും പോയി)

4-ാം രംഗം

(നെപ്പോളിയൻ സെൻറ്ഹെലീനാ ദ്വീപിലെ ഒരു തടങ്കൽപ്പാളയത്തിൽ ഒരു കട്ടിലിൽ കിടക്കുന്നു)

(ഗീതം. നിൻപാദമേ ശരണം ഏ. മ.)

എൻവിധിയീവിധമോ—ദയാബ്ധേ—എൻ
എൻവിധിയീവിധമോ— ദേവാ —
ദേവാ—ദയാബ്ധേ
എൻവിധിയീവിധമോ —ദേവാ —
ദേവാ—ദയാബ്ധേ—എൻ
താപംസഹിച്ചുവം പാരിൽ വസിച്ചിടാൻ
ആശയില്ലെനിക്കശ്രുനാഥാ
എൻവിധിയീവിധമോ ദയാബ്ധേ —എൻ
ഘോരമായ പാപം പാരമിങ്ങുചെയ്തു
ആകവേ പൊറുത്താശിസ്സേകണേ!
ആകവേ പൊറുത്താശിസ്സേകണേ!
എൻവിധിയീവിധമോ? ദയാബ്ധേ —എൻ

സർവ്വദയാപരനായ ദൈവമേ, മഗലനാ മറിയത്തോടു ക്ഷമിച്ച എൻെറ അത്മരക്ഷകാ, അവിടുന്നെങ്കിലും ഈ മഹാപാപിയെ ഉപേക്ഷിക്കരുതേ! ഞാൻ അനവധി തെററുകൾ ചെയ്തുപോയി. അറിവില്ലായ്മമൂലം വന്നുപോയ പിഴകളെ ഓർക്കരുതേ, ഈ ദുഃഖസാഗരത്തിലിട്ടു കഷ്ടപ്പെടുത്താതെ എൻെറ ദേഹിയെ അങ്ങു സ്വീകരിക്കണേ! (ഒരു വൈദികൻ പ്രവേശിക്കുന്നു. നെപ്പോളിയൻ വിഷമിച്ചു എഴുന്നേല്ക്കാൻ ഭാവിക്കുന്നു. വൈദികൻ അവിടെത്തന്നെ കിടന്നുകൊള്ളാൻ കൈകൊണ്ടു കാണിക്കുന്നു. അദ്ദേഹം അടുത്തിരിക്കുന്നു.)

നെപ്പോ: ബ. പിതാവേ! ഈ അഗതിയെ ദൈവം ഉപേക്ഷിച്ചില്ല എന്നാണു തോന്നുന്നതു്. അന്ത്യകൂദാശകൾ സ്വീകരിക്കാതെ മരിക്കാൻ ഇടയാകുമോ എന്നു ഞാൻ വളരെ ഭയപ്പെട്ടു.

വൈദി: നമ്മുടെ ന്യായമായ ആഗ്രഹങ്ങൾ ദൈവം സാധിച്ചുതരാതിരിക്കുന്നതല്ല.

നെപ്പോ: പിതാവേ! ഞാൻ എൻെറ ജീവിതകാലത്തു ചെയ്തിട്ടുള്ള മഹാപാതകങ്ങളെപ്പററി ഓർക്കുമ്പോൾ എൻെറ ഹൃദയം ഞെട്ടുന്നു. ഞാൻ മനുഷ്യരക്തം ആറുപോലെ ഒഴുക്കി. പരിശുദ്ധ പിതാവിനെ കാരാഗൃഹത്തിൽ അടച്ചു. ജോസഫൈനെ പരിത്യജിച്ചു. ഇങ്ങനെ പലതും.

വൈദി: അതുകൊണ്ടൊന്നും അധൈര്യപ്പെടേണ്ട. കാരുണ്യവാനായ ദൈവം പാപികളെ രക്ഷിക്കാനാണു് ഈ ലോകത്തിൽ അവതരിച്ചതു്. ചെയ്തുപോയ പാപങ്ങളെപ്പററി ഇപ്പോൾ മനസ്താപമുണ്ടല്ലോ. അതുമതി.

നെപ്പോ: വാട്ടർലൂ യുദ്ധത്തിൽ തോററു ബ്രിട്ടീഷ്കാരുടെ തടവുകാരനായി ഞാൻ ഇവിടെ കിടക്കാൻ തുടങ്ങീട്ടു് ആറുകൊല്ലം കഴിഞ്ഞിരിക്കുന്നു. ഈ ആറുകൊല്ലക്കാലത്തിനിടയ്ക്കു ഞാൻ എൻെറ പാപങ്ങളെപ്പററി വിചാരിച്ചു് എത്രമാത്രം കണ്ണുനീർ പൊഴിച്ചിട്ടുണ്ടെന്നുള്ളതിനു കയ്യും കണക്കുമില്ല.

വൈദി: എന്നാൽ താങ്കൾ ഭാഗ്യവാൻതന്നെ, സംശയമില്ല.

നെപ്പോ: ഞാൻ ലോകത്തെ മുഴുവൻ കിടുകിട വിറപ്പിച്ചു് ഫ്രാൻസു ചക്രവർത്തിയായി വാഴുമ്പോൾ "എന്നെപ്പോലൊരു ഭാഗ്യവാൻ ആരുണ്ടു്" എന്നു ജോസഫൈനോടു ചോദിച്ചു. ജീവിതകാലത്തു് ഒരാളുടെ ഭാഗ്യം നിർണ്ണയിക്കാൻ പാടില്ലെന്നും അന്ത്യകൂദാശകൾ എല്ലാം സുബോധത്തോടുകൂടി കൈക്കൊണ്ടു മരിക്കാൻ ഇടയാകുന്ന ആളിനെമാ


## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ രോഗശമനം ഉണ്ടായതിനു ഉപകാരസ്മരണ.

Alamma Varghese
Vaikom

വേദശാസ്ത്രപംക്തി

## അന്ത്യലേപനം

രോഗികളുടെ നേർക്കു നമ്മുടെ കർത്താവു കാണിച്ച കരുണ നിസ്സീമമാണു്. "ഒരു നല്ല ശമരായക്കാരനാ"യിട്ടാണു് അവിടുന്നു സദാ വർത്തിച്ചിട്ടുള്ളതു്. അവിടുത്തെ ദിവ്യവാത്സല്യത്തെ സ്പഷ്ടമാക്കുന്ന നിരവധി സംഭവങ്ങൾ സുവിശേഷത്തിൽ വിവരിക്കപ്പെടുന്നുണ്ടു്. വി. മത്തായി ദിവ്യരക്ഷകന്റെ ജീവകാരുണ്യപ്രവർത്തനങ്ങളെ ഇങ്ങനെ സംക്ഷേപിച്ചിരിക്കുന്നു: "അനന്തരം ഈശോ ഗ്ലീലായിലെങ്ങും ചുററിസ്സഞ്ചരിച്ചുകൊണ്ടു് അവരുടെ സംഘങ്ങളിൽ പഠിപ്പിക്കുകയും, രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും, ജനങ്ങളിലെ സകലവിധ വ്യാധികളും രോഗങ്ങളും സുഖപ്പെടുത്തുകയും ചെയ്തിരുന്നു." (മത്തായി 5, 23). "വരുവാനിരിക്കുന്നവൻ അങ്ങാകുന്നുവോ, അതോ മററൊരുവനെയാകുന്നുവോ ഞങ്ങൾ കാത്തിരിക്കേണ്ടതു്" എന്നു യോഹന്നാൻ മാംദാനയുടെ ദൂതന്മാർ ചോദിച്ച ചോദ്യത്തിനു് ഇൗവിധമൊരു മറുപടിമാത്രമേ അവിടുന്നു നല്കുന്നുള്ളു: "നിങ്ങൾ പോയി നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നവ യോഹന്നാനെ അറിയിക്കുവിൻ. കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോടു സുവിശേഷം അറിയിക്കപ്പെടുന്നു." (മത്തായി 11, 3-5). പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തിയ ദിവസംതന്നെ ക്രിസ്തു വേറെയും പലരുടെ രോഗങ്ങൾ ശമിപ്പിച്ചതായി ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ടു്: "സൂര്യാസ്തമയത്തിങ്കൽ വിവിധ രോഗബാധിതരായിരുന്നവരെ അവന്റെ അടുക്കൽ കൊണ്ടുവന്നിരുന്നു. അവൻ അവരിൽ ഓരോരുത്തന്റെയുംമേൽ തന്റെ കൈവ-

ച്ചുകയും അവരെ സുഖപ്പെടുത്തുകയും ചെയ്തിരുന്നു." (ലൂക്കാ 4, 18).

"എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളേയും അയക്കുന്നു" എന്നു അരുളിച്ചെയ്യുന്നതു കാരുണ്യവാനായ ഈ കർത്താവുതന്നെയാണു്. പ്രസംഗിക്കുന്നതിനും ജ്ഞാനസ്നാനം നൽകുന്നതിനും അവിടുന്നു ശിഷ്യന്മാരെ ചുമതലപ്പെടുത്തി. അവർക്കു ലഭിച്ച അന്യാദൃശവരങ്ങളെ അധികരിച്ചു്, മർക്കോസ് ഇപ്രകാരമാണു രേഖപ്പെടുത്തിയിരിക്കുന്നതു്: "രോഗികളുടെമേൽ അവരുടെ കൈകൾവയ്ക്കും. അവർ സുഖംപ്രാപിക്കയും ചെയ്യും." (മർക്കോസ് 16, 18). ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന സംഗതിതന്നെയാണു്, വി. യാക്കോബിന്റെ പ്രായോഗികനിർദ്ദേശത്തിൽ സ്പഷ്ടമായി പ്രതിപാദിക്കപ്പെടുന്നതും: "നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുന്നെങ്കിൽ, സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കുകയും, നമ്മുടെ കർത്താവിന്റെ നാമത്തിൽ തൈലംകൊണ്ടു് അവനെ പൂശുകയും ചെയ്യട്ടെ. അപ്പോൾ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ആ രോഗിയെ സുഖപ്പെടുത്തും. നമ്മുടെ കർത്താവു് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ലഭിച്ച അനുഗ്രഹങ്ങൾക്കു കൃതജ്ഞത.

കുഞ്ഞുവറീയ്തു, കൊററം.

അവ അവനോടു ക്ഷമിക്കപ്പെടുകയും ചെയ്യും." (യാക്കോബു 5, 14-15). അന്ത്യലേപനം സംബന്ധിച്ചുള്ള സ്പഷ്ടമായ ഒരു പ്രസ്താവനയാണിതു്. ഏതെങ്കിലും ഒരു കർമ്മം ഒരു കൂദാശയായിരിക്കണമെങ്കിൽ അതിനു മൂന്നു ഘടകങ്ങൾ ആവശ്യമാണു്: (1) ബാഹ്യമായ ഒരു ചിഹ്നം ഉണ്ടായിരിക്കുക; (2) ഈശോമിശിഹായാൽ സ്ഥാപിതമായിരിക്കുക. (3) വരപ്രസാദദായകമായിരിക്കുക. അന്ത്യലേപനം എന്ന കൂദാശയിലെ പ്രസ്തുത മൂന്നു ഘടകങ്ങളേയും വി. യാക്കോബിന്റെ മേലുദ്ധരിച്ച വാക്യം പരാമർശിക്കുന്നുണ്ടു്. ഇതു അടുത്ത ലേഖനത്തിൽ വിശദമാക്കുന്നതാണു്.

ത്രമേ ഭാഗ്യവാൻ എന്നു പറയാൻ സാധിക്കയുള്ളു എന്നുമായിരുന്നു ആ സംന്യാസിയുടെ മറുപടി.

വൈദി: അതു പരമാർത്ഥമാണു്. ലോകമെല്ലാം നേടിയാലും ആത്മാവു നശിച്ചാൽ പിന്നെ എന്താണു പ്രയോജനം?

നെപ്പോ: ഞാൻ എന്റെ ജീവിതകാലത്തു യഥാർത്ഥമായ സന്തോഷം അനുഭവിച്ചതു ഞാൻ ആദ്യകുർബാന കൈക്കൊണ്ട ദിവസം മാത്രമായിരുന്നു. ദൈവം സാക്ഷിയായി പാണിഗ്രഹണം ചെയ്ത ജോസഫൈനെ പരിത്യജിച്ച നിമിഷത്തിൽ ഫ്രാൻസു സാമ്രാജ്യത്തിന്റെ അടിത്തറ തകർന്നു. പത്രോസിന്റെ പാറയോടെതിർത്തു് എന്റെ ജീവിതനൗകയും പൊടിഞ്ഞു.

വൈദി: പത്രോസിന്റെ പാറയോടു് എതിർക്കുന്നവരുടെ എല്ലാം അനുഭവം ഇതായിരിക്കുമെന്നുള്ളതിനു് ലോകചരിത്രം പ്രത്യക്ഷസാക്ഷ്യം വഹിക്കുന്നു. എങ്കിലും കഴിഞ്ഞുപോയ കാര്യങ്ങളെ വിചാരിച്ചു മനസ്സിനെ വിഷമിപ്പിക്കാതിരിക്കുക. സമാധാനത്തോടുകൂടി ഒരു നല്ലമരണത്തിനു തയാറാവുക.

നെപ്പോ: മരണത്തെപ്പററി എനിക്കു യാതൊരു ഭയവുമില്ല. ഈ ഇരുണ്ട മേഘത്തിനു അപ്പുറത്തു് സമാധാനസമ്പൂർണ്ണമായ ഒരു ലോകമുണ്ടു്. ഈ കണ്ണുനീർക്കടലിൽനിന്നും സൗഭാഗ്യസമ്പൂർണ്ണമായ ആ ലോകത്തിലേക്കു പോകുന്നതിനു് എന്തിനു സങ്കടപ്പെടുന്നു? സ്വർഗ്ഗത്തിൽ വാഴുന്ന എന്റെ ജീവേശ്വരിയുടെ പ്രാർത്ഥനയുടെ ഫലമാണു് എന്റെ മാനസാന്തരം എന്നാണു് എനിക്കു തോന്നുന്നതു്. അച്ചാ! അവൾ ഇതാ എന്നെ നോക്കി പുഞ്ചിരിതൂകുന്നു. ഞാനും അവളുടെ അടുക്കലേക്കു പോകട്ടെ! ബ: പിതാവേ എനിക്കു തരാനുള്ളതെല്ലാം വേഗം തരിക.

വൈദി: (നാഡിപിടിച്ചുനോക്കിട്ടു് ധൃതഗതിയിൽ) വേഗം നല്ല കുമ്പസാരത്തിനു ഒരുങ്ങിക്കൊൾക.

നെപ്പോ: എനിക്കു എന്റെ ദിവ്യരക്ഷകന്റെ തൃപ്പാദത്തിങ്കൽ കിടന്നു മരിക്കണം. അതിനാൽ നമുക്കു എന്റെ പ്രാർത്ഥനാലയത്തിലേക്കു പോകാം. (വൈദികന്റെ സഹായത്തോടുകൂടി നെപ്പോളിയൻ തന്റെ പ്രാർത്ഥനാമുറിയിലേക്കു പോകുന്നു.)

സമാപ്തം

## ക്രിസ്ത്യാനിയായ കർഷകൻ

അമേരിക്കയിലെ "നാഷനൽ കാത്തലിക് റൂറൽ ലൈഫ് കോൺഫറൻസി"ന്റെ സെക്രട്ടറിയായ മോൺസിഞ്ഞോർ ലൂയിജി ജി. ലിഗുത്തി ക്രിസ്ത്യാനിയായ ഒരു കർഷകൻ അവശ്യം പാലിക്കേണ്ട ജീവിതനിയമങ്ങളെ അധികരിച്ചു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"ക്രിസ്ത്യാനിയായ ഒരു കർഷകൻ വേലക്കാർക്കു നല്ലകൂലി കൊടുക്കുന്നതാണു്. നിങ്ങൾക്കു കൂലിപ്പണി ചെയ്യുന്നവൻ ആരായിരുന്നാലും വേണ്ടില്ല, അവൻ ദൈവത്തിന്റെ സൃഷ്ടിയാണു്; അവിടുത്തെ ഛായയിലും സാദൃശ്യത്തിലും നിർമ്മിക്കപ്പെട്ടവനാണു്. അവനും ക്രിസ്തുവിനാൽ പരിത്രാണം ചെയ്യപ്പെട്ടവനാണു്. നിങ്ങളേയും എന്നേയുംപോലെ ഒരു നിത്യാത്മാവു അവനുമുണ്ടു്.

"ആദായം ലഭിക്കുമെന്നിരുന്നാലും ക്രിസ്ത്യാനിയായ ഒരു കർഷകൻ വഞ്ചിക്കയോ ചൂഷണംചെയ്കയോ ചെയ്കയില്ല. വേലചെയ്യുന്നയാൾ അന്യനാട്ടുകാരനോ, കുട്ടിയോ, സ്ത്രീയോ ആരായിരുന്നാലും വേണ്ടില്ല, ക്രിസ്ത്യാനിയായ ഒരു കർഷകൻ ന്യായമായ കൂലികൊടുക്കുന്നതായിരിക്കും.

"ക്രിസ്ത്യാനിയായ ഒരു കർഷകൻ മഹത്തായ ഈ തത്വം പാലിക്കുന്നതായിരിക്കും: "അന്യൻ നിന്നോടു് എങ്ങനെ വർത്തിക്കണമെന്നു് നീ ഇച്ഛിക്കുന്നുവോ, അതുപോലെ നീ അവനോടും വർത്തിക്കുക."

"ക്രിസ്ത്യാനിയായ ഒരു കർഷകൻ സാധുക്കളുടേയും അധഃകൃതരുടേയും നേർക്കു് എല്ലായ്പോഴും ഉദാരമായി പെരുമാറും. ക്രിസ്തു പറഞ്ഞതും പ്രവർത്തിച്ചതുമെല്ലാം അവനറിയാം. വിററു വയലുകളിൽ കുനിഞ്ഞു പണിയെടുക്കുകയോ ഫലവൃക്ഷങ്ങൾ നിറഞ്ഞ തോട്ടങ്ങളിൽ ഉയരത്തിലിരുന്നു വേലചെയ്കയോ ചെയ്യുന്ന കുരുത്ത മനുഷ്യനിലും ക്രിസ്തുവുണ്ടെന്നു അവനറിയാം.

"ക്രിസ്ത്യാനിയായ ഒരു കർഷകൻ തന്നോടുതന്നെ ചോദിക്കുന്ന ചോദ്യമിതാണു: ക്രിസ്തുതന്നെ എനിക്കു വേലചെയ്കയായിരുന്നെങ്കിൽ, ഞാൻ അവിടുത്തോടു് എങ്ങനെ പെരുമാറുമായിരുന്നു?"

—

## അഭ്യർത്ഥന

പ്രിയപ്പെട്ട നാട്ടുകാരേ,

കരിമണ്ണൂർ, കുമാരമംഗലം, ഏനാനല്ലൂർ എന്നി പകുതികൾ ഉൾപ്പെട്ട കുമാരമംഗലം നിയോജകമണ്ഡലത്തിൽ, അടുത്തുവരുന്ന നിയമസഭാതെരഞ്ഞെടുപ്പിനു് ഒരു സ്ഥാനാർത്ഥിയായി നില്ക്കുവാൻ ഞാനാഗ്രഹിക്കുന്നതിനാൽ മന്ന്യസമ്മതിദായകരായ നിങ്ങളേവരും, നിങ്ങളുടെ വോട്ടും, മററെല്ലാംവിധ സഹായസഹകരണങ്ങളും നല്കി എന്നെ വിജയിപ്പിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

എന്നു്, വിധേയൻ, എൻ. എം. വർഗ്ഗീസ്,
നമ്പേലിൽ, കോടിക്കുളം

## വിശുദ്ധ സൈമൺ സ്റ്റോക്ക്

ഉത്തരീയത്തിന്റെ സപ്തമശതാബ്ദാഘോഷത്തോടെ, വി. സൈമൺസ്റ്റോക്കിനു ദൈവജനനി പ്രത്യക്ഷയായി തിരുവുത്തരീയം നൽകിയ അയിൽസ്ഫോർഡാശ്രമം വീണ്ടും കർമ്മലീത്തരുടെ കൈവശത്തിൽ വന്നിരിക്കയാണല്ലോ. കഴിഞ്ഞ ജൂലൈ 16-ാംനു ഉത്തരീയജൂബിലി ഘോഷങ്ങൾ സാഡംബരം അവിടെയും നടത്തപ്പെട്ടു. തൽസംബന്ധമായി സുസ്മരണീയമായ ഒരു സംഭവം വി. സൈമൺസ്റ്റോക്കിന്റെ പൂജ്യാവശിഷ്ടങ്ങൾ ഫ്രാൻസിലെ ബോർഡോനഗരത്തിൽനിന്നു അയിൽസ്ഫോർഡിലേക്കു കൊണ്ടുവരപ്പെട്ട എന്നുള്ളതാണു്. കർമ്മലീത്തനായ കർദ്ദിനാൾ പ്ലീയാസ്സാ തിരുമേനി, ഇംഗ്ലണ്ടിലെ ദേശാപ്പസ്തോലിക്കയും ഈയവസരത്തിലേക്കു പരിശുദ്ധ പിതാവിന്റെ പ്രത്യേക പ്രതിനിധിയുമായ ഗോഡ്ഫ്രേ മെത്രാപ്പോലീത്താ, ഇംഗ്ലണ്ടിലെയും അയർലണ്ടിലെയും പല മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, ഐറിഷ് പ്രധാനമന്ത്രി ഡിവലേരാ ആദിയായി അനവധി പ്രമുഖവ്യക്തികൾ ഈ ചടങ്ങുകളിൽ പങ്കെടുത്തു. ബോർഡോ മെത്രാപ്പോലീത്താതന്നെയാണു് തിരുശേഷിപ്പുകൾ അയിൽസ്ഫോർഡിലേക്കു കൊണ്ടുവന്നതു്. അയിൽസ്ഫോർഡ് പാലത്തിനടുത്തുള്ള ഒരു പ്രൊട്ടസ്റ്റന്റു സ്കൂളിൽനിന്നു ഘോഷയാത്ര ആരംഭിച്ചു. പ്രസ്തുത വിദ്യാലയവും പരിസരങ്ങളും മുഴുവനായി ഈ ആവശ്യത്തിലേക്കു് ഒഴിഞ്ഞുകൊടുത്തിരുന്നു. എന്നല്ല അകത്തോലിക്കാ ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഈ ചടങ്ങുകളിലെല്ലാം പ്രത്യക്ഷപ്പെടുകയുണ്ടായി. പരിശുദ്ധപിതാവു് 12-ാം പീയൂസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കർമ്മലീത്താസഭയുടെ ജനറാളിനു ഈ അവസരം പ്രമാണിച്ചു് ഒരു അനുമോദനലേഖനവും അയച്ചുകൊടുത്തിരുന്നു. ഉത്തരീയജൂബിലി ലോകമെങ്ങും കൊണ്ടാടിയതിനെപ്പററി അഭിനന്ദിക്കയും, വി. സൈമൺ സ്റ്റോക്കിന്റെ അവശിഷ്ടങ്ങൾ യഥാസ്ഥാനത്തു കൊണ്ടുവന്നു സ്ഥാപിച്ചതിൽ സംതൃപ്തി പ്രദർശിപ്പിക്കയും ചെയ്യുന്നതിലേക്കാണു് തിരുമേനി ആ ലേഖനം വിനിയോഗിച്ചിരിക്കുന്നതു്.

## The Egg and You

If you want to know whether you are getting your money's worth when you pay for fresh eggs, you should know that a fresh egg sinks in water; the shell of a fresh egg is dull and rough; holding the egg up to a light, the yolk should be in the centre and the contents should not shake back and forth loosely.

The colour of the egg shell has absolutely nothing to do with the quality of the egg.

Eggs should never be washed before storing because water destroys the protective film that keeps out air and odours.

A boiled egg should never be boiled. Simmering produces tastier, better results. The same is true of "hard--boiled" eggs.

To prevent waste of eggs from cracking when they are to be boiled (simmered!) allow them to stand a few minutes in very warm water before putting them in the simmering water. If an egg is cracked it can be cooked without waste by adding a teaspoon of salt so the contents will not ooze out. The salt helps the egg white to set quickly.

----James T. Mack.

In thankful remembrance of the desired favours received through the intercession of Sister Alphonsa of Bharananganam and of St. Vincent De Paul.

K. J. Sebastian

## To the Point

It is easier to find a hundred reasons for not doing something than to find one reason for doing it.

## The Tragedy of Communism

"I have made a great mistake. Our main purpose was to give freedom to a multitude of oppressed people. But our method of action has created worse evils and horrible massacres. You know that my deadly nightmare is to feel that I am lost in this ocean of blood, coming from innumerable victims. It is too late to turn back now, but in order to save our country, Russia, we should have had 10 men like St. Francis of Assisi. With 10 such men we would have saved Russia."

----Last words of lenin, Father of Russian Communism.

* *

"I have been driven many times to my knees by the overwhelming conviction that I had nowhere else to go. My own wisdom, and that of all about me, seemed insufficient for the day." ----Abraham Lincoln.

## Expansive G. I.

Two nuns were in one of the coaches of a night train to Chicago. It was filled with servicemen most of whom were pretty "full" themselves. One of them stood up and, waving his bottle about, invited everyone to have a drink on him. "I'll give anyone a drink" he said, "anyone at all! Black or white, rich or poor, old or young!" Then, spotting the nuns, he added, "Religious.......or sacrilegious!"

----Action Now

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 || ERNAKULAM, AUGUST 29, 1951 || No 3

# നമ്മുടെ പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി

എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സിലെ ഇടയലേഖനം കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നല്ലൊ. "1901 ഡിസംബർ 21-ാനു-. അന്നാണു നാം പൗരോഹിത്യപദത്തിലേക്കു് ഉയർത്തപ്പെട്ടതു്." ഇടയലേഖനത്തിന്റെ ആരംഭത്തിൽ കാണുന്ന ഈ വാക്കുകളിൽനിന്നു നമുക്കറിയാം, അടുത്ത ഡിസംബർ 21-ാനു തിരുമേനിയുടെ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണജൂബിലിയാണെന്നു്. തിരുമേനി തുടരുന്നു: 'നാം പൗരോഹിത്യത്തിനുള്ള ദൈവവിളി സ്വീകരിച്ചു് മിശിഹായെ പിൻചെല്ലുവാൻ തീരുമാനിച്ചപ്പോൾ ഏററവും പ്രാചീനമായ ഒരു തൊഴിലാളിസംഘത്തിൽ (Labour Union) നാം ചേരുകയാണു ചെയ്തതു്. ആ തൊഴിലാളിസംഘത്തിലെ പ്രധാനമായ ജോലി ഒരു പാപിയെപ്പോലും മിശിഹായുടെ പക്കലേക്കു് ആനയിക്കുവാൻ നാം യത്നിക്കാതിരിക്കരുതെന്നാണു്. നഷ്ടപ്പെട്ടുപോയ ആടിനെ തിരിച്ചുകൊണ്ടുപോരുവാൻ എത്ര വലിയ കാട്ടിലും നാം കയറി അന്വേഷിക്കണം. ഒരു സങ്കടവും ഒരു ക്ലേശവും വഴിതെററിപ്പോയ ആത്മാക്കളെ അന്വേഷിക്കുന്നതിനു പ്രതിബന്ധമാകരുതു്." പൗരോഹിത്യപദത്തിന്റെ ചുമതലകളെ ഇപ്രകാരം ഹൃദയാവർജ്ജകമായി ചുരുക്കത്തിൽ ചിത്രീകരിച്ചശേഷം ഇടയലേഖനം വീണ്ടും തുടരുന്നു:- "നമ്മെ സംബന്ധിച്ചിടത്തോളം ഈ ചുമതലകളെല്ലാം ഒന്നുകൂടി ഭാരപ്പെട്ടു, പൗരോഹിത്യത്തിന്റെ പരിപൂർണ്ണതയാകുന്ന മെത്രാൻസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടപ്പോൾ. ഈശോ തന്റെ രക്തത്താൽ രക്ഷിച്ച തിരുസ്സഭയെ ഭരിക്കുന്ന ജോലി! മനുഷ്യശക്തിയാൽ ഈ ഭാരം വഹിക്കുക സാദ്ധ്യമല്ലെന്നു നിർണ്ണയംതന്നെ. തന്നിൽ ശരണപ്പെടുന്നവർ ലജ്ജിക്കയില്ലെന്ന മുദ്രാവാക്യം അന്നുതന്നെ നാം സ്വീകരിച്ചതു് ഈ ചിന്തയാൽ പ്രേരിതനായാണു്." അതിരൂപതാഭരണത്തിൽ വൈദികരും സന്യാസികളും കന്യാസ്ത്രീകളും ഇടവകജനങ്ങളും തന്നെ സഹായിച്ചെന്നും, അതിരൂപതയിലുള്ള സ്ഥാപനങ്ങളെല്ലാം അവരുടെ അദ്ധ്വാനഫലമാണെന്നും സഹജമായ വിനയത്തോടുകൂടി പ്രസ്താവിച്ചശേഷം തിരുമേനി ജൂബിലിസംബന്ധമായി നടത്തപ്പെടേണ്ട ചടങ്ങുകളെപ്പററി തനിക്കുള്ള ആഗ്രഹം ഇങ്ങനെ പ്രകാശിപ്പിക്കുന്നു:- "ആകയാൽ നമ്മുടെ വ്യക്തിപരമായ തെററുകൾക്കു പരിഹാരമായും, രൂപതയിലെ കുറവുകളെല്ലാം നീങ്ങുന്നതിനായും, തിരുസ്സഭയുടെ വിജയത്തിനായും, നമ്മുടെമേൽ ദൈവം പൊഴിച്ച അനുഗ്രഹങ്ങൾക്കു കൃതജ്ഞതയായും പൗരോഹിത്യത്തിന്റെ അടിസ്ഥാനമായ വിശുദ്ധ കുർബാനയെ കേന്ദ്രീകരിക്കുന്ന ചില ആദ്ധ്യാത്മികാഘോഷങ്ങൾകൊണ്ടു് ഈ അവസരം ആചരിക്കണമെന്നു നാം കരുതുന്നു. പരിഹാരത്തിന്റേയും കൃതജ്ഞതയുടേയും ഈ പ്രകടനത്തിൽ നിങ്ങളെല്ലാവരും ഹൃദയപൂർവ്വം ചേരണമെന്നു് താല്പര്യത്തോടെ അഭ്യർത്ഥിക്കുകയും ചെയ്യുന്നു." 40 മണിയാരാധന, 12 മണിയാരാധന, കുടുംബങ്ങളിൽ രാത്രിയാരാധന മുതലായ ഭക്തകൃത്യങ്ങൾ ഒക്ടോബർ 1-ാനു മുതൽ ഡിസംബർ അവസാനംവരെ അതിരൂപതയിൽ നടത്തപ്പെടണമെന്നും മററുമുള്ള നിർദ്ദേശങ്ങളാണു് ഇടയലേഖനത്തിലെ തുടർന്നുള്ള ഭാഗത്തു് നൽകപ്പെട്ടിരിക്കുന്നതു്. ഈ അവസരത്തിൽ അതിരൂപതയിലെ ഭരണകർത്താവായ മെത്രാപ്പോലീത്താ തിരുമേനിക്കും, ആ ഭരണത്തിനു വിധേയരായിരിക്കുന്ന വൈദികാവൈദികർക്കും തമ്മിലുള്ള പിതൃപുത്രബന്ധത്തെപ്പററി കത്തോലിക്കാ മതതത്വങ്ങളുടെ വെളിച്ചത്തിൽ അനുസ്മരിക്കുന്നതു് സമീചീനമായിരിക്കും.

### പിതാവും മക്കളും

"ഞാൻ വന്നതു് അവർക്കു ജീവൻ കൈവരേണ്ടതിനായിട്ടാണു്, ധാരാളം കൈവരേണ്ടതിനായിട്ടാണു്" എന്ന ക്രിസ്തുവിന്റെ വാക്യത്തിൽനിന്നു് അവിടുത്തെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം സ്പഷ്ടമാകുന്നുണ്ടല്ലൊ. അവിടുന്നുപറയുന്ന ഈ ജീവൻ നിത്യജീവനാണു്. സ്വർഗ്ഗം പ്രാപിക്കുമ്പോഴാണു് അതു നമുക്കു കൈവരുന്നതു്. എന്നാൽ സ്വർഗ്ഗപ്രാപ്തിക്കു യോഗ്യരാകുന്നതിനു പ്രസാദവരം എന്ന അമൂല്യമായ ദൈവദാനം നമുക്കു് ഇഹത്തിൽവച്ചു ലഭിച്ചിരിക്കണം. ആ വരം നിത്യജീവന്റെ ബീജമായി ഗണിക്കപ്പെടാം. നാം സ്വർഗ്ഗംപ്രാപിക്കുമ്പോൾ ആ ബീജം പുഷ്പിക്കുകയും അങ്ങനെ നമുക്കു നിത്യജീവൻ കൈവരുകയും ചെയ്യുന്നു. സ്വർഗ്ഗത്തിൽ നിത്യജീവനും ഇഹത്തിൽ പ്രസാദവരവും ദൈവത്തിൽനിന്നു ലഭിക്കുന്നതിനുള്ള അവകാശം ദിവ്യരക്ഷകൻ പീഡാസഹനവും കുരിശുമരണവും മുഖേന നമുക്കു് സമ്പാദിച്ചുതന്നിട്ടുണ്ടു്. പ്രസാദവരം നമ്മുടെ ആത്മാക്കളിലേക്കു് പ്രവഹിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി അവിടുന്നു കൂദാശകൾ സ്ഥാപിച്ചിട്ടുണ്ടു്. മാമ്മോദീസാമുതൽ ഒടുവിലത്തെ ഒപ്രുശുമാവരെയുള്ള ഈ കൂദാശകൾ കൈക്കൊള്ളുന്നതിനു യോഗ്യരാകണമെങ്കിൽ ക്രിസ്തു പഠിപ്പിച്ചിട്ടുള്ള സത്യങ്ങൾ നാം വിശ്വസിക്കുകയും നൽകിയിട്ടുള്ള കല്പനകൾ അനുസരിക്കുകയും വേണം.

വിശ്വസിക്കേണ്ട സത്യങ്ങളും അനുസരിക്കേണ്ട കല്പനകളും ഇന്നവയാണെന്നു തെററുകൂടാതെ നമ്മെ പഠിപ്പിക്കുന്നതിനും, അനന്തരം കൂദാശകൾ നൽകി പ്രസാദവരത്തെ നമ്മുടെ ആത്മാക്കളിലേക്കു് പ്രവഹിപ്പിക്കുന്നതിനുമുള്ള അധികാരവും ചുമതലയും ക്രിസ്തു തന്റെ അപ്പസ്തോലന്മാർക്കും അവരുടെ അനന്തരഗാമികൾക്കും നൽകിക്കൊണ്ടു സ്വർഗ്ഗാരോഹണംചെയ്തു. തന്മൂലം നിത്യജീവന്റെ ബീജമാകുന്ന പ്രസാദവരം ഇഹത്തിൽ വച്ചു ലഭിക്കുന്നതിനു് അപ്പസ്തോലപിൻഗാമികളായ മെത്രാന്മാരെ നാം ആശ്രയിക്കേണ്ടിയിരിക്കുന്നു. പ്രസാദവരം അടങ്ങിയിരിക്കുന്ന ഭണ്ഡാഗാരത്തിന്റെ താക്കോൽ വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായേയും അവിടുത്തെ കീഴിൽ മെത്രാന്മാരേയും ദിവ്യരക്ഷകൻ ഏല്പിച്ചിരിക്കകൊണ്ടു്, അവരുടെ സഹായംകൂടാതെ നമുക്കു് നിത്യജീവൻ പ്രാപിക്കാവുന്നതല്ല. മാർപ്പാപ്പാ ക്രിസ്തുവിന്റെ സകല ആടുകളുടേയും ഇടയനാണു്. അതേസമയംതന്നെ അവിടുന്നു റോമാരൂപതയിൽ ഉൾപ്പെട്ട ആടുകളുടെ പ്രത്യേകയിടയനായ മെത്രാനുമാണു്. റോമാരൂപതയിലെ ആടുകൾക്കു മാർപ്പാപ്പാ ഏതു വിധം ഇടയനായിരിക്കുന്നുവോ, ആ വിധത്തിൽ, അവിടുത്തെ കീഴ്, തിരുസ്സഭയിലെ മററു രൂപതകളിലുള്ള ആടുകളുടെ ഇടയന്മാരായി അതാതുസ്ഥലത്തുള്ള മെത്രാന്മാർ ഭരണം നടത്തുന്നു. എറണാകുളം അതിരൂപതയിൽ ഇപ്പോൾ ഭരണം നടത്തുന്നതു കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനിയായതുകൊണ്ടു് ആ രൂപതയിലുള്ള ആടുകൾക്കു് അവിടുന്നു് ഇടയനായിരിക്കുന്നു. അവരെ മേയ്ക്കുവാനും തീററിപ്പോററി രക്ഷിക്കുവാനുമുള്ള ചുമതല ആ തിരുമേനിയെയാണു ദൈവം ഏല്പിച്ചിരിക്കുന്നതു്. അവരെ സംബന്ധിച്ചിടത്തോളം പ്രസാദവരഭണ്ഡാഗാരത്തിന്റെ താക്കോൽ ആ തിരുമേനിയാണു് വഹിക്കുന്നതു്. അവിടുന്നു ഭണ്ഡാഗാരം തുറക്കുകയും, കൂദാശകളാകുന്ന ചാലുകളിൽക്കൂടി പ്രസാദവരത്തെ വിശ്വാസികളുടെ ആത്മാക്കളിലേക്കു പ്രവഹിപ്പിക്കുകയും ചെയ്യുന്നു. പ്രസാദവരം നിത്യജീവന്റെ ബീജമായിരിക്കകൊണ്ടു് കണ്ടത്തിൽ മാർ ആഗുസ്തീനോസു തിരുമേനിയാണു് അതിരൂപതയിലെ വിശ്വാസികളുടെ ആത്മാക്കൾക്കു നിത്യജീവൻ പ്രദാനംചെയ്യുന്നതിൽ ദൈവത്തിന്റെ ഉപകരണമായി വർത്തിക്കുന്നതു്. ശാരീരികജീവൻ നൽകുന്നതിനു ദൈവത്തിന്റെ കരങ്ങളിൽ ഉപകരണമായി വർത്തിക്കുന്ന ആളെ നാം പിതാവായി ഗണിക്കുന്നു. അങ്ങനെയെങ്കിൽ, ആത്മാവിനു നിത്യജീവൻ പ്രദാനംചെയ്യുന്നതിൽ ഉപകരണമായി വർത്തിക്കുന്ന മഹാത്മാവിനെ അതിലും എത്രയോ ഉപരിയായ അർത്ഥത്തിൽ പിതാവായി ഗണിക്കാൻ ന്യായമുണ്ടു്. അതിനാൽ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനി എറണാകുളം അതിരൂപതയിലെ സകല വിശ്വാസികളുടേയും—വൈദികന്മാരുടേയും അത്മേനികളുടേയും—പിതാവുതന്നെ; സംശയമില്ല. ഈ ന്യായത്താലാണു മഹാ അപ്പസ്തോലനായ വി. പൗലോസ് തന്റെ പരിപാലനയ്ക്കു് ഏല്പിക്കപ്പെട്ടിരുന്ന വിശ്വാസികളെ "ക്രിസ്തുവിൽ എനിക്കു ജാതരായ കുഞ്ഞുമക്കളേ" എന്നു് അത്യന്തം ഹൃദ്യമായ ഭാഷയിൽ സംബോധനം ചെയ്തതു്.

ആകയാൽ പിതാവായ മെത്രാപ്പോലീത്താതിരുമേനിയുടെ ജൂബിലി മക്കളായ അതിരൂപതയിലെ വൈദികാവൈദികരുടേയും ജൂബിലിയാണെന്നു ന്യായപൂർവ്വം പറയാവുന്നതാണു്. ആ നിലയിൽ ജൂബിലിയവസരത്തെ അതിരൂപതയിലെ വൈദികരും സന്യാസികളും കന്യാസ്ത്രീകളും ഇടവകജനങ്ങളും വീക്ഷിക്കേണ്ടതാണെന്നും, ആ മനോഭാവത്തോടുകൂടി ജൂബിലിയാഘോഷം സംബന്ധിച്ചുള്ള പിതാവിന്റെ ആഗ്രഹങ്ങളും നിർദ്ദേശങ്ങളും പ്രവൃത്തിയിൽവരുത്താൻ എല്ലാവരും ഹൃദയപൂർവ്വം ശ്രമിക്കേണ്ടതാണെന്നും ഞങ്ങൾ സവിനയം ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

## പ്രസാധകക്കുറിപ്പുകൾ

### ദിവ്യകർമ്മം

ഇംഗ്ലണ്ടിലെ "കാത്തലിക് ബുക്കു്ക്ലബ്ബ്" പ്രസിദ്ധംചെയ്ത ഒരു ഗ്രന്ഥമാണു് ഡോം ഹ്യൂബർട്ടു്വാൺ സെല്ലെറിന്റെ We Live with our Eys Open (ഞങ്ങൾ കണ്ണുതുറന്നു ജീവിക്കുന്നു) എന്നതു്. പ്രാർത്ഥനാപരമായ ജീവിതം, വിവാഹം, വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ വിഷയങ്ങളെപ്പററി അതിൽ പ്രതിപാദിക്കുന്നുണ്ടു്. അക്കൂട്ടത്തിൽ, പരിശുദ്ധ കുർബാനയിൽ സംബന്ധിക്കേണ്ട വിധത്തെപ്പററി ചർച്ചചെയ്യുവാനായും ഗ്രന്ഥകാരൻ ഒരദ്ധ്യായം വിനിയോഗിച്ചിരിക്കുന്നു. പ്രസ്തുതാദ്ധ്യായത്തിൽ പ. കുർബാന കേവലമൊരു പ്രാർത്ഥനയല്ലെന്നും, സർവ്വപ്രധാനമായി അതൊരു ദിവ്യകർമ്മമാണെന്നും, ഈ നിലയിൽ അതിനുള്ള പ്രാധാന്യം ഒരിക്കലും വിസ്മരിച്ചുകൂടാത്തതാണെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു. "ബലിയാണു് ഏററവും പ്രധാനമായ അംശം—കുർബാനയിൽ ഉപയോഗിക്കുന്ന വാക്കുകളല്ല; അതത്രേ സ്നേഹത്തിന്റെ പരിപൂർണ്ണമായ പ്രകടനവും. മനുഷ്യൻ ദൈവത്തിന്റെ നേർക്കു കാണിക്കേണ്ട ആദരവിന്റെ നേതൃനായകത്വം വഹിച്ചിരുന്നതു് എല്ലായ്പോഴും ബലിയെപ്പററിയുള്ള ചിന്തയത്രെ. മനുഷ്യന്റെ സന്നദ്ധമനോഭാവത്തിന്റെ മാററുരച്ചുനോക്കിയിരുന്നതും അതത്രെ. ബലിയെ ഒരേ വിധത്തിലല്ല കായേനും ആബേലും വീക്ഷിച്ചതു്, നല്ലകള്ളന്റേയും തന്ന്യകള്ളന്റേയും ചിന്താഗതിയിലും അപ്രകാരമൊരു വ്യത്യാസമുണ്ടായിരുന്നു. ഒരു പക്ഷെ നല്ല കത്തോലിക്കരേയും തന്ന്യകത്തോലിക്കരേയും സംബന്ധിച്ചും അതുതന്നെ പറയാവുന്നതാണു്" എന്നാണു് ഗ്രന്ഥകാരന്റെ അഭിപ്രായം.

### ബലിവസ്തുവുമായുള്ള ഐക്യം

അദ്ദേഹം തുടരുന്നു: "ആകയാൽ ഒരു കത്തോലിക്കൻ താൻ കുർബാനയിൽ സംബന്ധിക്കുന്ന വിധത്തെപ്പററി ഒരു സ്വയപരിശോധന നടത്തുകയാണെങ്കിൽ, അയാൾ തന്നോടുതന്നെ ചോദിക്കേണ്ടതു് "ബലിവസ്തുവുമായി ഞാൻ എത്രമാത്രം യോജിച്ചിരിക്കുന്നു" എന്നാണു്. "ഞാൻ കുർബാനയിലെ പ്രാർത്ഥനകൾതന്നെ ചൊല്ലണമോ, അഥവാ കൊന്തജപിച്ചാൽ മതിയാകുമോ" ഇത്യാദി ചോദ്യങ്ങൾ അത്രയധികം പ്രാധാന്യം അർഹിക്കുന്നവയല്ല. ഹ്രസ്വമായ ആ അരമണിക്കൂർനേരത്തേക്കെങ്കിലും കത്തോലിക്കർ തങ്ങളുടെ ജീവിതം പരിശുദ്ധകുർബാനയുടെ ആദർശങ്ങൾക്കു് അനുരൂപമാക്കട്ടെ; സഭയുടേയും പുരോഹിതന്റേയും മിശിഹായുടേയും ചിന്താഗതിയിൽ അവർ ഭാഗഭാക്കുകളാകട്ടെ. അങ്ങനെചെയ്താൽ അതിന്റെ ഫലം, കുർബാനയുടെ സമയത്തേക്കുമാത്രമാകാതെ, ആ ദിവസം മുഴുവൻ നീണ്ടുനിൽക്കും. ഞാനിവിടെ മനുഷ്യന്റെ വിചാരങ്ങളേയും പ്രവൃത്തികളേയും നിയന്ത്രിക്കുന്നതിലുള്ള ഫലസിദ്ധിയെക്കുറിച്ചാണു് പ്രതിപാദിക്കുന്നതു്; അല്ലാതെ, നല്ലവണ്ണം കുർബാനയിൽ സംബന്ധിക്കുന്നതുകൊണ്ടുണ്ടാകുന്ന സ്വർഗ്ഗീയഫലത്തെക്കുറിച്ചല്ല. മേൽപ്പറഞ്ഞതിന്റെ അനിവാര്യഫലമെന്നോണം, ഇപ്രകാരമുള്ള ഒരു സമയത്തു ക്രിസ്തുവിന്റെ മനസ്സുമായി ഐക്യപ്പെട്ടതിനുശേഷം, ഒരു കത്തോലിക്കൻ സ്വയം ബലിയർപ്പിക്കുന്നതിനും പരിത്യജിക്കുന്നതിനും, പീഡകൾ സഹിക്കുന്നതിനും കൂടുതലായുള്ള സന്നദ്ധതയോടെയാണു് തീർച്ചയായും മടങ്ങുന്നതു്. ക്രിസ്തു ആർക്കുവേണ്ടിയാണു പ്രാർത്ഥിക്കുന്നതു് എന്നറിഞ്ഞതിന്റെ ഫലമായി, അവിടുത്തെ മൗതികശരീരത്തിന്റെ സ്നേഹബന്ധത്തിൽ തനിക്കുള്ള സ്ഥാനമെന്തെന്നു് അവൻ മനസ്സിലാക്കുന്നു. ക്രിസ്തു മനുഷ്യർക്കു സ്വയം കീഴ്പെടുത്തുകയും അവരെ ആശ്രയിക്കയും ചെയ്ത വസ്തുത അവൻ അഭിനന്ദിക്കുന്നതോടൊപ്പം, എല്ലായ്പ്പോഴും മററുള്ളവർക്കു സേവനം ചെയ്യുവാൻ അവൻ സന്നദ്ധനായി ഭവിക്കുന്നു. അപ്രകാരം പ്രത്യക്ഷത്തിലുള്ള എല്ലാവിധ സ്വാർത്ഥതല്പരതയ്ക്കും കടകവിരുദ്ധമായ ഒരു മനഃസ്ഥിതി സംസിദ്ധമാകയുംചെയ്യുന്നു."

### ദിവ്യനാഥന്റെ ക്ഷണം

"കുരിശിൽ നിന്നെന്നപോലെ, ഒരു പക്ഷെ ചിലരെ സംബന്ധിച്ചിടത്തോളം കുറേക്കൂടി ഹൃദയസ്പർശകമായ രീതിയിൽ, കെത്താനയിൽ (Corporal) നിന്നും ക്രിസ്തുനാഥൻ നമ്മുടെ ഔദാര്യത്തെ ക്ഷണിക്കുന്നു. പുരോഹിതന്റെ കരങ്ങൾക്കു തിരുവോസ്തി വിധേയമാകുന്നതുപോലെ, ജീവിതവിപര്യയങ്ങൾക്കു വിധേയനായിക്കൊണ്ടു്, യഥാർത്ഥത്തിൽ പരി. കുർബാനയുടെ നേർക്കു ഭക്തി പുലർത്തുന്ന ഒരു കത്തോലിക്കൻ, സാധാരണസാഹചര്യങ്ങളിൽ മനുഷ്യരുടെ സൗഭാഗ്യത്തെ ശിഥിലീകരിക്കുന്നതിനു പര്യാപ്തമായ ഇച്ഛാഭംഗങ്ങളെ തരണംചെയ്യുന്നു. പരിശുദ്ധ കുർബാനയിൽ ക്രിസ്തുവിന്റെ മരണത്തിൽനിന്നും നാം പഠിക്കേണ്ട പാഠം അന്തർലീനമായിട്ടുണ്ടെന്നുള്ളതു വാസ്തവം. എന്നാൽ അതേസമയംതന്നെ അങ്ങേ ജീവിതത്തിൽനിന്നും നാം പഠിക്കേണ്ട പാഠവും അതിൽ അടങ്ങിയിരുപ്പുണ്ടു്. പരിശുദ്ധകുർബാനയിൽ നാം നമ്മുടെ ജീവിതലക്ഷ്യം വായിച്ചറികയും അതേപ്പററി ധ്യാനിക്കുകയും ചെയ്യുന്നു."

### സജീവമായി പങ്കെടുക്കണം

നാം പ. കുർബാനയിൽ സംബന്ധിക്കുമ്പോൾ കേവലം പ്രേക്ഷകരായി വർത്തിക്കുകയോ അധരംകൊണ്ടു കുറെ പ്രാർത്ഥനകൾ ഉരുവിടുകയോ മാത്രം ചെയ്താൽ പോരെന്നും, നമ്മുടെ ഹൃദയവും ചലിക്കേണ്ടതാണെന്നും ബലിയർപ്പിക്കപ്പെടുന്ന ക്രിസ്തുവിനോടു് മാനസികമായി ഐക്യപ്പെട്ടു നമ്മെ ദൈവത്തിനു സമർപ്പിക്കേണ്ടതാണെന്നുമത്രെ മേൽപ്പറഞ്ഞവയുടെ സാരം. ബലിയുടെ സമയത്തു ഈ മനോഭാവം പുലർത്തുകയാണെങ്കിൽ, വർദ്ധമാനമായ ത്യാഗസന്നദ്ധതയോടും സേവനനിഷ്ഠയോടുംകൂടിയായി

രിക്കാം നാം ദേവാലയത്തിൽനിന്നും മടങ്ങുന്നത്. അങ്ങനെ നമ്മുടെ ജീവിതത്തിൽ ക്രിസ്തീയാദർശങ്ങൾ അവയുടെ പ്രകാശകതിരുകൾ വിശുകയും, നാം പുതിയ മനുഷ്യരായി രൂപാന്തരപ്പെടുകയുംചെയ്യും. ബലികർമ്മത്തിൽ സജീവമായി പങ്കുവഹിച്ചുകൊണ്ട് ഈ ഉൽകൃഷ്ടഫലങ്ങൾ പ്രാപിപ്പാൻ നമുക്കു ശ്രമിക്കാം.

## സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

2 ഞാ: പന്തക്കുസ്താ 16-ാം ഞായർ
3 തി: മറിയം മഗ്ദലേത്താ
4 ചൊ: മഞ്ഞുമാതാവിന്റെ പള്ളിക്കൂദാശ
5 ബു: ലൗറന്തിയോസ്
6 വ്യാ: ക്ലാര
7 വെ: സെപ്തിമോസ്
8 ശ: ക. മറിയത്തിന്റെ പിറവി.

## നല്ല പുസ്തകങ്ങൾ

| | |
|---|---|
| ബാലമിത്രം | 1—0—0 |
| മതപാഠം | 1—8—0 |
| ഫാത്തിമായിലെ കുട്ടികൾ | 1—8—0 |
| രക്താംപൂരണ്ട ലില്ലിപ്പുഷ്പം | 0—3—0 |

മാനേജർ മാർളൂയിസ്
മെമ്മോറിയൽപ്രസ്സ്, എറണാകുളം

## പ്രത്യേകശ്രദ്ധയ്ക്ക്

നാഗപ്പുഴ പള്ളിയിൽ എട്ടുനോമ്പു തുടങ്ങുന്നത് സെപ്റ്റംബർ 1-ാംനു ശനിയാഴ്ചയാണ്.

## സൗജന്യവിതരണ ഫണ്ട്

ടി ഫണ്ടിലേക്കു സംഭാവനകളയച്ചുതരുവാൻ മാന്യമഹാജനങ്ങളോടഭ്യർത്ഥിക്കുന്നു. സത്യദീപം സൗജന്യമായി അയച്ചുകിട്ടണമെന്നാഗ്രഹിക്കുന്ന അകത്തോലിക്കർ സ്ഥലത്തെ കത്തോലിക്കാ പള്ളി വികാരിയുടെ ശുപാർശാസഹിതം അപേക്ഷകൾ അയക്കേണ്ടതാണ്.

മെത്രാപ്പോലീത്താ തിരുമനസ്സിലെ

## നാമഹേതുകദിനം

എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസു തിരുമനസ്സിലെ നാമഹേതുകനായ വി. ആഗുസ്തീനോസിന്റെ തിരുനാൾ ആഗസ്റ്റ് 28-ാംനു ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. തലേദിവസം വികാരിജനറാൾ, റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ലദിഞ്ഞും പരിശുദ്ധ കുർബ്ബാനയുടെ വാഴ്‌വും നടത്തപ്പെട്ടു. കാലത്തു 6 മണിക്കു മെത്രാപ്പോലീത്താ തിരുമേനി അരമനക്കപ്പേളയിൽ ദിവ്യബലി അർപ്പിച്ചു. തുടർന്നു റവ. ഫാദർ പോൾ മേക്കുന്നേൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ സുപസ്സുകുർബാനയും അനന്തരം മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ പരിശുദ്ധകുർബ്ബാനയുടെ ആശീർവ്വാദവും "ലാക് ആലാഹാ"യും നടന്നു.

10 മണിക്കു ചേർന്ന അനുമോദനയോഗത്തിൽ, മെത്രാപ്പോലീത്താ തിരുമേനിക്കു മംഗളമാശംസിക്കുവാനായി ആഗതനായിരുന്ന പാലാമെത്രാൻ തിരുമേനിയും, വൈദികരും സന്യാസിനീസന്യാസികളും ഉദ്യോഗസ്ഥാനദ്യോഗസ്ഥരായ അത്മേനിപ്രമുഖരുമുൾപ്പെടെ മാറനവധിപേരും സംബന്ധിച്ചിരുന്നു. അതിരൂപതവക മംഗളപത്രം വെരി റവ. ഫാ. ഫറാൻസിസ് തെക്കേക്കര വായിച്ചു തിരുമനസ്സിലേക്കു സമർപ്പിച്ചു. സെമ്മിനാരികൾ, ആശ്രമങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, ഇടവകകളിലെ ഭക്തസംഘടനകൾ ആദിയായവയുടെവക ഒട്ടേറെ ജ്ഞാനപുഷ്പമഞ്ജരികൾ, ത്യാഗപ്പെട്ടികൾ മുതലായവയും തിരുമനസ്സിലേക്കു സമർപ്പിക്കപ്പെടുകയുണ്ടായി. തിരുഹൃദയ പെററിസെമ്മിനാരി വിദ്യാർത്ഥികൾ "ഫാദർ പ്രോയുടെ രക്തസാക്ഷിത്വം" എന്ന പ്രഹസനവും മററു പല വിനോദരംഗങ്ങളും തന്മയത്വത്തോടുകൂടി അഭിനയിച്ചു.

മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു മംഗളപത്രത്തിനും ജ്ഞാനപുഷ്പമഞ്ജരികൾക്കും നന്ദിപ്രകാശിപ്പിച്ചുകൊണ്ടു ഇപ്രകാരം പ്രസ്താവിച്ചു: വിഷമമേറിയ ഒരു കാലഘട്ടത്തിൽക്കൂടിയാണ് നാമിപ്പോൾ കടന്നുപോകുന്നത്. സനാതനതത്വങ്ങൾ പരിരക്ഷിക്കേണ്ടതിലേക്കായി നാമിപ്പോളൊരു സമരംതന്നെ നടത്തേണ്ടിയിരിക്കുന്നു. ആ സമരം നമ്മിൽത്തന്നെയാണ് ആദ്യമായി നടത്തേണ്ടതു. ദൈവത്തിന്റെ പ്രമാണങ്ങൾ യഥാർത്ഥ്യം അനുസരിച്ചു ജീവിക്കുന്നതിനായി പരിശ്രമിക്കുന്നതിലാണ് ആ സമരം അടങ്ങിയിരിക്കുന്നതു. മനുഷ്യൻ വെറുമൊരു മൃഗമല്ല. ബുദ്ധിയുള്ള ഒരു ജീവിയാണ്. ആ ബുദ്ധി അനുശാസിക്കുന്ന വിധത്തിൽ അവൻ വ്യാപരിക്കണം. ദൈവപ്രമാണങ്ങൾ സ്വാഭാവികബുദ്ധിവഴി ഗ്രഹിക്കാവുന്നവയാണ്. ആകയാൽ അവയനുസരിച്ചു ജീവിക്കുമ്പോഴാണ് ഒരാൾ ബുദ്ധിജീവിയായി ഭവിക്കുന്നതു; അയാൾ മനുഷ്യനാകുന്നതു. ഇപ്രകാരമുള്ളവരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു നാം സർവ്വാത്മനാ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

27-ാംനു-യും 28-ാംനു-യുമായി വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയും മോൺസിഞ്ഞോരന്മാർ, വൈദികർ, എം. എൽ. എ. മാർ, അഭിഭാഷകന്മാർ, പ്രഫസറന്മാർ തുടങ്ങിയ പല പ്രമുഖവ്യക്തികളും തിരുമേനിയെ സന്ദർശിച്ചു മംഗളമാശംസിച്ചകാര്യം പ്രത്യേകം പ്രസ്താവ്യമത്രെ.




നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം കൊച്ചിവിഭാഗത്തിലും പ്രായോഗികമാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് ഗവർമ്മെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ താഴെ ചേർക്കുന്നു. നാലു ചതുരശ്രമൈലിനകത്തു സ്ഥിതിചെയ്യുന്ന ഓരോ പ്രാഥമിക വിദ്യാഭ്യാസമേഖലയിലും ഓരോ കമ്മിററിയുണ്ടായിരിക്കുന്നതാണ്. സീനിയർ പ്രൈമറിസ്കൂൾ ഹെഡ മാസ്റ്റർ കമ്മിററിയുടെ കൺവീനറായിരിക്കും. ഓരോ കമ്മിററിയുടേയും അധികാരപരിധിയിൽപെട്ട വിദ്യാലയങ്ങൾ ഏവയെന്നു വിദ്യാഭ്യാസഡയറക്ടരായിരിക്കും തീരുമാനിക്കുന്നതു. അതാതുമേഖലയിൽ 6 വയസ്സു പൂർത്തിയായ കുട്ടികളെ സ്കൂളിലയക്കുവാൻ പ്രേരിപ്പിക്കുക എന്നതു അവിടത്തെ കമ്മിററിയുടെ ചുമതലയിൽ പെടുന്നു. നിർബന്ധിതമേഖലകളിൽ പ്രൈവററുവിദ്യാലയങ്ങൾ നടത്തുവാൻ ചില വ്യവസ്ഥകൾക്കധീനമായി ഗവർമ്മെന്റു് അനുമതിനൽകുന്നതാണ്.

—സ്റ്റേററ് ട്രാൻസ്പോർട്ടു സർവ്വീസ് ഒരു അത്യാവശ്യസർവ്വീസായി ഗവർമ്മെൻറ് പ്രഖ്യാപിച്ചിരിക്കുന്നു. ഇതനുസരിച്ച് ട്രാൻസ്പോർട്ട ജീവനക്കാർ പണിമുടക്കു നടത്തുകയോ കാരണംകൂടാതെ ജോലിക്കു ഹാജരാകാതിരിക്കുകയോ ചെയ്താൽ അവർക്കു ഒരു കൊല്ലത്തിൽകവിയാത്ത തടങ്കൽശിക്ഷയോ പിഴശിക്ഷയോ നൽകുവാൻ ഗവർമ്മെൻറിനധികാരമുണ്ടായിരിക്കുന്നതാണ്.

—കൊച്ചിയിൽനിന്നും 30 എം. എൽ. എ. മാർ സമർപ്പിച്ചിരുന്ന രാജി നിയമസഭാസ്പീക്കർ സ്വീകരിച്ചിരിക്കുന്നു.

—വെസ്റ്റ്കോസ്റ്റ് ഫിഷറിസ് മാനേജ്മെൻറ് മി. ജേക്കബ് ചെറിയാനിൽനിന്നുവിട്ടുത്തി ഗവർമ്മെൻറ് ഏറെറടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി ചീഫ്മിനിസ്റ്റർവെളിപ്പെടുത്തിയിരിക്കുന്നു.

—സംസ്ഥാനത്തെ ട്രഷറികളിൽ സേവിംഗ്സ് ബാങ്ക് എക്കൗണ്ടു സെപ്റ്റംബർ 1-ാംനു-മുതൽ ആരംഭിക്കുന്നതാണെന്നു ഗവർമ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

—ശ്രീ വി. കൃഷ്ണമേനോൻ പെൻഷൻ പററി പിരിയുന്ന ഒഴിവിൽ തൃശ്ശൂർ ഡിസ്ട്രിക്ട് കളക്ടറായി ശ്രീ തോമസ് മാഞ്ഞൂരാൻ നിയമിതനായിരിക്കുന്നു.

ഓർമ്മക്കുറവ്, തലകറക്കം, തലവേദന മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും സുഖനിദ്രയും ലഭിക്കുന്നതിനും കേശസമൃദ്ധിക്കും ഞങ്ങളുടെ ശിഷ്ടാമൃതം എണ്ണ ഉപയോഗിപ്പിൻ. വില 8 ഔ: കുപ്പി 1 ക്കു 4 ക. പ്രായഭേദംകൂടാതെ ഉപയോഗിക്കാവുന്നതു്.
എം. ജെ. മാത്യു വൈദ്യൻ, മടുക്കക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി

—തിരു-കൊച്ചി സംസ്ഥാനത്തിൽനിന്നും കൊച്ചിയെ വേർപെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൊച്ചിൻ പാർട്ടി എന്ന പേരിൽ മെ. ഇട്ട്യേര അമ്പൂക്കൻ, സി. വി. ഇയ്യു മുതലായവരുടെ നേതൃത്വത്തിൽ ഒരു പുതിയ പാർട്ടി രൂപം പ്രാപിച്ചുവരുന്നു. കൊച്ചിയുടെ വിയോജനം സാധിച്ചാലുടൻ പാർട്ടി പിരിച്ചുവിടപ്പെടുന്നതാണത്രെ.

—തിരു-കൊച്ചി കാത്തലിക് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ ആഗസ്റ്റ് 21-ാംനു കോട്ടയത്തു സമ്മേളിച്ച്, പുതിയ വിദ്യാഭ്യാസപദ്ധതി ഭേദപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവു ഉടനെ പുറപ്പെടുവിക്കണമെന്നും അദ്ധ്യാപകരുടെ ശമ്പളം ക്ലിപ്തപ്പെടുത്തുന്നതിൽ അവരുടെ മൊത്തം സർവ്വീസുകാലം പരിഗണിക്കേണ്ടതാണെന്നും പുതിയപദ്ധതിയുടെ ആവിർഭാവത്തിൽ അടച്ചുപൂട്ടപ്പെട്ടുപോയിട്ടുള്ള വിദ്യാലയങ്ങൾക്കു പുനരംഗീകാരം നൽകണമെന്നും പ്രൈമറിസ്കൂളുകളിലെ ഷിഫ്ററുസമ്പ്രദായം ഉപേക്ഷിക്കണമെന്നും മററും ഗവർമ്മെൻറിനോടഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പാസാക്കിയിരിക്കുന്നു.

—തിരു കൊച്ചി മന്ത്രിസഭാംഗങ്ങളുടേയും മററു കോൺഗ്രസ് നേതാക്കന്മാരുടേയുമിടയിൽ വളർന്നുവന്നിരുന്ന അഭിപ്രായഭിന്നതകൾ പറഞ്ഞൊതുക്കി കോൺഗ്രസിൽ ഐക്യം പുനഃസ്ഥാപിക്കുന്നതിലേക്കായി, ആഗസ്റ്റ് 24-ാംനു കൂടിയ കോൺഗ്രസ് പാർലമെൻററിപാർട്ടി, മന്ത്രിമാർ മൂന്നുപേരേയും സ്പീക്കർ, കെ. പി. സി. സി. പ്രസിഡണ്ട് എന്നിവരേയുമുൾപ്പെടുത്തി ഒരു രഞ്ജകസമിതി രൂപീകരിക്കുകയുണ്ടായി. തദനുസരണം നടന്ന കൂടിയാലോചനകളുടെ ഫലമായി നേതാക്കന്മാർ ഒരൊത്തുതീർപ്പിലെത്തിച്ചേർന്നിരിക്കുന്നതായും സെപ്റ്റംബർ 1-ാംനു കൂടുന്ന പാർട്ടിയോഗത്തിൽ ഒത്തുതീർപ്പുവ്യവസ്ഥകൾ സമർപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായുമറിയുന്നു.

—അടുത്തകൊല്ലത്തേക്കു പുതിയസ്കൂളുകളോ പുതിയ ക്ലാസുകളോ ആവശ്യമുള്ളവർ സെപ്റ്റംബർ 30-ാംനു-ക്കുമമ്പു നിശ്ചിതഫാറത്തിൽ അതതു ഡിവിഷൻ ഇൻസ്പെക്ടർമാരുടെപേർക്കു അപേക്ഷിക്കേണ്ടതാണ്.

—കെ. പി. സി. സി. സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പ്രസ്നോട്ടിൽ സംസ്ഥാനനിയമസഭയിലേക്കോ പാർലമെൻറിലേക്കോ കോൺഗ്രസ് സ്ഥാനാർത്ഥികളായി നിൽക്കാനുദ്ദേശിച്ചിരിക്കുന്നവരുടെ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. അപേക്ഷകർ പാർലമെൻറു സീററിനു 400 ക. ഫീസും 750 ക. നിക്ഷേപത്തുകയും, നിയമസഭാസീററിനു 100 ക. ഫീസും 250 ക. നിക്ഷേപത്തുകയും അയക്കേണ്ടതാണ്. സ്ഥാനാർത്ഥികളായി സ്വീകരിക്കാത്തപക്ഷം നിക്ഷേപത്തുക മടക്കികൊടുക്കുന്നതായിരിക്കും. കോൺഗ്രസ്കാരല്ലാത്തവർക്കും കോൺഗ്രസ് പ്രതിജ്ഞാപത്രത്തിൽ ഒപ്പുവയ്ക്കുകയും കോൺഗ്രസ് ചട്ടങ്ങൾ അനുസരിക്കാമെന്നു വാഗ്ദാനംചെയ്യുകയും ചെയ്യുന്നപക്ഷം അപേക്ഷ അയക്കാവുന്നതാണ്. അപേക്ഷകൾ സെപ്റ്റംബർ 15-ാംനു-ക്കകം കെ. പി. സി. സി. ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

—കോൺ. നേതാക്കന്മാർ തമ്മിൽ നടന്ന കൂടിയാലോചനകളുടെ ഫലമായി മെ. എ. ജെ. ജോൺ, ടി. കെ. നാരായണപിള്ള എന്നിവർ മന്ത്രിസഭയിൽനിന്നും രാജിവച്ചിരിക്കുന്നു. തുടർന്നു രൂപവൽക്കരിക്കപ്പെടുന്ന മന്ത്രിസഭയിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നു മൂന്നുപേരും കൊച്ചിവിഭാഗത്തുനിന്നു രണ്ടുപേരുമുൾപ്പെടെ അഞ്ചു മന്ത്രിമാരുണ്ടായിരിക്കുമെന്നൂഹിക്കപ്പെടുന്നു.

## ഇൻഡ്യാവാർത്തകൾ

ഇൻഡ്യക്കുള്ളിൽ ഇൻഷ്വർചെയ്ത സാധനങ്ങൾ മേൽവിലാസക്കാരനു് എത്തിച്ചുകൊടുത്ത വിവരം അയച്ചയാളെ അറിയിക്കുന്നതു് ഇപ്പോൾ സൗജന്യമായിട്ടാണല്ലോ. എന്നാൽ അടുത്ത സെപ്റ്റംബർ 1-ാംനു-മുതൽ അതിനു് ഒരണ ഫീസ് ചുമത്തുന്നതാണെന്നു് പോസ്റ്റൽ അധികാരികൾ അറിയിച്ചിരിക്കുന്നു.

—ഏതാനുംമാസങ്ങൾക്കുമുമ്പു് കോൺഗ്രസിൽനിന്നും രാജിവച്ച പ്രൊഫസർ എൻ. ജി. രംഗ എം. പി. തന്റെ നേതൃത്വത്തിൽ രൂപീകരിക്കാൻപോകുന്ന "ഭാരത്കൃഷക് മസ്ദൂർ ജനതാ പാർട്ടി" എന്ന പുതിയ രാഷ്ട്രീയപാർട്ടിയുടെ പ്രകടനപത്രിക പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. തിരഞ്ഞെടുപ്പുകാര്യത്തിൽ പ്രസ്തുത പാർട്ടി മസ്ദൂർ പ്രജാപാർട്ടിയുമായി യോജിച്ചുപ്രവർത്തിക്കുന്നതാണത്രെ.

—ഭാഷാപരമായ അടിസ്ഥാനത്തിൽ പ്രോവിൻസുകളെ വിഭജിക്കുക ഏററം വിഷമകരവും അപ്രായോഗികവുമാണെന്നു് ആഭ്യന്തരകാര്യമന്ത്രി ശ്രീ രാജഗോപാലാചാരി പാർലമെൻററിൽ പ്രസ്താവിച്ചിരിക്കുന്നു. ഒരു ഭാഷ അവസാനിക്കുന്നതും മറെറാന്നു തുടങ്ങുന്നതുമായ അതിർത്തി കൃത്യമായി കണ്ടുപിടിക്കുക വിഷമകരമാണെന്നും അതിനാൽ ഭരണപരവും സാമ്പത്തികവും ഭൂമിശാസ്ത്രപരവുമായ അടിസ്ഥാനത്തിൽവേണം പ്രോവിൻസുകളെ വിഭജിക്കുവാനെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെട്ടതു്.

## വിദേശവാർത്തകൾ

കൊറിയായിൽ നടന്നുകൊണ്ടിരുന്ന സന്ധിസംഭാഷണങ്ങൾ പരാജയപ്പെട്ടിരിക്കുന്നതായി റിപ്പോർട്ടുകളിൽ കാണുന്നു. നിഷ്പക്ഷമേഖല എവിടെയായിരിക്കണമെന്നതിനെപ്പററിയാണ് ഇരുകക്ഷികളും തമ്മിൽ പ്രധാനമായും ഭിന്നിപ്പുള്ളതെന്നറിയുന്നു. ഇതിനും പുറമെ സന്ധിസംഭാഷണമേഖലയിൽവച്ച് രണ്ടു ചീനക്കാർ വധിക്കപ്പെട്ടതു് സ്ഥിതിഗതികളെ കൂടുതൽ വഷളാക്കിത്തീർത്തിട്ടുണ്ടു്. ഇതോടെ സമരരംഗങ്ങളിലെല്ലാം സൈനികപ്രവർത്തനങ്ങൾ ഉഗ്രതരമായിത്തീർന്നിട്ടുള്ളതായുമറിയുന്നു.

—പേർഷ്യൻ എണ്ണത്തർക്കം സംബന്ധിച്ച കൂടിയാലോചനകളും പരാജയത്തിൽ കലാശിച്ചിരിക്കയാണ്. പ്രശ്നസംബന്ധമായി ബ്രിട്ടീഷ് പ്രതിനിധിസംഘം നേതാവു് മി. റിച്ചഡ് സ്റ്റോക്സ് നല്കിയ നിർദ്ദേശങ്ങൾ പേർഷ്യൻ ഗവർമ്മെൻറു് നിരാകരിച്ചിരിക്കുന്നു. ആംഗ്ലോ ഇറേനിയൻ കമ്പനി നിലനില്ക്കുവാൻ പാടില്ലെന്നാണ് പേർഷ്യയുടെ നിർബന്ധം. പേർഷ്യൻ ഗവർമ്മെൻറിന്റെ നിയന്ത്രണത്തിലുള്ള ഒരു ബ്രിട്ടീഷ് മാനേജരുടെ കീഴിൽ കമ്പനിയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെ ജോലിക്കിരുത്തണമെന്ന മി. സ്റ്റോക്സിന്റെ അവസാനവാദവും പേർഷ്യ നിരാകരിച്ചതോടെ ബ്രി. പ്രതിനിധിസംഘവും അമേരിക്കൻ മദ്ധ്യസ്ഥൻ മി. ഹാരിമനും പേർഷ്യവിട്ടിരിക്കുന്നു ബ്രിട്ടീഷുദ്യോഗസ്ഥന്മാരെല്ലാം എണ്ണക്കമ്പനി വിട്ടുകൊള്ളുവാൻ ബ്രിട്ടൻ ആജ്ഞാപിച്ചിരിക്കുന്നു.

——

## നിര്യാതനായി

ഞാറയ്ക്കൽ ശങ്കുരിക്കൽ ശ്രീ ചേന്നപ്പൻ ബി. എ. ബി. എൽ. അവർകളുടെ പുത്രൻ മി. സക്കറിയാസ് ആഗസ്റ്റ് 21-ാംനു 24 ാമത്തെ വയസ്സിൽ ചരമം പ്രാപിച്ചിരിക്കുന്നു. R. I. P.

## ചോദ്യോത്തരപംക്തി

**ചോ:** കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങളും മാർട്ടിൻ ലൂഥറിന്റെ ഉപദേശങ്ങളും തമ്മിലുണ്ടായിരുന്ന മൗലികവ്യത്യാസമെന്തു്?

**ഉ:** കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ മാർട്ടിൻ ലൂഥറിന്റെ ഉപദേശങ്ങളിൽ രണ്ടബദ്ധങ്ങൾ മുഴച്ചുനില്ക്കുന്നതായിക്കാണാം. 1. ബൈബിളാണു് വിശ്വാസത്തിന്റെ ഏകാധാരമെന്നും അതിനെ ഓരോരുത്തർക്കും യഥേഷ്ടം വ്യാഖ്യാനിക്കാമെന്നുമുള്ളതു്. 2. രക്ഷപ്രാപിക്കുന്നതിനു വിശ്വാസംമാത്രം മതിയെന്നുള്ളതു്. (ഈ സിദ്ധാന്തങ്ങളെ 1949 സെപ്റ്റംബർ 28, 1950 ജാനുവരി 25 എന്നീ തിയതികളിലെ സത്യദീപത്തിൽ ഖണ്ഡിച്ചിട്ടുള്ളതാണു്.)

**ചോ:** ശുദ്ധീകരണസ്ഥലത്തിൽ പോകാതെ സ്വർഗ്ഗം പ്രാപിക്കുക സാധ്യമാണോ?

**ഉ:** തീർച്ചയായും. പലരും അപ്രകാരം സ്വർഗ്ഗം പ്രാപിക്കുന്നുമുണ്ടു്. പൂർണ്ണമായ ഒരാൾ തക്കതായ മനസ്താപത്തോടുകൂടി ജ്ഞാനസ്നാനം സ്വീകരിക്കയും വീണ്ടും പാപംചെയ്യുന്നതിനുമുമ്പു് മരിക്കുന്നതിനിടവരികയും ചെയ്യുന്നയാളാണെങ്കിൽ അയാൾക്കു തൽക്ഷണം സ്വർഗ്ഗഭാഗ്യം കൈവരുന്നതാണു്. ജ്ഞാനസ്നാനത്തിനുശേഷം പാപത്തിൽ ഉൾപ്പെട്ടിട്ട

---

# For favours received
# through Rev. Sr.
# ALPHONSA.

P. T. T.


---

ള്ളവർക്കു് ശുദ്ധീകരണസ്ഥലത്തിലെ ശിക്ഷകൂടാതെ കഴിക്കാനുള്ള പ്രധാനമാർഗ്ഗങ്ങൾ ഏകതസാക്ഷിത്വം, കൂടെക്കൂടെയുള്ള കുമ്പസാരവും ദിവ്യകാരുണ്യസ്വീകരണവും, ദണ്ഡവിമോചനങ്ങൾ, കർബ്ബാനയെന്ന ദിവ്യബലി, അന്ത്യലേപനം, പരോപകാരപ്രവൃത്തികൾ ആദിയായവയത്രെ. പ്രത്യേകിച്ചു്, അവർ സ്വപാപങ്ങൾ ഓർത്തു് കൂടെക്കൂടെ അനുതപിക്കുകയും യഥാശക്തി പ്രായശ്ചിത്തകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യണം. പാപപരിഹാരാർത്ഥമുള്ള ഉപവാസം, മാംസവർജ്ജനം മുതലായ പ്രായശ്ചിത്തകൃത്യങ്ങൾ സർവ്വസാധാരണങ്ങളാണല്ലോ. മാത്രമല്ല, ഐഹികജീവിതത്തിൽ അനുഭവപ്പെടുന്ന രോഗം, മാനഹാനി, അത്യാഹിതങ്ങൾ ആദിയായ എല്ലാ ക്ലേശങ്ങളേയും ദുരിതങ്ങളേയും മരണത്തെത്തന്നെയും പാപപരിഹാരാർത്ഥം കാഴ്ചവയ്ക്കാവുന്നതാണു്. ശത്രുക്കൾക്കു ഹൃദയപൂർവ്വം മാപ്പുകൊടുക്കുന്നതും മററുള്ളവരിൽനിന്നും അനുഭവിക്കേണ്ടിവരുന്ന ഉപദ്രവങ്ങൾ ക്ഷമാപൂർവ്വം സഹിക്കുന്നതും അവരുടെ പ്രവൃത്തികളെപ്പററി അന്യായമായി വിധികല്പിക്കാതിരിക്കുന്നതും ദൈവകാരുണ്യത്തിനു പാത്രീഭവിപ്പാൻ നമ്മെ സഹായിക്കുന്നതായിരിക്കും. അതേസമയംതന്നെ, നാം ചെയ്യുന്ന സകല കൃത്യങ്ങളും ദൈവമഹത്വത്തെ ലക്ഷ്യമാക്കിയും ദൈവസ്നേഹത്തോടുകൂടിയും നിർവഹിക്കുന്നതു് നമ്മുടെ സമ്മാനാർഹതയെ വർദ്ധിപ്പിക്കുന്നതാണു്. ജീവകാരുണ്യപ്രവർത്തനങ്ങൾക്കു്, ഇന്നത്തെ സാഹചര്യങ്ങളിൽ പ്രത്യേകിച്ചും, സർവ്വപ്രധാനമായസ്ഥാനം നല്കേണ്ടതത്രെ. "കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർക്കു കരുണലഭിക്കും എന്നാണല്ലോ" ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. ശുദ്ധീകരണസ്ഥലത്തിൽ വേദനയനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ആ ശിക്ഷ നമുക്കു് അനുഭവപ്പെടാതിരിക്കുന്നതിനുള്ള സുനിശ്ചിതമായ ഒരു മാർഗ്ഗമാണു്. പഴയ പാപങ്ങളെപ്പററി അനുതപിക്കുന്നതോടൊപ്പം വീണ്ടും പാപം ചെയ്കയില്ലെന്നുള്ള ദൃഢനിശ്ചയം ഉണ്ടായിരിക്കണം. പാപത്തിനു കാരണമായേക്കാവുന്ന എല്ലാവിധസാഹചര്യങ്ങളിൽനിന്നും ഒഴിഞ്ഞുമാറി ജീവിക്കുവാൻ സർവ്വാത്മനാ പരിശ്രമിക്കയും ചെയ്യണം. ഫാദർ മാർട്ടിൻ ജൂജി (Father Martin Jugie) രചിച്ചതും അമേരിക്കയിലെ "ഫാമിലി ബുക്കു ക്ലബ്ബിൽ"നിന്നു പ്രസിദ്ധംചെയ്തിട്ടുള്ളതുമായ "ശുദ്ധീകരണസ്ഥലം" (Purgatory) എന്ന പുസ്തകത്തിൽ (The Newman Press, Westminister, Maryland) ഇത്തരംകാര്യങ്ങളെപ്പററി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്.




വിധിമാളന്റെ അമ്മ സ്തുതിരാഗി പുസ്തകമെഴുതിയാൽ!

അമേരിക്കയിൽ സെൻറ് ലൂയിസ് എന്ന സ്ഥലത്തെ ഒരു ലൂഥറൻ വൈദികനായിരുന്നു റവ. ഡോക്ടർ പ്രൂസ്സ്. അദ്ദേഹമൊരു പുസ്തകമെഴുതി മരിയാഭക്തിക്കെതിരായി. അതിലദ്ദേഹം, മറിയത്തെ ബഹുമാനിക്കുന്നതിനു് കത്തോലിക്കരെ വേണ്ടുവോളം കുററപ്പെടുത്തി. പക്ഷേ മനസ്സാക്ഷി അദ്ദേഹത്തെ ശാസിച്ചുകൊണ്ടിരുന്നു. ആകയാലദ്ദേഹം മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു, കത്തോലിക്കരുടെ വാദമെവം മനസ്സിലാക്കാൻ വരംതരണമെന്നു്. അവരുടെ നിലയാണു് യഥാർത്ഥമെന്നു ബോധ്യ വരുന്നപക്ഷം താൻ എ




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ലഭിച്ച അനുഗ്രഹങ്ങൾക്കു കൃതജ്ഞത.

കുര്യാക്കോസ് മുണ്ടയ്ക്കൽ, കൊററമം.

---

ഴുതിക്കൂട്ടിയവയെല്ലാം പിൻവലിക്കുന്നതാണെന്നും, എതിർപക്ഷം സ്ഥാപിക്കാൻ മറെറാരു ഗ്രന്ഥം രചിക്കുന്നതാണെന്നും അദ്ദേഹം ദൈവത്തോടു് വാഗ്ദാനവു ചെയ്തു. അദ്ദേഹത്തിന്റെ പ്രാർത്ഥന സഫലമായി. അദ്ദേഹമൊരു കത്തോലിക്കനാകയും സ്വവാഗ്ദാനം നിറവേററുകയുംചെയ്തു. ക്രിസ്തുനാഥൻ വിധിചെയ്യാനായി എഴുന്നള്ളിവരുമ്പോൾ, അവിടത്തെ പരിശുദ്ധമാതാവിനെതിരായി ഒരു പുസ്തകമെഴുതി എന്ന ആരോപണം തൻെറമേൽ കൊണ്ടുവരപ്പെടുന്നപക്ഷം അനുകൂലമായ ഒരു വിധി കേൾക്കുന്നതിനു തനിക്കു ഇടവരികയില്ല എന്ന സംഗതിയാണു് അദ്ദേഹത്തിൽ ഈ മഹാപരിവർത്തനം വരുത്തിയതു്.

### ലോകസമാധാനം

19മാസം പ്രായമായതുമുതൽ അന്ധയും ബധിരയുമായിരുന്ന മിസ്സ് ഹെലെൻ കെല്ലറിന്റെ നാമം സുപ്രസിദ്ധമാണു്. അന്ധർക്കുവേണ്ടി ഒരു വിദ്യാലയം സ്ഥാപിച്ചുവെന്നതാണു് അവരുടെ പ്രധാന നേട്ടം. ഒരു യോഗത്തിൽവച്ചു് ഒരാൾ ആരാഞ്ഞു, ഈ മഹതി അവരുടെ ഒരാഗ്രഹം തീർച്ചയായും നിർവ്വഹിക്കപ്പെടുമെന്നു് ഉറപ്പുകിട്ടിയാൽ എന്തായിരിക്കും തിരഞ്ഞെടുക്കുന്നതെന്നു്. എല്ലാവരും അത്യാകാംക്ഷയോടെ മറുപടി പ്രതീക്ഷിച്ചുനിന്നു. ചിലർ വിചാരിച്ചു അവരുടെ കണ്ണുകൾക്കു് കാഴ്ചയോ, ചെവികൾക്കു് കേൾവിയോ ആയിരിക്കും അവർ ആവശ്യപ്പെടാൻ പോകുന്നതെന്നു്. പക്ഷേ മറുപടി തീരെ അപ്രതീക്ഷിതമായിരുന്നു. അല്പനേരത്തെ ആലോചനയ്ക്കുശേഷം അവർ പ്രതിവചിച്ചു: "ലോകസമാധാനമായിരിക്കും ഞാൻ തിരഞ്ഞെടുക്കുക."

---

## ഏജൻറുമാരുടെ ശ്രദ്ധയ്ക്കു്

പത്രം പ്രസിദ്ധപ്പെടുത്തുന്നതിനു് ഒരാഴ്ച മുമ്പു മുതൽ പത്രത്തിന്റെ ആദ്യപേജുകളുടെ അച്ചടി തുടങ്ങുന്നതുകൊണ്ടു കൂടുതൽ പത്രം വേണ്ടവർ വിവരം ഒരാഴ്ച മുമ്പായി ആപ്പീസിൽ അറിയിക്കേണ്ടതാണു്. പത്രം യഥാസമയം അയച്ചുകിട്ടുന്നതിനു് പത്രവില എപ്പോഴും മുൻകൂറായി അടച്ചിരിക്കണമെന്നുള്ള കാര്യം പ്രത്യേകം ഓർപ്പിക്കണമെന്നില്ലല്ലോ. പത്രസംബന്ധിച്ചുള്ള എല്ലാ എഴുത്തുകുത്തുകളിലും മണി ഓർഡറിലും അവരവരുടെ പേരോടൊന്നിച്ചുള്ള നമ്പ്രുകൂടി കാണിച്ചിരിക്കേണ്ടതാണു്. (റജിസ്റ്റർ നമ്പ്രു് C. 101 അല്ല.)

മാനേജർ, സത്യദീപം

## കുരിശുവരയ്ക്കണം

"മുന്നോട്ടു് ഓരോ അടി വയ്ക്കുകയും ഓരോ കാര്യം ചെയ്യാൻ ആരംഭിക്കുകയും ചെയ്യുമ്പോഴും, അകത്തേക്കു വരുമ്പോഴും പുറത്തേക്കു പോകുമ്പോഴും, വസ്ത്രവും ചെരിപ്പും ധരിക്കുമ്പോഴും, കുളിക്കുമ്പോഴും, ഭക്ഷണം കഴിക്കുമ്പോഴും, വിളക്കു കത്തിക്കുമ്പോഴും, കിടക്കുമ്പോഴും, ഇരിക്കുമ്പോഴും, അനുദിനജീവിതത്തിലെ സർവ്വസാധാരണമായ എല്ലാ കൃത്യങ്ങളിലും ഞങ്ങൾ നെററിയിൽ കുരിശുവരയ്ക്കുന്നു" എന്നത്രെ ആദിമശതകങ്ങളിൽ ജീവിച്ചിരുന്ന തെർത്തുല്യൻ എന്ന ക്രൈസ്തവഗ്രന്ഥകാരൻ എഴുതിയിരിക്കുന്നതു്. (De Corona)

---

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

ഫാ. ജെ. പാറേക്കാട്ടിൽ

---

## അനുഗൃഹീതകുടുംബം

ഒൻപതിൽപ്പരം ശതാബ്ദങ്ങൾക്കു മുമ്പാണു്, ഫ്രാൻസിന്റെ ഒരു പരാജ്യമായിരുന്ന ബർഗണ്ടിയിൽ ഹ്യൂഗ് പ്രഭു പ്രതാപത്തോടെ ഭരിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രധാന ആലോചനക്കാരനായിരുന്നു ഫോൺടേയിൻസിലെ പ്രഭുവായ തെസേലിൻ. തെസേലിൻ പ്രഭു മോൺട്ബാർ പ്രഭ്വിയായിരുന്ന ആലീസിനെ പാണിഗ്രഹണംചെയ്തു. 1110ൽ അവൾ ഭാഗ്യമരണം പ്രാപിക്കയിൽ അവർക്കു് ഏഴു സന്താനങ്ങളുണ്ടായിരുന്നു—ആറു പുത്രന്മാരും, ഒരു പുത്രിയും. പുത്രന്മാരിൽ ഒരാളാണു വിശ്വവിശ്രുതനും വേദപാരംഗതനുമായ വി. ബെണ്ണാർദു്. അദ്ദേഹത്തെ അനുഗമിച്ചു സഹോദരന്മാർ അഞ്ചുപേരും—ചിറേറായിലെ ആശ്രമത്തിൽ പ്രവേശിച്ചു. അഞ്ചുപേരും ഇന്നു തിരുസഭയിൽ അനുഗൃഹീതരായി വണങ്ങപ്പെടുന്നു. ഭാര്യയുടെ നിര്യാണാനന്തരം എഴുപതാമത്തെവയസ്സിൽ തെസേലിൻ പ്രഭുവും വി. ബെണ്ണാർദ് ശ്രേഷ്ഠനായിരുന്ന മേല്പറഞ്ഞ ആശ്രമത്തിൽതന്നെ സന്യാസിയായിച്ചേർന്നു. അദ്ദേഹത്തെയും വാഴ്ത്തപ്പെട്ടവനെന്നു നാമകരണം ചെയ്തിട്ടുണ്ടു്. വിവാഹിതയായിരുന്ന ഏകപുത്രി—ഹംബെലയിൻ—സ്വഭർത്താവിന്റെ അനുമതിയോടെ കാലാന്തരത്തിൽ ഒരു കന്യകാമഠത്തിൽ പ്രവേശിക്കയും അചിരേണ അവിടത്തെ മാതൃപിതയായി തിരഞ്ഞെടുക്കപ്പെടുകയുംചെയ്തു. "സ്ത്രീവേഷമെടുത്ത ബെണ്ണാർദു്" എന്ന പേരിലാണു് ആ സുകൃതിനി അറിയപ്പെട്ടിരുന്നതു്. വി. ബെണ്ണാർദിന്റെ സുകൃതകീർത്തിയാൽ ആകൃഷ്ടരായി ബർഗണ്ടിയിലെ പ്രഭുകുമാരന്മാർ തുടർച്ചയായി ചിറേറാ ആശ്രമത്തിൽ പ്രവേശനത്തിനു എത്തിയിരുന്നതുപോലെ, അവിടത്തെ കുലീനകന്യകകൾ പിറകേ പിറകേ, ഹംബേലയിനിന്റെ മഠത്തിൽ ചെന്നുചേർന്നു. തന്നിമിത്തം പന്ത്രണ്ടു പുതിയ മഠങ്ങൾ അവർ സ്ഥാപിക്കേണ്ടതായിവന്നു. 1141-ൽ വി. ബെണ്ണാർദിന്റെ കരങ്ങളിലാണു അവൾ അന്ത്യശ്വാസം വെടിഞ്ഞതു്. അവളും വാഴ്ത്തപ്പെട്ടവൾ എന്നു തിരുസഭയാൽ പ്രഖ്യാപിതയായിട്ടുണ്ടു്. ഈ വിശുദ്ധസന്താനങ്ങളുടെയെല്ലാം ജനയിത്രിയായ ആലീസു് പ്രഭ്വിയും അനുഗൃഹീതപദത്താൽ അലംകൃതയായിട്ടുണ്ടു്.

## വാഴ്ത്തപ്പെട്ട പത്താംപീയൂസിനോടു്

സുകൃതനിധിയായ തൻെറ പിൻഗാമിയെ അനുഗൃഹീതപദത്തിലേക്കു് ഉയർത്തിയ ദിവസം പന്ത്രണ്ടാം പീയൂസു് തിരുമനസ്സുകൊണ്ടു് പത്രോസിന്റെ ദേവാലയത്തിൽവച്ചു ചെയ്ത പ്രസംഗത്തിന്റെ അവസാനത്തിൽ, രണ്ടുലക്ഷം ജനങ്ങളോടൊന്നിച്ചു്, ഉച്ചസ്വരത്തിൽ ഇങ്ങനെ പ്രാർത്ഥിച്ചു:-

ഓ! അനുഗൃഹീതനായ പാപ്പായേ! കർത്താവിന്റെ വിശ്വസ്തശുശ്രൂഷി! ക്രിസ്തുവിന്റെ അജഗണത്തിന്റെ ഇടയനെന്നനിലയിൽ, ദുഃഖത്തിലും സന്തോഷത്തിലും അദ്ധ്വാനത്തിലും ഉൽക്കണ്ഠയിലും ദിവ്യഗുരുനാഥന്റെ വിനീതനും വിശ്വസ്തനുമായ ശിഷ്യാ! അങ്ങേ പൂജ്യാവശിഷ്ടങ്ങളുടെ മുമ്പാകെ സംഘടിതപ്രണാമംചെയ്യുന്ന ഞങ്ങളുടെ നേർക്കു് അങ്ങേ കണ്ണുകളെ തിരിക്കണമേ! ഞങ്ങൾ ജീവിക്കുന്ന ഈ കാലങ്ങൾ ദുഷ്കരങ്ങളാകുന്നു, ഞങ്ങൾ സഹിക്കേണ്ടിവന്നിരിക്കുന്ന യാതനകൾ കഠിനതരങ്ങളാകുന്നു. അങ്ങേ സംരക്ഷണത്തിനു് ഒരിക്കൽ ഭരമേല്പിക്കപ്പെട്ടിരുന്ന ക്രിസ്തുവിന്റെ മണവാട്ടി വീണ്ടും ദുസ്സഹവേദനകൾക്കു വിധേയയായിരിക്കുന്നു. അവളുടെ സന്താനങ്ങൾ ആത്മീയവും ശാരീരികവുമായ നിരവധി വിപത്തുകളെ അഭിമുഖീകരിക്കേണ്ടതായി വന്നിരിക്കുന്നു. ലോകാരൂപി, അലറുന്ന സിംഹം പോലെ, ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ചു, ചുററിനടക്കുന്നു. ഒട്ടനേകർ അതിനിരയായി ഭവിച്ചുവരുന്നു. അവർക്കു കണ്ണുകളുണ്ടു് എങ്കിലും കാണുന്നില്ല. ചെവികളുണ്ടു്, എങ്കിലും കേൾക്കുന്നില്ല. എങ്കിലും നിത്യസത്യത്തിന്റെ വെളിച്ചത്തിനു അവർ കണ്ണുകളെ അടച്ചുകളയുന്നു. അസത്യസന്ദേശങ്ങളെ ഓതിക്കൊണ്ടിരിക്കുന്ന വശീകരണസ്വരങ്ങൾക്കു് അവർ ചെവികൊടുക്കുന്നു. ദൈവജനത്തിന്റെ നിവേശകനും നേതാവുമായ അവിടുന്നു് ഞങ്ങളെ സഹായിക്കുകയും, ഞങ്ങൾക്കുവേണ്ടിയും, ക്രിസ്തുവിന്റെ അനുഗാമികളെന്നു് അഭിമാനിക്കുന്ന ഏവർക്കുംവേണ്ടിയും, പ്രാർത്ഥിക്കുകയും ചെയ്തരുളുക. ലോകം കെട്ടഴിച്ചുവിരിച്ചിരിക്കുന്ന വിപത്തിൽ നിപതിക്കുന്നതു കണ്ടു ഹൃദയംതകർന്ന അങ്ങു് അത്രേവിപൽഘട്ടത്തെ തരണംചെയ്യുന്ന ക്രിസ്തുമതത്തെ സഹായിക്കണമേ. സനാതനസമാധാനത്തിന്റെ വരം ദൈവാനുഗ്രഹത്തിൽനിന്നു ഞങ്ങൾക്കു പ്രാപിച്ചുതരിക. മനുഷ്യവർഗ്ഗത്തെയും രാജ്യങ്ങളെയും ദൈവത്തിന്റെ നീതിയിലേക്കും ഐക്യത്തിലേക്കും പിന്തിരിപ്പിക്കുവാൻ പര്യാപ്തമായ യഥാർത്ഥസഹോദര്യത്തിന്റെ ചൈതന്യം വീണ്ടും ഞങ്ങൾക്കു ലഭിച്ചുതരുമാറാകണമേ.

## ലിജിയൻ ഓഫ് മേരി നിയമവിരുദ്ധമോ?

ചൈനയിൽ ടീൻസിനിലെ കമ്മ്യൂണിസ്റ്റു് സൈനികാധികാരികൾ അവിടത്തെ ലിജിയൻ ഓഫ് മേരി സംഘടനയെ നിയമവിരുദ്ധമാക്കുകയും അതിലെ ഏതാനുമംഗങ്ങളെ അറസ്റ്റുചെയ്യുകയും ചെയ്തിരിക്കുന്നു. "വിദേശീയരായ സാമ്രാജ്യവാദികളുടെ നിയന്ത്രണത്തിൽ നടത്തപ്പെടുന്ന ഒരു വിരുദ്ധവിപ്ലവസംഘടനയാണു് ലിജിയൻ" എന്നാണു് കമ്മ്യൂണിസ്റ്റധികാരികളുടെ ആരോപണം. ചൈനയൊട്ടാകെ ലിജിയൻ നിയമവിരുദ്ധമാക്കണമെന്ന കമ്മ്യൂണിസ്റ്റുപ്ലാൻ അനുസരിച്ചുള്ള പ്രാരംഭനടപടിയാണിതെന്നൂഹിക്കപ്പെടുന്നു.

"WE PREACH CHRIST CRUCIFIED." (I Cor. 1, 23)

## പ്രദീപം

# മർദ്ദനം ഗുണവർദ്ധകം

ഇതിനാൽ നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ഞെരുക്കങ്ങളിൽ എനിക്കു മടുപ്പു തോന്നരുതേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഇതു് നിങ്ങളുടെ മഹിമയാകുന്നുവല്ലോ. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും ആരിൽനിന്നു നാമകരണം ചെയ്യപ്പെടുന്നുവോ, നമ്മുടെ കർത്താവീശോമിശിഹായുടെ ആ പിതാവിന്റെ അടുക്കൽ, അവൻ തന്റെ ആത്മാവുമൂലം നിങ്ങൾ ശക്തിയിൽ ഉറപ്പിക്കപ്പെടുമാറു്, തന്റെ മഹത്വത്തിന്റെ ധനത്തിനുതക്കവണ്ണം നിങ്ങൾക്കു് (വരം) തരേണ്ടതിനും, നിങ്ങളുടെ വേരും അടിസ്ഥാനവും ഉറപ്പിക്കപ്പെട്ടിട്ടു്, മിശിഹാ, വിശ്വാസംമൂലം നിങ്ങളുടെ ആന്തരികമനുഷ്യനിലും സ്നേഹംമൂലം ഹൃദയങ്ങളിലും വസിക്കേണ്ടതിനും, ഉയരവും ആഴവും നീളവും വീതിയും എന്താകുന്നു എന്നു സകല വിശുദ്ധന്മാരോടും കൂടി ഗ്രഹിക്കുവാൻ നിങ്ങൾക്കു് സാധിക്കേണ്ടതിനും, മിശിഹായുടെ സ്നേഹത്തെപ്പററിയുള്ള അറിവിന്റെ വലിപ്പം നിങ്ങൾ അറിയേണ്ടതിനും, ദൈവത്തിന്റെ സകല പൂർണ്ണതയുംകൊണ്ടു് നിങ്ങൾ നിറയ്ക്കപ്പെടേണ്ടതിനും എന്റെ മുട്ടുകൾ ഞാൻ കുത്തുന്നു. എന്നാൽ നമ്മിൽ പ്രവർത്തിക്കപ്പെടുന്ന തന്റെ ശക്തിക്കനുസരണമായി, നാം ചോദിക്കുകയും വിചാരിക്കുകയും ചെയ്യുന്നതിൽ കവിഞ്ഞു്, സകലത്തിലും അധികമായിട്ടു് നമുക്കു് ചെയ്തുതരുവാൻ ശക്തിമൂലം സാധിക്കുന്നവൻ ആരോ, അവനു സഭയിൽ ഈശോമിശിഹാമൂലം എന്നന്നേക്കുമുള്ള എല്ലാ തലമുറകളിലും സ്തുതി ഉണ്ടായിരിക്കട്ടെ. ആമ്മേൻ. (പന്തക്കുസ്താ 16-ാംനു ഞായർ; ലേഖനം: എഫേ. III 13—21)

അൽബേനിയയുടെ തലസ്ഥാനമായ ടിറാനയിലെ റേഡിയോവിൽക്കൂടെ വ്യസനകരമായ ഒരു വാർത്താശകലം വമിക്കപ്പെട്ടു. അതെന്തായിരുന്നു? അൽബേനിയയിലെ കത്തോലിക്കാസഭയെ പരിശുദ്ധ സിംഹാസനത്തിന്റെ അധികാരത്തിൽനിന്നു വേർപെടുത്തുന്ന നിയമം പാസായിക്കഴിഞ്ഞുവെന്നു്. ഇങ്ങനെ കത്തോലിക്കരെ ഒററപ്പെടുത്തിക്കൊണ്ടു് സഭയെ ഭയപ്പെടുത്താനും സഹിതാനുവർത്തിയാക്കാനും സാധിക്കുമെന്നാണു് അവിടത്തെ കമ്മ്യൂണിസ്റ്റു് ഗവമെണ്ടു് വ്യാമോഹിക്കുന്നതു്. ആ രാജ്യത്തെ 120 വൈദികരിൽ 40 പേർ വിചാരണകൂടാതെ വധിക്കപ്പെട്ടു; 30 പേർ തടവിലാണു്; കുറേപേർ നിർബ്ബന്ധസൈനികസേവനം അനുഷ്ഠിക്കുന്നു; 10 പേർ വിദേശങ്ങളിലേക്കു് ഓടിരക്ഷപ്പെടുകയുംചെയ്തു. ചെക്കോസ്ലാവാക്കിയ, പോളണ്ടു്, ഹങ്കറി തുടങ്ങിയ രാജ്യങ്ങളിലെന്നല്ല, ഇന്നത്തെ കമ്മ്യൂണിസ്റ്റു് ചൈനയിലും ഇതുതന്നെയാണു് സ്ഥിതിഗതികൾ. കൽത്തുറുങ്കിൽ കിടന്നു നരകയാതനകൾ അനുഭവിക്കുന്ന—കഠിനമർദ്ദനങ്ങൾ സഹിച്ചു് രക്തമൊലിക്കുന്ന—സഭയുടെ സജീവചിത്രങ്ങളാണു് ഈ രാജ്യങ്ങളിലെല്ലാം നാം ദർശിക്കുന്നതു്. അനാഥക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന വൈദികരും കന്യാസ്ത്രികളും ആ കുഞ്ഞുങ്ങളെ വധിച്ചുകളയുന്നുവെന്നു കുററമാരോപിക്കയും അതിനു തെളിവായി ശവക്കോട്ടയിൽനിന്നു ചില അസ്ഥിപഞ്ജരങ്ങൾ മാന്തിയെടുത്തു പരസ്യമായി പ്രകടിപ്പിക്കയും അങ്ങനെ ആ പരസ്നേഹമൂർത്തികളെ കാരാഗൃഹത്തിലടയ്ക്കുകയുംചെയ്യുന്ന ഒരു പുതിയ അടവു് കമ്മ്യൂണിസ്റ്റു് ചൈനയിൽ ഇപ്പോൾ തുടങ്ങിയിട്ടുണ്ടത്രെ. ശാന്തം പാപം!..... ഇന്നത്തെ ലേഖനം റോമ്മയിലെ കാരാഗൃഹത്തിൽ കിടന്നുകൊണ്ടാണു് വി. പൗലോസ് എഫേസൂസുകാർക്കെഴുതിയതു്. കൽത്തുറുങ്കിലെ യാതനകൾ അദ്ദേഹത്തിനും അനുഭവപ്പെട്ടിട്ടുണ്ടായിരിക്കണം. എങ്കിലും അദ്ദേഹം എഴുതുന്നു: "ഇതിനാൽ നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ഞെരുക്കങ്ങളിൽ എനിക്കു മടുപ്പുതോന്നരുതേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഇതു് നിങ്ങളുടെ മഹിമയാകുന്നുവല്ലോ."

ഈ വാക്യങ്ങൾവഴിയായി വി. അപ്പസ്തോലൻ ഇപ്രകാരം നമ്മെ ഉൽബോധിപ്പിക്കുന്നതായി നമുക്കു സങ്കല്പിക്കാം: "ഞാൻ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടു് കാരാഗൃഹത്തിൽ കിടക്കുന്നുവെന്നുള്ളതു് നിങ്ങളുടെ വിശ്വാസചൈതന്യത്തിനു് ഒരു വിലങ്ങുതടിയാകരുതു്. അങ്ങേ വിശ്വസ്തരായ അനുഗാമികൾക്കു് ക്ലേശങ്ങളും മർദ്ദനങ്ങളുമാണു് ക്രിസ്തുനാഥൻ പ്രവചിച്ചിരിക്കുന്നതു്. അവ ക്രിസ്തുമതത്തിന്റെ സത്യത്തിനും ദിവ്യത്വത്തിനും മതിയായ തെളിവാകുന്നു. എന്നെ സംബന്ധിച്ചേടത്തോളം, ഞാൻ വെറുക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു; എന്തെങ്കിലും കുററം ചെയ്തുകൊണ്ടല്ല, പ്രത്യുത, ക്രിസ്തുവിന്റെ ഒരു പ്രേഷിതനാണു് ഞാൻ എന്നു യൂദന്മാരുടേയും പുറജാതിക്കാരുടേയും മുമ്പാകെ പരസ്യമായി പ്രഖ്യാപിക്കുന്നതുകൊണ്ടും സുവിശേഷം പ്രസംഗിക്കുന്നതുകൊണ്ടുമാകുന്നു. എന്റെ ക്ലേശങ്ങളും കഷ്ടസ്ഥിതിയും നിങ്ങൾക്കു് ഒരിക്കലും അവമാനമല്ല, മറിച്ചു്, നിങ്ങൾക്കു് മഹിമയാകുന്നു. കാരണം, ക്രിസ്തുവിനെപ്രതിയും അങ്ങേ തത്വങ്ങൾക്കുവേണ്ടിയും ജയിൽവാസം കൈവരിക്കയും, തടവിലിരുന്നുകൊണ്ടുപോലും സത്യത്തെ പ്രഖ്യാപിക്കയും, സത്യവിശ്വാസത്തിനുവേണ്ടി ജീവൻ വെടികഴിക്കാൻപോലും സന്നദ്ധനാകയും ചെയ്തിരിക്കുന്ന ഒരു അപ്പസ്തോലനാണു് നിങ്ങൾക്കുള്ളതെന്നു് നിങ്ങൾക്കു് അഭിമാനംകൊള്ളാം." ഈ ഒരു സന്ദേശം തന്നെയാണു് വിവിധ രാജ്യങ്ങളിലെയും മർദ്ദിക്കപ്പെടുന്ന സഭകൾ നമുക്കു നൽകുന്നതു്. "എന്തിനാണു പുറജാതികൾ കോപിക്കയും ജനങ്ങൾ വ്യർത്ഥകാര്യങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നതു്? നമുക്കു് അവരുടെ കെട്ടുകൾ പൊട്ടിച്ചുകളയാം, നമുക്കു് അവരുടെ നുകം എറിഞ്ഞുകളയാം, എന്നു പറഞ്ഞുകൊണ്ടു് കർത്താവിനും അങ്ങേ ക്രിസ്തുവിനും എതിരായി ലോകത്തിലെ രാജാക്കന്മാർ എഴുന്നേൽക്കയും ഭരണാധിപന്മാർ കൂടിയാലോചിക്കുകയും ചെയ്തു" എന്നുള്ള സങ്കീർത്തനവാക്യമാണു് ഇത്തരണത്തിൽ പ്രത്യേകം സ്മരിക്കേണ്ടതു്. നാം നഷ്ടധൈര്യരാകരുതു്. സഭ്യം മർദ്ദനങ്ങൾ അനുഭവിക്കേണ്ടിവരും. ക്രിസ്തു മർദ്ദിക്കപ്പെട്ടു. തന്നിമിത്തം സഭയും മർദ്ദിക്കപ്പെടും; ഇക്കാര്യം അങ്ങുന്നു മുൻകൂട്ടി നമ്മെ അറിയിച്ചിട്ടുമുണ്ടു്. സഭയെ സംബന്ധിച്ചേടത്തോളം മർദ്ദനംഗുണവർദ്ധകമാണു്. അതു നമ്മുടെ മഹത്വമാണു്. ഒമ്പതാം പീയൂസ് മാർപ്പാപ്പാ ഒരിക്കൽ സത്യസഭയുടെ ലക്ഷണങ്ങൾ ഏവയാണെന്നു ചില വൈദികവിദ്യാർത്ഥികളോടു ചോദിച്ചു. അതിനു അവർ: ഏകത്വം, വിശുദ്ധി, ശ്ലൈഹികത്വം, സാർവ്വത്രികത്വം എന്നിങ്ങനെ മറുപടി നൽകി. അപ്പോൾ തിരുമേനി ഇപ്രകാരം പറഞ്ഞു: "പോരാ, ഒന്നുകൂടി ചേർക്കാം: മർദ്ദിക്കപ്പെടുന്നതു്!" അതെ സത്യസഭ മർദ്ദനങ്ങൾ സഹിക്കേണ്ടിവരും. എന്നാൽ നരകവാതിലുകൾ സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ല. ക്രിസ്തുനാഥൻ ലോകാവസാനത്തോളം നമ്മോടുകൂടെ ഉണ്ടായിരിക്കയും ചെയ്യും. കത്തോലിക്കാ രാജ്യങ്ങളും അവയിലെ വിശ്വാസികളും, വൈദികരും, മേലദ്ധ്യക്ഷന്മാരും, കഠിനമർദ്ദനങ്ങൾക്കു വിധേയരായിരിക്കുന്നുവെന്നു കേൾക്കുമ്പോൾ നമ്മുടെ വിശ്വാസം ചാഞ്ചല്യപ്പെടാതെയും പതറാതെയും ഇരിക്കട്ടെ. എന്തുകൊണ്ടെന്നാൽ "ഇതു നിങ്ങളുടെ മഹിമയാകുന്നുവല്ലോ."



ന്യൂയോർക്ക മെത്രാപ്പോലീത്താ, കാർഡിനൽ സ്പെൽമൻ

സമരമർദ്ദനം അവശ്യം സംഭവിച്ചു കഴിയൂ. കാരണം, അതു രണ്ടു് ആദർശങ്ങൾ തമ്മിലുള്ള സംഘട്ടനമാണു്. പണ്ഡിതാഗ്രേസരനായ വി. അഗസ്തീനോസ് "ദൈവനഗരം" എന്ന തന്റെ സുപ്രസിദ്ധമായ ഗ്രന്ഥംവഴിയായി ഒരു തത്വം ഉന്നയിച്ചു: "രണ്ടു പ്രേമബന്ധങ്ങൾ രണ്ടു നഗരങ്ങളെ സൃഷ്ടിച്ചു: ദൈവായത്തമായ സ്നേഹഭാവം ഓർശലം നഗരത്തേയും സ്വാർത്ഥമായ സ്നേഹഭാവം ബാബിലോൺ നഗരത്തേയും. തന്മൂലം ജനതതിയും രണ്ടു നഗരങ്ങളായി പിരിഞ്ഞു. ഓർശ്ലം പക്ഷക്കാരും, ബാബിലോൺ പക്ഷക്കാരും. കാലചക്രഭ്രമണത്തിന്റെ ഗതിവിഗതികളിൽക്കൂടി ഇങ്ങനെ രണ്ടു വമ്പിച്ച സമൂഹങ്ങൾ തുടർന്നുപോന്നു." ഇന്നും ഇങ്ങനെ രണ്ടു വ്യത്യസ്തനഗരങ്ങൾ, അല്ലെങ്കിൽ ലോകങ്ങൾ, ഭൂതലത്തിലുണ്ടെന്നു സൂക്ഷ്മദൃക്കുകൾക്കു് മനസ്സിലാകും. ഒന്നു്, ക്രൈസ്തവലോകം; മറേറതു ക്രൈസ്തവവിരുദ്ധലോകം. ക്രിസ്തീയ സിദ്ധാന്തങ്ങൾ വിശ്വസിച്ചും അവയെ സ്വജീവിതത്തിൽ പ്രതിഫലിപ്പിച്ചും ജീവിക്കുന്ന യഥാർത്ഥക്രിസ്ത്യാനികൾ ഉൾക്കൊള്ളുന്നതാണു് ക്രൈസ്തവലോകം. ക്രൈസ്തവവിരുദ്ധലോകമാകട്ടെ, ദൈവം, മതം, ആത്മാവു്, പാപം, പുണ്യം, മരണാനന്തരജീവിതം എന്നിവയെ ചവിട്ടിമെതിച്ചുകൊണ്ടോ അഗണ്യമാക്കിക്കൊണ്ടോ പാടേ നിഷേധിച്ചുകൊണ്ടോ വെറും ലൗകായതികമായ ജീവിതം നയിക്കുന്നവരെ മാത്രം ഉൾക്കൊള്ളുന്നു. ഈ രണ്ടു മനസ്ഥിതികൾ—രണ്ടു ലോകങ്ങൾ—തമ്മിൽ യാതൊരു പൊരുത്തവുമില്ല. ഇവ തമ്മിൽ യാതൊരു ഒത്തുതീർപ്പും സംദ്ധ്യവുമല്ല. കാരണം, സത്യവും അസത്യവും തമ്മിൽ ഒരു ഒത്തുതീർപ്പു് സാദ്ധ്യമല്ലല്ലോ. തന്നിമിത്തം ക്രൈസ്തവവിരുദ്ധലോകം തന്റെ പ്രചരണതന്ത്രങ്ങൾവഴിയായും പരിഹാസങ്ങൾവഴിയായും, അവസാനം മർദ്ദനങ്ങൾ വഴിയായും, ക്രൈസ്തവലോകത്തെ പീഡിപ്പിച്ചുകൊണ്ടിരിക്കും; ഭരണകൂടം മുഴുവനും അവരുടെ കൈകളിലാണെങ്കിൽ അവക്കതു ക്ഷിപ്രസാദ്ധ്യവുമാണല്ലോ. കാരണം, അവരുടെ സ്വാർത്ഥതയും അസാന്മാർഗ്ഗികതയും ഭൗതികത്വത്തിനും ക്രൈസ്തവലോകംവിലങ്ങടിച്ചുനിൽക്കുന്നതുതന്നെ.

മർദ്ദനങ്ങൾ അനുഭവിക്കുന്ന സഭാവിഭാഗങ്ങളോടു നമുക്കും ചില ചുമതലകൾ ഉണ്ടു്. അവരുടെ ക്ലേശങ്ങൾ നാം കണ്ടില്ലെന്നുവച്ചുയോ അവഗണിക്കയോ ചെയ്യുമ്പോൾ നമ്മുടെ വിശ്വാസം വെറും ഉപരിപ്ലവം മാത്രമായിത്തീരുന്നു. നാമെല്ലാവരും ഒരേശരീരത്തിന്റെ അവയവങ്ങളാണല്ലോ. മിശിഹായാകുന്ന ശിരസ്സിനോടു ഗാഢമായി ബന്ധിക്കപ്പെട്ട ഒരു അവയവമാണു് നാമെങ്കിൽ, തീർച്ചയായും ഇതരാവയവങ്ങളുടെ വേദനകളിൽ നാമും പങ്കെടുത്തേ കഴിയൂ. നേരെമറിച്ചു്, നമുക്കു് ഇക്കാര്യത്തിൽ യാതൊരു വേദനയും അനുഭവപ്പെടുന്നില്ലെങ്കിൽ, യഥാർത്ഥത്തിൽ നാം മിശിഹായുടെ മൗതികശരീരത്തിന്റെ അവയവങ്ങളാണോ, അഥവാ വെറും മരവിച്ച അവയവങ്ങളാണോ, എന്നെല്ലാം സംശയിക്കേണ്ടിയിരിക്കുന്നു. നാം മർദ്ദിക്കപ്പെടുന്ന സഭകൾക്കുവേണ്ടി പ്രാർത്ഥിക്കണം. അങ്ങനെ പ്രാർത്ഥനാജലം, വരപ്രസാദജീവൻ, ക്ലേശിക്കുന്ന അവയവങ്ങളിലേക്കു എത്തിച്ചുകൊടുക്കുവാൻ നാം പരിശ്രമിക്കണം. കമ്മ്യൂണിസ്റ്റു്ഗവമെണ്ടുകൾക്കു് അതതുരാജ്യങ്ങളിലെ സഭയെ ബാഹ്യമായി മാത്രമേ പരിശുദ്ധസിംഹാസനത്തിൽനിന്നും കത്തോലിക്കാലോകത്തിൽനിന്നും ഒററപ്പെടുത്താൻ കഴികയുള്ളു. ആന്തരികമായി, ആദ്ധ്യാത്മികമായി, മൗതികമായി, കത്തോലിക്കാലോകം മുഴുവനും ഒന്നിച്ചിരിക്കും. "വിശ്വാസത്തെപ്രതി മർദ്ദിക്കപ്പെടുന്നവർക്കു് ആത്മധൈര്യം കൊടുക്കേണമെ. അവർ മിശിഹായോടും സഭയോടും വേർപിരിയാത്ത വിധത്തിൽ ഐക്യപ്പെട്ടു ജീവിക്കാൻ ഇടവരുത്തേണമെ" എന്നു 12-ാം പീയൂസ് തിരുമേനിയോടുകൂടി നമുക്കും പ്രാർത്ഥിക്കാം.

(ജെ. ചെമ്മണൂർ)

കട്ടത്തുരുത്തി

കാരാമയിൽ സി. ഒ. ബ്രദേഴ്സ്

സ്വർണ്ണ വ്യാപാരം

പരിഷ്കരിച്ച പണിവാസന—പരിപൂർണ്ണ ഉത്തരവാദിത്വം

## കൃതജ്ഞത

വായ്പൂരു് പഴയപള്ളിയുടെ കപ്പേളയുടെ നാമധാരിയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ അത്ഭുതകരമായി ലഭിച്ച അനുഗ്രഹത്തിനു് കൃതജ്ഞത.

എന്നു് പി. റി. ജോൺ
പിടികയിൽ

## അറിയേണ്ടും കാര്യങ്ങൾ

എന്നു പുസ്തകം തയ്യാറായിക്കഴിഞ്ഞുവോ എന്നും വിലയെന്താണെന്നും മററും ഇപ്പോൾ പല മാന്യസുഹൃത്തുക്കളും ഞങ്ങൾക്കു് എഴുതിക്കൊണ്ടിരിക്കുന്നുണ്ടു്.

എന്നാൽ പുസ്തകം ഇപ്പോൾ അച്ചടിച്ചുകൊണ്ടിരിക്കയാണെന്നും 250 പേജുകളോളം ഉണ്ടാവുമെന്നു പ്രതീക്ഷിക്കുന്ന ആ പുസ്തകത്തിലേക്കുള്ള വിഷയങ്ങൾ മുഴുവനും എഴുതി തീരാത്തതുകൊണ്ടും മററും ഞങ്ങൾ മുൻ അറിയിച്ചിരുന്നതുപോലെ സെപ്റ്റംബർ ഒന്നാം തിയ്യതി (1-9-1951 ക്കു് പുസ്തകം തയ്യാറാവുകയില്ലെന്നും, കടലാസുവിലയും അച്ചടിക്കൂലിയും മാത്രം കൂടുന്ന സംഖ്യ മാത്രമായിരിക്കും പുസ്തകത്തിന്റെ വില എന്നും, പുസ്തകം തയ്യാറാവുമ്പോൾ വിശദവിവരങ്ങൾ പരസ്യം ചെയ്യുന്നതാണെന്നും ഞങ്ങൾ എല്ലാ മാന്യ സുഹൃത്തുക്കളെയും അറിയിച്ചുകൊള്ളുന്നു.

പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതോടുകൂടി എറണാകുളത്തു് ക്യാമ്പു് ചെയ്തുവരുന്ന പതിവു് മുൻ അറിയിച്ചിരുന്നപോലെ നീട്ടൽ ചെയ്യുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

പ്രൊപ്രൈററർ: കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യർ

കാളൻ ആയുർവ്വേദിക് ഫാർമസി (റെയിൽവെസ്റ്റേഷനു സമീപം), നെല്ലായി P.O.

## ഗ്രാമസംവിധാനം


സിസിലിയിൽ പലെർമോയിലെ മെത്രാപ്പോലീത്താ കാർഡിനൽ റഫിനി തിരുമനസ്സുകൊണ്ടു് രാജ്യത്തു് കിടപ്പിടമില്ലാതെ അലഞ്ഞുനടക്കുന്ന കുടുംബങ്ങളുടെ സംരക്ഷണാർത്ഥം കഴിഞ്ഞ മേയ്മാസത്തിൽപുറപ്പെടുവിച്ച ഒരു സഹായാഭ്യർത്ഥനയുടെ ഫലമായി മെസിന എന്ന സ്ഥലത്തു് 700 കുടുംബങ്ങൾക്കു് താമസസൗകര്യം നൽകുവാൻ പോരുന്ന ഒരു ഗ്രാമം നിർമ്മിക്കുവാൻവേണ്ട എല്ലാ നടപടികളും പൂർത്തിയായിരിക്കുന്നു. പുതിയ ഗ്രാമത്തിൽ ഒരു ദേവാലയവും ഒരു വിദ്യാലയവും ഉണ്ടായിരിക്കുന്നതാണു്.

# ഒരു ഭേദഗതി

(തോമസ് സിബാസ്റ്റ്യൻ
ബി. ഏ. എൽ. ററി.)

കർതൃപ്രാർത്ഥനയിൽ ഒരു ഭേദഗതി അവതരിപ്പിക്കാനാണെൻെറപുറപ്പാടു്. ബ. പത്രാധിപർക്കു കോപമുണ്ടാകരുതു്. യാഥാസ്ഥിതികരായ വായനക്കാർ പരിഭവിക്കയുമരുതു്. ഇതു പു. സാ. അല്ല. പു. മാത്രമാണു്.

വർഷം രണ്ടായിരമാകുന്നു അതങ്ങനെ ചൊല്ലിത്തുടങ്ങിയിട്ടു്—കാലത്തിനു വന്ന മാററത്തെപ്പററി ആരും ചിന്തിക്കാതെ. പരിഷ്കാരം എത്ര വർദ്ധിച്ചുവെന്നോ? പക്ഷെ, കർതൃപ്രാർത്ഥനയ്ക്കു് ആരും ഒരു മാററവും വരുത്തിയില്ല.



പബ്ലിക്കു സ്കൂളുകളിലെ പ്രൈമറി വിദ്യാഭ്യാസം പോലും സിദ്ധിച്ചിട്ടില്ലാത്ത ഗുരു—എഴുത്തും വായനയും അഭ്യസിച്ചിട്ടില്ലാത്ത ശിഷ്യന്മാർ—അവർ ഗുരുവിനോടു് ചോദിച്ചു, എങ്ങനെയാണു് പ്രാർത്ഥിക്കേണ്ടതെന്നു്. ദീർഘമായ ആലോചനകളൊന്നുംകൂടാതെ തൽക്ഷണം (Extempore ആയി) ചൊല്ലിക്കൊടുത്ത പദസമൂഹമാണു് ഇന്നത്തെ തത്വജ്ഞാനികൾമുതൽ അക്ഷരജ്ഞാനമില്ലാത്തവർവരെ, ശാസ്ത്രീയ കണ്ടുപിടുത്തക്കാർമുതൽ മരത്തലയന്മാർവരെ, രാജാക്കന്മാർമുതൽ കൂലിവേലക്കാർവരെ, പാപ്പാമുതൽ കുഴിവെട്ടുകാരൻവരെ, കുബേരൻമുതൽ കുചേലൻവരെ, പണ്ഡിതപാമരവ്യത്യാസംകൂടാതെ സകലരും ചൊല്ലിക്കൊണ്ടിരിക്കുന്ന കർതൃപ്രാർത്ഥന.

സൺഡേസ്കൂളുകളിൽ പലപ്പോഴും ഞാൻ കുട്ടികളോടു് ചോദിച്ചിട്ടുണ്ടു്, കർതൃപ്രാർത്ഥനയിൽ അല്പം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തു് അതിനു് ആശയവിപുലീകരണം വരുത്താമോ എന്നു്. അവരിൽ ചില കൊച്ചുമിടുക്കന്മാർ തലപുകഞ്ഞാലോചിച്ചിട്ടുമുണ്ടു്, എന്തെങ്കിലും ഒരു ഭേദഗതി നിർദ്ദേശിക്കാൻ. ഫലമോ? പരാജയം, പരാജയം, പരാജയംമാത്രം.

മുപ്പതുവർഷം മുൻപു് സെൻറ് ബർക്കുമൻസ് ഹൈസ്കൂളിൽ എൻെറ മതാദ്ധ്യയനക്ലാസ്സിൽ ഞാൻ ഈ പ്രശ്നം അവതരിപ്പിക്കുകയും കുട്ടികൾ ഖ്യാതിയടിക്കാൻ തലപുകഞ്ഞാലോചിക്കുകയും ചെയ്തതു ഞാനോർക്കുന്നു. എൻെറബ്രാഹ്മണ ഹെഡ്മാസ്റ്റർ അതു കാരണം ഞാനുമായി ഒരു "തല്ലുപിടുത്ത"മുണ്ടായതും പ്രശാന്തനായ ഞങ്ങളുടെ മാനേജർ റവ. ഫാ. തോമസ് മുരിക്കൻ ഒടുവിൽ ഞങ്ങളെ "കൈപിടിപ്പിച്ചതും" ഇന്നലത്തെ സംഭവംപോലെ ഞാനോർക്കുന്നു.


എന്നാൽ ഇന്നു് എനിക്കൊരു ഭേദഗതി അവതരിപ്പിക്കാനുണ്ടു്. കർതൃപ്രാർത്ഥന ചൊല്ലുന്നതിനുള്ള നമ്മുടെ അർഹതയെ ചോദ്യംചെയ്യുന്ന ഒരു വാക്യം അതിൽത്തന്നെ അതിൻെറ കർത്താവു് ചേർത്തിട്ടുണ്ടു്. അതു നാം കാണുന്നില്ല. കണ്ടാലും ശ്രദ്ധിക്കുന്നില്ല. ശ്രദ്ധിച്ചാലും ചിന്തിക്കുന്നില്ല. ചിന്തിച്ചാലും വകവയ്ക്കുന്നില്ല. "ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ" എന്നല്ലേ നാം പ്രാർത്ഥിക്കുന്നതു്? എൻെറ ഭേദഗതി ഇതാണു്: "ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ" എന്ന ഭാഗം എടുത്തുകളയണം. ബാക്കി വള്ളിപുള്ളിവിസർഗ്ഗത്തിനു് വ്യത്യാസം വരുത്താതെ ചൊല്ലാം.

നമ്മുടെ കടങ്ങൾ—തെററുകൾ—സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവു് നമ്മോടു് എങ്ങനെ ക്ഷമിക്കണമെന്നു പ്രാർത്ഥനയിൽത്തന്നെ സ്വയം സ്പഷ്ടമാണു്. നാം എങ്ങനെ നമ്മുടെ കടക്കാരോടു് ക്ഷമിക്കുന്നുവോ അതുപോലെ നമ്മോടും ക്ഷമിക്കണമേ എന്നല്ലേ നാം പ്രാർത്ഥിക്കുന്നതു്? നമ്മുടെ കടക്കാരോടു് നാം ക്ഷമിക്കാതെ ഈ പ്രാർത്ഥന ചൊല്ലിയാൽ അതിൻെറ അർത്ഥം എന്താണു്! അവരോടു് നാം ചെയ്യുന്നതുപോലെ നമ്മോടും ചെയ്യണമേ എന്നു പറയുമ്പോൾ അവരോടു് നാം ക്ഷമിക്കാത്തതുപോലെ നമ്മോടും ക്ഷമിക്കാതിരിക്കണമേ എന്നല്ലേ അതിൻെറ സാരം. പ്രാർത്ഥനകൊണ്ടു് പ്രതീക്ഷിക്കുന്ന ഫലം കിട്ടാത്തതിൻെറ കാരണം ഇപ്പോൾ വ്യക്തമായില്ലേ? അതുകൊണ്ടാണു് "ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ" എന്ന ഭാഗം ഉപേക്ഷിക്കണമെന്നുള്ള ഭേദഗതി നിർദ്ദേശിക്കുന്നതു്.

മററുള്ളവരുടെ കൈവിരൽ പിടിച്ചു കടിച്ചു നൊമ്പരപ്പെടുത്തുന്ന സ്വഭാവം ചില കുട്ടികൾക്കുണ്ടു്. അവരുടെ കൈവിരൽകൂടി നമ്മുടെ വിരലിനോടു ചേർത്തുവച്ചു കടിക്കാൻ അനുവദിച്ചാൽ കടികൊണ്ടു് നൊമ്പരം കൂടുതൽ ഉണ്ടാകുന്നതു സ്വന്തം വിരലിനാണെന്നു ബോദ്ധ്യംവരുമ്പോൾ കുട്ടികൾ ആ വിനോദത്തിൽനിന്നു വിരമിക്കുക പതിവാണു്. സ്വന്തം കൈവിരൽ കടിച്ചു വേദന അനുഭവിക്കുന്നതുപോലെയാണു് അന്യരോടു് നാം ചെയ്യുന്നതുപോലെ ദൈവം നമ്മോടും ചെയ്യണമെ എന്നപേക്ഷിക്കുന്നതു്.

എന്തു്? ഇത്രയുംപറഞ്ഞിട്ടും എൻെറ വായനക്കാരുടെ നെററി ചുളിഞ്ഞുതന്നെ ഇരിക്കുന്നല്ലോ. ഭേദഗതി വേണ്ടെന്നോ പാടില്ലെന്നോ ഉള്ള ഒരു ഭാവം. വേണ്ടെങ്കിൽ വേണ്ടാ. ഞാനതു പിൻവലിച്ചുകൊള്ളാം. പക്ഷെ ഒരു കാര്യം. അന്യരോടു് ക്ഷമിക്കാൻ നമുക്കാദ്യം പഠിക്കാം. അതിനുശേഷം അവകാശപൂർവ്വം "ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു് ക്ഷമിക്കണമേ" എന്നു പ്രാർത്ഥിക്കാം. കാണാം ഫലമുണ്ടാകുമോ എന്നു്.

ക്ഷമാപണം. സ്വർഗ്ഗസ്ഥനായ എൻെറ പിതാവേ, "ആശാരിപ്പണിക്കാരൻ യൗസേപ്പിൻെറ മകൻെറ" അധരങ്ങളിൽനിന്നു ഞാൻ ശ്രവിച്ച ഈ പദസമൂഹം അഗാധജ്ഞാനിയായ നിൻെറ ഏകപുത്രൻെറ മസ്തിഷ്കത്തിൽ രൂപമെടുത്തവയായതുകൊണ്ടു് അതിനു ഭേദഗതി നിർദ്ദേശിക്കാൻ തുനിഞ്ഞ എന്നോടു് നീ ക്ഷമിക്കേണമേ. അന്യരോടു് ക്ഷമിക്കാതെ നിന്നോടു ക്ഷമയാചിക്കുന്നവർ ചെയ്യുന്നതെന്താണെന്നു അവരറിയുന്നില്ല. അവർക്കും നീ മാപ്പുകൊടുക്കേണമെ.



## പുസ്തകാഭിപ്രായം

### വിശുദ്ധദീപം

(പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ)

കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പുരോഗതിക്കായി മംഗലപ്പുഴ സെമ്മിനാരിയിൽ സ്ഥാപിതമായിട്ടുള്ള എസ്സ്. എച്ച്. ലീഗ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന നിസ്തുലസേവനങ്ങൾ സർവ്വവിദിതമാണു്. പ്രതിമാസപ്രസിദ്ധീകരണങ്ങൾക്കു പുറമെ തർജ്ജമകളായും, സ്വതന്ത്രങ്ങളായും ഒട്ടേറെ ഗ്രന്ഥങ്ങൾ ലീഗ് ഇപ്പോൾ വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ടു്. അതുകൂടാതെ അടുത്തകാലത്തു് കത്തോലിക്കാ നാടകവേദികൾക്കുവേണ്ടി ഒരു ലഘുഗ്രന്ഥപരമ്പരയും ആരബ്ധമായിരിക്കുന്നു. അക്കൂട്ടത്തിലൊന്നാണു് നിരൂപണവിഷയമായിരിക്കുന്ന വിശുദ്ധദീപം.

ക്രിസ്തുനാഥൻെറ പരസ്യജീവിതത്തിലെ ഹൃദയസ്പൃക്കായ രംഗങ്ങളാണു് ഇതിൽ ക്രോഡീകരിച്ചിരിക്കുന്നതു്. കഫർന്നാം തെരുവുമുതൽ, ജറൂസലേം ദേവാലയത്തിലെ മണിമേടവരെ ദിവ്യനാഥൻെറ പരസ്യജീവിതകാലത്തെ സംഭവങ്ങൾ അനതിദീർഘങ്ങളായ അഞ്ചു രംഗങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നു. ആ തിരുനാഥൻെറ അമൃതനിഷ്യന്ദികളായ ഉപദേശങ്ങളും അത്ഭുതപ്രവർത്തനങ്ങളും, സുഖംപ്രാപിക്കുന്ന അന്ധമൂകബധിരശ്രേണികളുടെ ഹർഷാക്രോശങ്ങൾ, ഫരിസേയപ്രമാണികളുടെ കോപാക്രന്ദനങ്ങൾ, ശിഷ്യജനങ്ങളുടെ ഭക്തിപ്രകടനങ്ങൾ, എന്നുവേണ്ട ഈ നാടകവേദി ആദ്യന്തം മുഖരിതമായിരിക്കും. അജ്ഞതയുടെ അന്ധകാരത്തിൽ തപ്പിത്തടയുന്ന പണ്ഡിതമ്മന്യന്മാർക്കു സനാതനവെളിച്ചം വിശിനില്ക്കുന്ന ഈ "വിശുദ്ധദീപ"ത്തിൻെറ ദീപ്തി നമ്മുടെ ബാലികാബാലന്മാരുടെ ഹൃദയകോരകങ്ങളെ വികസിപ്പിക്കുമെന്നുള്ളതിൽ സംശയമില്ല.

സുവിശേഷങ്ങളിൽ വിവരിച്ചിട്ടുള്ള മററുള്ള സംഭവങ്ങളുടെ ആനുബന്ധികത്വം പ്രകൃതഗ്രന്ഥത്തിൽ അല്പം തിരിഞ്ഞുമറിഞ്ഞുപോയിട്ടുണ്ടെങ്കിൽ അതു രംഗവിധാനവിഷയത്തിൽ നാടകകൃത്തിനു് അനുവദിക്കാവുന്ന സ്വാതന്ത്ര്യത്തിൻെറ പരിധിയിൽ ഒതുക്കിനിറുത്താവുന്നതാണു്. ഗ്രന്ഥത്തിൻെറ പ്രണേതാക്കളെ, വിശിഷ്യ, ചെയിതാവായ റവ. ഫാ. ഇൽഡെഫോൺസ് ഒ. സി. ഡി. അവർകളെ ഹൃദയപൂർവ്വം അനുമോദിച്ചുകൊള്ളുന്നു.

(ജെ. കെ. സി.)

### നീഗ്രോകളുടെ നിരയിൽനിന്നു്

(പരിഭാഷകർ: ആൻഡ്രൂ പുത്തമ്പറമ്പിൽ & ആൻറണി നെടുമ്പ്രം. പ്രസാധകർ: എസ്സ്. എച്ച്. ലീഗ്, ആലുവാ. വില ഒരു രൂപാ.)

അധികമാരും അറിഞ്ഞിട്ടില്ല, ആ ജീവിതത്തെപ്പററി. സുന്ദരനായ ഒരു വെള്ളക്കാരനു ഒരു കരിന്തൊലിക്കാരി നിഗ്രോയുവതിയിൽ ജന്മമെടുത്തതാണു് ലോകം അദ്ദേഹത്തിൽ കണ്ടിരുന്ന വലിയ ന്യൂനത. മനുഷ്യനും മനുഷ്യനും തമ്മിൽ വർണ്ണഭേദത്തിൻെറ പേരുപറഞ്ഞു് ഉച്ചനീചത്വങ്ങൾ ഭാവിക്കുന്ന ഒരു ദുഷിച്ച യുഗത്തിലാണു് അദ്ദേഹം ജീവിച്ചതു്. ഭർതൃപരിത്യക്തയായ മാതാവിൻെറ കണ്ണീർക്കണങ്ങൾ മാത്രമായിരുന്നു അദ്ദേഹത്തിൻെറ ആദ്യസമ്പാദ്യം.

പ്രതിമാസഗ്രന്ഥക്ലബ്
ഏറണാകുളം
ആദ്യപുസ്തകം സെപ്റ്റംബറിൽ പുറപ്പെടുന്നു.
ഉടൻ വരിസംഖ്യ കൊടുത്തു പേർ രജിസ്റ്റർ ചെയ്യുക.

പക്ഷെ ഇന്നോ, തിരുസിംഹാസനത്തിൽനിന്നു് അദ്ദേഹം ഒരു സിദ്ധനാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു. അങ്ങനെ വർണ്ണചിന്തകരായ പാശ്ചാത്യർക്കു വേണ്ടാതിരുന്ന ആ വ്യക്തിത്വം ഇന്നു് എത്രയെത്ര "വെള്ളയടിച്ച ശവകുടീര"ങ്ങളെ അതിലംഘിച്ചു മഹത്വം പ്രാപിച്ചിരിക്കുന്നു. ആരാണു് ഈ അത്ഭുതപുരുഷൻ? തെക്കേ അമേരിക്കയിലെ ലീമാപട്ടണത്തിൽ ജീവിച്ചിരുന്ന മർട്ടിൻ ഡി പോറസ്. അദ്ദേഹത്തിൻെറ സംഭവബഹുലമായ ജീവചരിത്രമാണു് "നിഗ്രോകളുടെ നിരയിൽനിന്നു്" മലയാളികളുടെ മദ്ധ്യത്തിലേക്കു വന്നിരിക്കുന്നതു്.

അമ്മയൊരു "അലക്കുകാരി"; മകനോ, മുടിവെട്ടുമുതൽ വൈദ്യവൃത്തിവരെ ഏതു തൊഴിലും അഭിമാനപൂർവ്വം ചെയ്തിരുന്ന സേവനസന്നദ്ധൻ. ഒരു സന്യാസാശ്രമത്തിൽ തുണസഹോദരനായിപ്പോലും ജീവിക്കാൻ തനിക്കു യോഗ്യതയില്ലെന്നു വിചാരിച്ച പരമവിനീതൻ. എങ്കിലും അദ്ദേഹം ഒരു തുണസഹോദരനായി. അങ്ങനെ ആശ്രമഭിത്തികൾക്കുള്ളിൽ അജ്ഞാതനായികഴിഞ്ഞ മർട്ടിനാണു് ഇന്നു ഭുവനവിഖ്യാതനായിരിക്കുന്നതു്. അദ്ദേഹത്തിൻെറ ജീവിതകഥ നമുക്കേററവും ആകർഷകമാണെന്നുള്ളതിൽ സംശയമില്ല.

പ്രകൃതഗ്രന്ഥത്തിലെ പ്രതിപാദനരീതി സരളവും ഹൃദ്യവുമാണു്. പണ്ഡിതനും പാമരനും ഒരുപോലെ വായിച്ചു രസിക്കാം. രചനാരീതിയിൽ കരൾകവരുന്ന ചില കമനീയതകൾ കാണാം. "സുദീർഘമായ ഒരു യാത്രയ്ക്കു ഭാണ്ഡം കെട്ടേണ്ട സമയം സമാഗതമായിരിക്കുന്നു. മെക്സിക്കോയിലേക്കല്ല, നീലാകാശത്തിനപ്പുറത്തേക്കു്. താരഗണങ്ങൾക്കപ്പുറം ആരോ തന്നെ മാടിവിളിക്കുന്നതായി ആ ദൈവദാസൻ കണ്ടു. ഒരു നിമിഷനേരത്തേക്കു മർട്ടിൻെറ അന്തരാത്മാവു സ്വർഗ്ഗത്തിലേക്കുയർന്നു. ഒരു നിശ്ശബ്ദത." (പേജ് 115)

ഇതൊരു മാതൃക മാത്രം. ഇത്തരം സുന്ദരവാക്യങ്ങൾ ഈ ഗ്രന്ഥത്തിൽ ഉടനീളം കാണാവുന്നതാണു്. എല്ലാ കത്തോലിക്കാകുടുംബങ്ങളും ഈ ഗ്രന്ഥത്തിനു സ്വാഗതമരുളുമെന്നുള്ളതിൽ സംശയമില്ല. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിച്ചുകൊള്ളുന്നു.

(ജെ. കെ. സി.)

## "എൻെറ മക്കളേ! ഇതിനാണല്ലോ . . ."

(V. P.)

ആ സംഭവം കഴിഞ്ഞിട്ടു് പത്തുമുപ്പതു കൊല്ലമായെങ്കിലും ഇപ്പോഴും അതെൻെറ ഓർമ്മയിൽ തങ്ങിനില്ക്കുന്നുണ്ടു്. ഞങ്ങൾ പത്തുനാല്പതുപേർ ഒരുമിച്ചു വെക്കേഷൻ പ്രമാണിച്ചു്, തൃശ്ശിനാപ്പള്ളി കോളെജിൽനിന്നും തീവണ്ടിമാർഗ്ഗം മടങ്ങുകയായിരുന്നു. കോളെജുവിദ്യാർത്ഥികൾ മാത്രം കയറിയിരുന്ന മുറിയിലെ മേളവും താളവും ഏതുവിധത്തിലുള്ളതായിരുന്നെന്നു് ഊഹിക്കുകയാണു ഭേദം. ഞങ്ങളുടെ സ്വൈരവിഹാരത്തിൽ കരിനിഴൽ വീശാൻ ഒലവക്കോട്ട ജംക്ഷൻവരെ ആരും ധൈര്യപ്പെട്ടില്ല. അപ്പോഴിതാ "വലിഞ്ഞുകയറി" വന്നിരിക്കുന്നു ഒരു "കാരണോർ." വാർദ്ധക്യം അദ്ദേഹത്തിൻെറ മുഖത്തു ചില വികൃതരേഖകൾ വരച്ചിരുന്നെങ്കിലും ആഭിജാത്യത്തിൻെറ പാടുകൾ മറയ്ക്കുവാൻ അവയ്ക്കു കഴിഞ്ഞിരുന്നില്ല. അദ്ദേഹം യാതൊരു സങ്കോചവുംകൂടാതെ ഞങ്ങളുടെ മുറിയിൽത്തന്നെ ഇരിപ്പുറപ്പിച്ചു. ആ സാന്നിദ്ധ്യം ഞങ്ങൾക്കത്ര ഇഷ്ടമായില്ല എന്നു പറയേണ്ടതില്ലല്ലോ. അഹമഹമികയാ, ഓരോന്നുപറഞ്ഞു ഞങ്ങളദ്ദേഹത്തെ കളിയാക്കിത്തുടങ്ങി. വൃദ്ധനാകട്ടെ പ്രശാന്തഗംഭീരനായി, ആ ഇരിപ്പു ഇരുന്നതേയുള്ളു. ഒരക്ഷരം മിണ്ടിയില്ല.

തീവണ്ടി ഷൊർണൂർ വന്നടുത്തു. വണ്ടി മാറിക്കയറുമ്പോഴെങ്കിലും ഈ "വയ്യാവേലി" വേറെ മുറിയിൽ കയറുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. അതും അസ്ഥാനത്തായി. വൃദ്ധൻ ഒരു നിഴൽപോലെ ഞങ്ങളെ പിന്തുടർന്നു് ഞങ്ങൾ കയറിയ മുറിയിൽത്തന്നെ "പെടച്ചുകയറി." ഇപ്രാവശ്യം ഞങ്ങളെല്ലാം അമ്പരന്നു. "പുള്ളി സാധാരണക്കാരനല്ലല്ലോ!" ഞങ്ങൾ ആത്മഗതംചെയ്തു. ഓരോ ഭയാശങ്കകൾ ഞങ്ങളുടെ അന്തരംഗത്തിൽവന്നു് അണിനിരക്കാനും തുടങ്ങി. "ഒരുപക്ഷേ കാരണോരു് എൻെറ കാരണോന്മാരേയും അറിയുമായിരിക്കും. ഇതെല്ലാം വീട്ടിലെങ്ങാനും ചെന്നു് പറഞ്ഞുകൊടുക്കുമോ, ആവോ?"—ഇങ്ങനെ പലരും പലതും വിചാരിച്ചു. എങ്ങനെയായാലും ഷൊർണൂർ വിട്ടശേഷം ഞങ്ങളുടെ "ബഹുമാന്യാതിഥി"യെപ്പററി യാതൊരു "വിററും" (Wit) അടിക്കുന്നതിനു ഞങ്ങളിലാരും ധൈര്യപ്പെട്ടില്ല. ഞങ്ങൾ വേറെകാര്യങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരുന്നു.

കുറെക്കഴിഞ്ഞപ്പോഴേക്കും, "തൃശ്ശൂർ, തൃശ്ശൂർ; വീടി, പൊടി, സിഗരററ്, വെററില അടയ്ക്ക മുറുക്കാൻ" ഇത്യാദി വിളികൾ ഞങ്ങളുടെ കർണ്ണപുടങ്ങളിൽ മാറൊലികൊണ്ടു. ഓരോരുത്തർക്കും ഇറങ്ങാനുള്ള ആപ്പീസുകൾ അടുത്തടുത്തുവരുന്നല്ലോ എന്നോർത്തു ഞങ്ങൾ ഉത്സാഹഭരിതരായി. അതിനെക്കാളെല്ലാം ആനന്ദദായകമായിത്തോന്നിയതു് അനഭിലഷണീയനായിരുന്ന ആ സഹയാത്രക്കാരൻെറ വേർപാടാണു്. വൃദ്ധൻ സാവകാശത്തിലിറങ്ങി, പ്ലാററുഫോറത്തിൽ നിലയുറപ്പിച്ചു. "സെല്ല്" പോയല്ലോ എന്നോർത്തു ഞങ്ങൾ ദീർഘമായൊന്നു നിശ്വസിച്ചു. പക്ഷെ കാര്യം അവിടംകൊണ്ടവസാനിച്ചില്ല. വൃദ്ധൻ വിജയഭാവത്തോടെ ഞങ്ങളെയെല്ലാവരേയും ഒന്നു സൂക്ഷിച്ചുനോക്കി. അനന്തരം ശാന്തവും ദൃഢവും സ്നേഹമസൃണവുമായ സ്വരത്തിൽ പറഞ്ഞു: "മക്കളേ! ഇതിനാണല്ലോ നിങ്ങളുടെ കാരണോന്മാർ ഇത്രയേറെ പണമെല്ലാം ചെലവുചെയ്തു നിങ്ങളെ കോളെജിലയക്കുന്നതു്!"

ആര്യചരിതനായ ആ വൃദ്ധൻെറ ഊരും പേരും ഞങ്ങൾക്കിന്നും അജ്ഞാതമാണു്. അദ്ദേഹം പണ്ടേക്കുപണ്ടേ മരിച്ചു മണ്ണടിഞ്ഞിരിക്കണം. പക്ഷേ ധർമ്മധീരനായ അദ്ദേഹം അന്നു പഠിപ്പിച്ച പാഠം മറക്കുമോ മാനുഷനുള്ളകാലം?

# വിമർശനവീഥി

## കമ്മ്യൂണിസം വന്നാൽ വർഗ്ഗവ്യത്യാസം വർദ്ധിക്കുകയേയുള്ളൂ

ഇന്ത്യയിൽ പൊതുതിരഞ്ഞെടുപ്പ് അടുത്തുവരുന്ന ഈയവസരത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയും മാർക്സ്യൻ സോഷ്യലിസ്റ്റു പാർട്ടികളും തൊഴിലാളികളേയും പാവങ്ങളേയും സാധാരണക്കാരേയും വശത്താക്കി അവരുടെ വോട്ടുകൾ സമ്പാദിക്കുവാൻ ശ്രമിക്കുകയാണല്ലോ. അതിനവർ ഉപയോഗിക്കുന്ന തന്ത്രം, കമ്മ്യൂണിസമോ മാർക്സ്യൻ സോഷ്യലിസമോ അധികാരത്തിൽവന്നാൽ മുതലാളിയും തൊഴിലാളിയും, ധനവാനും ദരിദ്രനും, വലിയവരും ചെറിയവരും എന്നിങ്ങനെയുള്ള വർഗ്ഗവ്യത്യാസമൊന്നും ഈ രാജ്യത്തുണ്ടാകയില്ലെന്നും വർഗ്ഗരഹിതവും സമത്വസുന്ദരവുമായ വ്യവസ്ഥിതിയായിരിക്കും ഉണ്ടാകുന്നതെന്നും ആളുകളെ പറഞ്ഞു് മയക്കുകയാണു്. ഈ വാദങ്ങളിൽ യാതൊരു യാഥാർത്ഥ്യവുമില്ലെന്നും, കമ്മ്യൂണിസമോ മാർക്സ്യൻ സോഷ്യലിസമോ അധികാരത്തിൽ വരുന്ന പക്ഷം ഇന്നുള്ളതിനെക്കാൾ ഭയങ്കരമായ വർഗ്ഗവ്യത്യാസങ്ങൾ ഇന്നാട്ടിലുണ്ടാകുമെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. താഴെകൊടുക്കുന്ന റഷ്യയിലെ വിവരങ്ങൾ ഇതിനു തെളിവാണു്.

### ബ്രിട്ടീഷ് എം. പി. യുടെ സാക്ഷ്യം

1944-ൽ ബ്രിട്ടീഷ് പാർലമെൻററിലെ ഒരു പ്രതിനിധിസംഘം സോവ്യററു റഷ്യയെ സന്ദർശിക്കുകയുണ്ടായി. ആ സംഘത്തിലെ ഒരംഗമായിരുന്ന പ്രസിദ്ധ ഗ്രന്ഥകാരനും പത്രലേഖകനുമായ കമാൻഡർ സ്റ്റീഫൻ കിംഗ്ഹാൾ എം. പി. തൻെറ സന്ദർശനാനുഭവങ്ങളെ സമാഹരിച്ചു് പ്രസിദ്ധംചെയ്ത ഒരു ലേഖനത്തിലെ ചില ഭാഗങ്ങൾ കണ്ടാലും!

"റഷ്യ വർഗ്ഗരഹിതമായ ഒരു സമുദായമല്ല. അങ്ങനെയാണെന്നു റഷ്യാക്കാരാരും ഭാവിക്കുന്നുമില്ല. അവിടത്തെ പ്രത്യേകവർഗ്ഗങ്ങളെ സാമാന്യമായി താഴെ കാണുന്നതുപോലെ തരംതിരിക്കാം.

1) പട്ടാളോദ്യോഗസ്ഥന്മാർ — ഉദ്ദേശം പതിനായിരം ജനറൽമാരുണ്ടു്.

2) സെക്രട്ടറിയേറ്റധികാരികളും ഉദ്യോഗസ്ഥന്മാരും—ഇവർ വളരെ അധികമാണു്.

3) സാങ്കേതികവിദഗ്ദ്ധരായ സ്ത്രീപുരുഷന്മാർ.

4) ഫാക്ടറിമേധാവികൾ മുതലായവർ.

5) കഥാകാരന്മാർ, ഗ്രന്ഥകാരന്മാർ, കവികൾ, പാട്ടുകാർ.

7) പ്രൊഫസറന്മാരും അദ്ധ്യാപകന്മാരും.

6) സമ്പന്നരായ കൃഷിക്കാരും തൊഴിലാളികളും.

8) കമ്മ്യൂണിസ്റ്റുപാർട്ടിയുദ്യോഗസ്ഥന്മാർ.

9) നയതന്ത്രപ്രതിനിധികളും പത്രലേഖകന്മാരുമുൾപ്പെടെയുള്ള വിദേശികൾ. വർഗ്ഗങ്ങളുടെ ഈ തുക വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. ... ...

"കഥാകാരന്മാരുടെ കൂട്ടത്തിൽ കെ. ബി. ഇ. ക്കു തുല്യമായ സ്ഥാനം വഹിക്കുന്ന ഒരു നാടകകർത്താവിനെ ഞാൻ സന്ദർശിക്കുകയുണ്ടായി. ഈ സ്ഥാനവഹിക്കു് അൻപതിനായിരം റൂബിൾസ് പണമായി കിട്ടുന്നു. അദ്ദേഹത്തിൻെറ നാടകം പൂർത്തിയായപ്പോൾ 25,000 റൂബിൾസ് കിട്ടി; പിന്നീട്ട് അതു കളിക്കുമ്പോൾ പിരിവിൻെറ ഒരു നിശ്ചിതശതമാനവും കിട്ടിവരുന്നു. തൻെറ നാടകങ്ങൾ റഷ്യ മുഴുവൻ കളിക്കുകയാണെങ്കിൽ തനിക്കു് ഒരു കോടീശ്വരനാകുവാൻ സാധിക്കുമെന്നു് ആ നാടകക്കാരൻ പറയുകയുണ്ടായി. അദ്ദേഹം തൻെറ സ്വത്തു് സ്റ്റേററ്ലോണിൽ നിക്ഷേപിക്കുന്നമെന്നേയുള്ളൂ. അതിനു രണ്ടു ശതമാനം പലിശ കിട്ടുന്നതാണു്. പ്രതിവർഷം നിക്ഷേപത്തിൽനിന്നുള്ള ആദായം അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരിക്കും. മരണാനന്തരം മൂലധനം അവകാശികൾക്കായി നീക്കിവയ്ക്കാവുന്നതാണു്.

... ... ...

"റഷ്യൻ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാൎക്കു് യാതൊരു ചെലവുമില്ല. അവരുടെ ശമ്പളം ബ്രിട്ടനിലെ ശമ്പളനിരക്കിനെക്കാൾ വളരെ മെച്ചമാകുന്നു. അവർ അവധിയിൽ മോസ്കോയിലേക്കു പോകുന്നതു് ധാരാളം പണവുമായിട്ടാണു്. അവിടെ ഗവർമ്മെൻറുവകയായുള്ള നിശാക്ലബ്ബുകളിലെ സായാഹ്നവിഹാരങ്ങളിലേർപ്പെട്ടു് അവർ സുഖിക്കുന്നു. കമ്മേർഷ്യൽ റെസ്റ്റോറൻറ് എന്നു പറയപ്പെടുന്ന ഇത്തരം സ്ഥാപനങ്ങളിൽ മ ശക്കണക്കിനു് റൂബിൾസ് ചെലവാക്കി ഭക്ഷണം കഴിക്കാവുന്നതാണു്. എന്നാൽ തൊഴിലാളികൾക്കു നൽകപ്പെടുന്ന സാധാരണഭക്ഷണം ഇതിൽനിന്നൊക്കെ വളരെ ഭിന്നമായതാകുന്നു."

### റഷ്യൻ രാജ്യതന്ത്രജ്ഞൻെറ സാക്ഷ്യം

റഷ്യയിൽ ജനിക്കുകയും, ചെമ്പടയിൽ ചേർന്നു യുദ്ധംചെയ്യുകയും, ബ്രിഗേഡിയർ ജനറൽ എന്ന സ്ഥാനം സമ്പാദിക്കുകയും, ആതൻസിൽ റഷ്യയുടെ സ്ഥാനപതിയായി ഉദ്യോഗം വഹിക്കുകയും ചെയ്തശേഷം സോവ്യററു ഭരണകൂടവുമായുള്ള ബന്ധം വിട്ടു് അമേരിക്കൻ പൗരനായിത്തീൎന്ന അലക്സാണ്ടർ ബാർമയിൻ എന്ന പണ്ഡിതൻ എഴുതിയിട്ടുള്ളതും സാർവ്വദേശീയ ശ്രദ്ധയ്ക്കു വിഷയീഭവിച്ചതുമായ ഒരു ഗ്രന്ഥത്തിലെ ചില ഭാഗങ്ങളും ചേർത്തുകൊള്ളുന്നു:-

"റഷ്യയിലെ തൊഴിലാളികൾക്കു് അവരുടെ വേലയുടെ ഫലത്തിൽ കിട്ടുന്ന ഓഹരി ഏതു മുതലാളിത്തരാജ്യത്തിലും വേലക്കാർക്കു് കിട്ടുന്നതിൽ വളരെ കുറവാണു്. അതു് ഇത്രവളരെ കുറവായിരിക്കുന്നതിൻെറ കാരണം രാജ്യത്തു പ്രത്യേകാവകാശങ്ങളോടുകൂടിയ നിലയിലെത്തിയിട്ടുള്ള പുതിയ ഉദ്യോഗസ്ഥദുഷ്പ്രഭുക്കൾ മുതലാളിയുടെ ഓഹരി പററിയിരുന്നു എന്നതു മാത്രമല്ല, വേലയുടെ ഫലത്തിൽ ഒരു വലിയ ഭാഗം ഉദ്യോഗസ്ഥന്മാരുടെ ദുർഭരണവും കാര്യക്ഷമതാരാഹിത്യവും നിമിത്തം നഷ്ടപ്പെട്ടുപോയതും അതിൻെറ ഒരു കാരണമാണു്... ... ...

"റഷ്യയിലെ തൊഴിലാളികൾ ക്രമേണ എത്ര നിന്ദ്യമായ അടിമത്താവസ്ഥയിലേക്കു് തള്ളപ്പെട്ടുപോയെന്നു് ബാഹ്യലോകത്തിൽ ആർക്കും അറിഞ്ഞുകൂടാ. കെട്ടിച്ചമച്ചുണ്ടാക്കിയിട്ടുള്ള സോവ്യററുകാരുടെ സ്ഥിതിവിവരക്കണക്കുകളെ ചുഴിഞ്ഞു പരിശോധിച്ചിട്ടുള്ളവർക്കുപോലും അറിഞ്ഞുകൂടാ. അടുത്തകാലങ്ങളിൽ റഷ്യയിൽ ജീവിച്ചിട്ടുള്ളവൎക്കുമാത്രമേ അതറിയുവാൻ കഴിയുകയുള്ളൂ:-

"യന്ത്രങ്ങൾ രാഷ്ട്രത്തിൻെറ ഉടമയിൽ ആക്കിക്കൊണ്ടിരുന്ന സമ്പ്രദായം അപജയംതന്നെയായിരുന്നു. തൊഴിലാളിവർഗ്ഗം സ്വാതന്ത്ര്യം പ്രാപിക്കുന്നതിനു പകരം ഈ അപജയം നിമിത്തം കൂടുതൽ ദുരിതം അനുഭവിക്കുകയാണുണ്ടായതു്. രാഷ്ട്രത്തിൻെറ ഉടമയിൽ യന്ത്രങ്ങൾ ആക്കിവച്ചതു നിമിത്തമുണ്ടായ അപജയം വർദ്ധിച്ചതോടുകൂടി വേലക്കാരുടെ ദുരിതവും വർദ്ധിച്ചു. അവരുടെ ദുരിതം വർദ്ധിച്ചതോടുകൂടി പ്രസ്തുത അപജയവും വർദ്ധിച്ചു. ഫാക്ടറികളിൽനിന്നുള്ള ഉല്പാദനത്തിൻെറ കുറവിനുള്ള കാരണം വേലക്കാരുടെ ശക്തിക്ഷയവും ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളുടെ കാര്യക്ഷമതയില്ലായ്മയുമായിരുന്നു. ഈ കാരണം സ്പഷ്ടമായി കാണുകയും ചെയ്യാമായിരുന്നു. വേലക്കാർ ശരിയായി ഭക്ഷണം കിട്ടാതെയും ശരിയായ പാർപ്പിടം ഇല്ലാതെയും ശക്തിയിൽ കവിഞ്ഞു ജോലിചെയ്തു് ഓജസ്സില്ലാത്തവരായിത്തീരുകയും ഇടവിടാതുള്ള അർദ്ധപ്പട്ടിണിയാൽ ക്ഷീണശരീരരായി കഷ്ടപ്പെടുകയും ചെയ്തിരുന്നു.

"റഷ്യയിലെ സോവ്യററു് ഉദ്യോഗസ്ഥദുഷ്പ്രഭുക്കന്മാർ സാരമായ എല്ലാവിധത്തിലും ചൂഷണംചെയ്യുന്ന ഒരുവർഗ്ഗമായിത്തീർന്നിരിക്കുന്നു. വസ്തുവുടമസ്ഥന്മാർ എന്നോ വ്യവസായപ്രവർത്തകന്മാർ എന്ന ജീവിതവൃത്തിയും അവർക്കില്ലെങ്കിലും കാര്യത്തിൽ അതുരണ്ടും അവർക്കുണ്ടു്. എന്തുകൊണ്ടെന്നാൽ രാഷ്ട്രം മുഴുവനും അവരുടെ പിടിയിലാണു്. വ്യവസായം മുഴുവനും രാഷ്ട്രത്തിൻെറ കൈയിലുമാണു്. രാഷ്ട്രമാകട്ടെ രാജ്യത്തെ വ്യവസായത്തിൻെറ ഉടമസ്ഥതവഹിക്കുന്നുണ്ടെന്നു പേരിനുമാത്രം പറയാം. ആ വ്യവസായസംവിധാനം സോഷ്യലിസ്റ്റ്രീതിയിലുള്ളതാണെന്നും പേരിനു മാത്രമേ പറയാവൂ. യഥാൎത്ഥത്തിൽ അതു ചൂഷണത്തിനുള്ള ഒരുപകരണമായിട്ടാണു് തീൎന്നിരിക്കുന്നതു്; അതു വേലചെയ്തു കഷ്ടപ്പെടുന്ന ജനസാമാന്യത്തെ അധഃപതിപ്പിക്കുകയും അവരിൽനിന്നു അപഹരണം നടത്തുകയും ചെയ്യുന്നതിനുള്ള നവീനവും കൂടുതൽ കാര്യക്ഷമവും കൂടുതൽ ഭയങ്കരവുമായ ഒരു ഭരണസമ്പ്രദായത്തിൻെറ ഉപകരണമായിത്തീൎന്നിരിക്കുകയാണു്. സ്റ്റാലിൻ നമ്മെ ഒരു പാഠമെങ്കിലും പഠിപ്പിച്ചിട്ടുണ്ടു്. ആ പാഠമെന്തെന്നാൽ:— വിഭവോല്പാദനത്തിനുള്ള മാർഗ്ഗങ്ങൾ സ്വകാര്യ ഉടമയിൽനിന്നു നീക്കം ചെയ്യുന്നതുകൊണ്ടു് മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന സമ്പ്രദായം അവശ്യം നിൎത്തലാക്കപ്പെടുന്നില്ല. ...

"യുദ്ധത്തിനുമുമ്പു ഞാൻ കണ്ടവിധം സോവ്യററുകാരിൽ പ്രത്യേകാവകാശം അനുഭവിച്ചുപോരുന്ന വർഗ്ഗത്തിൽപ്പെട്ട ഒരാളുടെ ജീവിതരീതി കുറെക്കൂടി വിവരമായി ഞാൻ അനുസ്മരിപ്പിക്കാം. മോസ്കോയിൽ ഗവർമ്മെൻറിൻെറ കെട്ടിടമാണു് അയാളുടെ വസതി. ആ കെട്ടിടത്തിനു് 8 മുറികളുണ്ടു്. സുഖലോലുപതയോടുകൂടി പെരുമാറുവാൻമാത്രം സാമാനങ്ങളും ശുശ്രൂഷിക്കുവാൻ രണ്ടു ഭൃത്യന്മാരും അതിൽ കാണും. ഒഴിവുകാലത്തും എക്സിക്യൂട്ടിവു കമ്മിററിയുടെ വക 9-ാംനമ്പർ വില്ല വിശ്രമത്തിനായി അയാൾക്കു ലഭിക്കുന്നു. രണ്ടോ, മൂന്നോ, നാലോ ഭൃത്യന്മാർ സർക്കാർ ചെലവിൽ അയാളെ ശുശ്രൂഷിക്കുവാൻ കാണും. വേണമെന്നുണ്ടെങ്കിൽ ഒരു പ്രൈവററ് സിനിമായും വിരുന്നുകാൎക്കുള്ള മുറികളും അതിൽ ഉണ്ടായിരിക്കും. സകലവിധ കയികാഭ്യാസങ്ങൾക്കുള്ള ഏർപ്പാടുകളും ചെയ്തുകൊടുക്കും. ഇതിനുള്ള ചെലവെല്ലാം സൎക്കാർ വഹിച്ചുകൊള്ളും. ഒരു "ഉത്തരവുചീട്ടിൽ" തൻെറ കുടുംബത്തിനും വേലക്കാൎക്കും ഇഷ്ടമുള്ളിടത്തോളം വിരുന്നുകാൎക്കും വേണ്ട സുഖസമൃദ്ധമായ ഭക്ഷണങ്ങളുടെ വിവരം കുറിച്ചുകൊടുത്താൽ അതെല്ലാം അയാൾക്കു നൽകപ്പെടും. അതിൻെറ ബില്ലനുസരിച്ചുള്ള പണം ഗവർമ്മെൻറാണു് കൊടുക്കുന്നതു്. ഒന്നോ രണ്ടോ കാറും അവൎക്കുവേണ്ട ഡ്രൈവറന്മാരും ഇഷ്ടാനുസരണം ഉപയോഗിക്കുവാൻ ഉണ്ടായിരിക്കും. എത്രവിലപിടിച്ച ഏതു സാധനവും വേണമെന്നുണ്ടെങ്കിൽ അയാൾ ടെലഫോണിൽ വിളിച്ചുപറഞ്ഞാൽമതി. അയാളുടെ മകനെ ഒരു കോടീശ്വരൻെറ മകനെപ്പോലെയാണു് ഗണിക്കുന്നതു്. അവൻെറ ചൊൽപ്പടിക്കു് സൎക്കാർ ശമ്പളമുള്ള ഭൃത്യന്മാരുമുണ്ടു്. അവനു കളിക്കുവാൻ വിദേശങ്ങളിൽനിന്നു കൊണ്ടുവന്നിട്ടുള്ള കളിക്കോപ്പുകളും, രോഗം പിടിപെട്ടാൽ അവനെ ചികിത്സിക്കാൻ പ്രസിദ്ധന്മാരായ ഡോക്ടറന്മാരുമുണ്ടു്. തനിക്കു് ആവശ്യമുള്ളതു് എന്തും ലഭിക്കുന്നതിനു പിതാവിനോടു ചോദിച്ചാൽ അദ്ദേഹം ടെലഫോണിൽ വിളിച്ചുപറഞ്ഞു് അതു വരുത്തിക്കൊടുക്കുമെന്നു് അവനറിയാം. ഈ ഉൽകൃഷ്ടവൎഗ്ഗക്കാരായ ഉദ്യോഗസ്ഥന്മാർ ഒഴിവെടുത്തു കേവലം ആരോഗ്യപരമായ വിശ്രമമനുഭവിക്കുവാൻ കോക്കസസിലേക്കോ, ക്രിമിയായിലേക്കോ പോകണമെന്നു വിചാരിക്കുന്ന പക്ഷം അവർ ചെല്ലുന്ന സ്ഥലത്തെല്ലാം ഇതേസുഖസൗകര്യങ്ങൾ കണ്ടെത്തും. കുടുംബസഹിതം അവിടേക്കുള്ള യാത്ര നിദ്രാസൗകര്യമുള്ള കാറുകളിലോ പ്രത്യേക വണ്ടികളിലോ പ്രത്യേക തീവണ്ടികളിൽ തന്നെയോ സൎക്കാർ ചെലവിൽ നടത്തിക്കൊള്ളും."

### ആസ്ത്രേലിയൻ സ്ഥാനപതിയുടെ സാക്ഷ്യം


റഷ്യയിൽ ആസ്ത്രേലിയൻ ഗവർമ്മെൻറിൻെറ സ്ഥാനപതിയായിരുന്നപ്പോൾ മി. ജേനസഫ് മലോണി 1945-ൽ ആസ്ത്രേലിയായിൽ സന്ദർശനാർത്ഥം മടങ്ങിച്ചെന്ന അവസരത്തിൽ ഫെഡറൽ പാർലമെൻററി ലേബർപാർട്ടിയുടെ ഒരു രഹസ്യയോഗത്തിൽ താഴെകാണുംവിധം പ്രസ്താവിക്കുകയുണ്ടായി:

"റഷ്യാക്കാർ ഒരു പുതിയ പ്രഭുവർഗ്ഗത്തെ സൃഷ്ടിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങൾക്കും ഉന്നതസ്ഥാനികളായ ടെക്നിഷ്യന്മാൎക്കും സാമാന്യതൊഴിലാളികളെക്കാൾ അനേകം മടങ്ങു ഗണന നൽകപ്പെടുന്നതാണു് ഇതിൻെറ അടിസ്ഥാനം. റെസ്റ്റോറൻറുകളിൽ അഞ്ചുതരം റേഷൻ ടിക്കററുകളുണ്ടു്. ഈ തരവ്യത്യാസം ചെയ്യുന്നതു വേലയുടെ തരത്തേയും ടിക്കററ് കിട്ടുന്നവനു് കമ്മ്യൂണിസ്റ്റ്പാർട്ടിയിലുള്ള നിലയേയും ആശ്രയിച്ചാണിരിക്കുന്നതു്. രണ്ടുംം സാർ ചക്രവർത്തിയുടെ കാലത്തുണ്ടായിരുന്ന റഷ്യയിലെപ്പോലെതന്നെ അത്ര കടുത്ത വൎഗ്ഗവ്യത്യാസം അവിടെ ഇപ്പോഴുമുണ്ടു്. ഗവർമ്മെൻറു് നിയന്ത്രണത്തിലുള്ള സ്റ്റോറുകളിൽ യാതൊരു ഒളിവും മറവും കൂടാതെ കരിഞ്ചന്തപ്രവൎത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഉയൎന്ന നിലയിലിരിക്കുന്നവർ എന്താവശ്യപ്പെടുന്നോ അതെന്തുംതന്നെ അവൎക്കുകിട്ടും. നേരെമറിച്ചു സാധാരണ വേലക്കാൎക്കു അത്യാവശ്യത്തിനു വേണ്ടവപോലും കിട്ടുന്നില്ല."

ആൎക്കും നിഷേധിക്കാൻ സാധിക്കാത്തവിധം അത്രയഥാൎത്ഥങ്ങളായ റഷ്യയിലെ മേല്പുദ്ധരിച്ച വൎഗ്ഗവ്യത്യാസങ്ങൾ ഇന്നാട്ടിലെ തൊഴിലാളികളുടേയും മററു പാവങ്ങളുടേയും സാധാരണക്കാരുടേയും അറിവിൽ പെട്ടിരുന്നെങ്കിൽ!!

—— 

### വിനോദവീഥി



"സാറെ കുട്ടപ്പൻ, അവൻെറ ഓലക്കുട കൊണ്ടടിച്ചു് എൻെറ കുടയെല്ലാം ഒടിച്ചു സാറെ—ഹി—ഹ്ഹം—ം"

കുട്ടപ്പൻ: "സാറെ അവൻ സാറിൻെറ പുസ്തകത്തിലൊക്കെ വെള്ളമൊഴിക്കുമെന്നു് പറഞ്ഞിട്ടാ സാർ ഞാൻ കുടക്കമ്പി ഒടിച്ചതു്...."

* * *

ഡെയിസി: "നമ്മളെല്ലാവരും മോക്ഷത്തിൽ പോവോ, അമ്മേ?"

അമ്മ: "തീർച്ചയായും."

ഡെയിസി: "അപ്പനും പോവോ?"

അമ്മ: "എന്താ സംശയം?"

ഡെയിസി: "അപ്പനതിനു സമയമുണ്ടാവോ?"

* * *

അർദ്ധരാത്രി ഡോക്ടൎക്കു് ഒരു ഫോൺ സന്ദേശം ലഭിച്ചു: "ഡോക്ടർ, ഡോക്ടർ, വേഗം വരണം. എൻെറ ഭാര്യക്കു അപ്പെൻഡെസൈറിസ് ആണെന്നു തോന്നുന്നു."

ഡോക്ടർ: "പരിഭ്രമിക്കേണ്ട. നിങ്ങളുടെ ഭാര്യയുടെ അപ്പെൻഡിക്സ് രണ്ടുകൊല്ലംമുമ്പു് ഞാൻതന്നെയാണു് എടുത്തുമാററിയതു്. ഒരു സ്ത്രീക്കു് രണ്ടു് അപ്പെൻഡിക്സ് ഉള്ളതായി വല്ലപ്പോഴും കേട്ടിട്ടുണ്ടോ?"

മറുപടി: "ഒരു പുരുഷൻ രണ്ടുപ്രാവശ്യം വിവാഹം ചെയ്തതായി വല്ലപ്പോഴും കേട്ടിട്ടുണ്ടോ?"

* * *

"ആളെക്കണ്ടിട്ടു് അറിയാതായല്ലോ. കറുത്തുചുരുണ്ട മുടിയെല്ലാംപോയി കഷണ്ടിയായല്ലോ. അന്നെന്തു വണ്ണമായിരുന്നു! ഇപ്പോഴൊരു വൈക്കോലിഴ. കണ്ണെല്ലാം കുഴിഞ്ഞല്ലോ. എനിക്കാശ്ചര്യം തോന്നുന്നു. തനിക്കെന്തുപററി മിസ്റ്റർ ജോൺ?"

"ഞാൻ ജോണല്ലല്ലോ."

"അപ്പോൾ പേരും മാറിയോ?"

# Sathya Deepam

Vol. 25 — Ernakulam August 29, 1951 — No. 3


## "നിങ്ങൾ നല്ലവരായിരിപ്പിൻ"

(ശ്രീ കെ. സി. ചാക്കോയുടെ ഉദ്ബോധനം)

തൃശൂർ "മഹാരാജാസ് ടെക്കനലോജിക്കൽ ഇൻസ്റ്റിട്ട്യൂട്ടി"ന്റെ പ്രിൻസിപ്പാളായ ശ്രീ കെ. സി. ചാക്കോ എം. എ. ബി. ഇ., എ. എം. ഐ. ഇ., യു. എസ്. ഗവമ്മെന്റിന്റെ ക്ഷണപ്രകാരം ഉപരിവിദ്യാഭ്യാസാർത്ഥം നോട്ടർഡാം സർവ്വകലാശാലയിലേക്ക പോകുന്നതു പ്രമാണിച്ച് പ്രസ്തുത കോളെജിലെ വിദ്യാർത്ഥിയൂണിയന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 14-ാംനു- ഒരു യാത്ര അയപ്പു നല്കിയിരിക്കുന്നു. യോഗത്തിൽ ശ്രീ. കെ. എ. ലിയോൺസ് അദ്ധ്യക്ഷതവഹിക്കുകയും



ശ്രീ കെ. വി. തമ്പി, ശ്രീ ടി. ആർ. ഗോപി, ശ്രീ പി. സി. ലൂയിസ്, ശ്രീ എം. ഗംഗാധരൻ, ലക്ചറർ ശ്രീ ബി. കെ. മാധവൻനായർ, ശ്രീ പി. ആർ. ശങ്കരനാരായണൻ, ശ്രീ കെ. പ്രഭാകരൻ, ശ്രീ എ. ബാലകൃഷ്ണൻ എന്നിവർ ശ്രീ ചാക്കോയുടെ വ്യക്തിവിലാസത്തെ അധികരിച്ചു പ്രസംഗിക്കുകയും ചെയ്തു.

മംഗളാശംസകൾക്കും സ്നേഹാദരങ്ങൾക്കും കൃതജ്ഞത പറഞ്ഞുകൊണ്ടു് ശ്രീ കെ. സി. ചാക്കോ പറഞ്ഞ മറുപടിപ്രസംഗം ഇപ്രകാരം സംഗ്രഹിക്കാം. ഇന്നു വൈകുന്നേരം ഞാൻ ഇവിടംവിട്ടുപോവുകയാണ്. ഇന്നു് ഏറാവും പരിഷ്കൃതമെന്നു് അറിയപ്പെടുന്ന രാജ്യത്തിലേക്കു് —മനുഷ്യനു സഞ്ചരിക്കുവാനും, സംസാരിക്കുവാനും, സമ്പാദിക്കുവാനും സൗകര്യമുള്ള അമേരിക്കയിലേക്കു്— പോവുകയാണ്. സമ്പൽസമൃദ്ധിയും ഭൗതികോന്നതിയും ഉള്ള രാഷ്ട്രങ്ങൾ വേറെയും ഉണ്ടു്. റഷ്യയിലും പല നേട്ടങ്ങൾ ഉണ്ടു്. എന്നാൽ ഒരു ചെറിയ വിഭാഗം ഒഴികെയുള്ളവർക്കാർക്കും സംസാരിക്കുവാനോ സഞ്ചരിക്കുവാനോ ഒന്നിനും സ്വാതന്ത്ര്യമില്ല. അമേരിക്കയിലാകട്ടെ മനുഷ്യന്റെ വ്യക്തിത്വവും സ്വാതന്ത്ര്യവും പാലിക്കുവാൻ ആക്കും സ്വാതന്ത്ര്യമുണ്ടു്. പുറത്തുള്ളവരെ അവർ ക്ഷണിക്കുന്നു, അവരുടെ രാജ്യാന്തർഭാഗത്തുള്ള മഹാനേട്ടങ്ങളെ കണ്ടുമനസ്സിലാക്കി മനുഷ്യസമുദായത്തിനു് മേന്മവരുത്തുവാൻ.

ഇൻഡ്യായിൽനിന്നു നോട്ടർഡാമിലേക്കുപോകുന്നവഴി ലണ്ടനും ന്യൂയോർക്കും കടന്നുപോകേണ്ടതുണ്ടു് എനിക്കു്. ഒരു മാസത്തിനുശേഷം ഞാൻ അവിടെ ചെന്നെത്തും.

നിങ്ങൾ എന്നെ ഒരു ചെറിയ ആളായി ചിത്രീകരിച്ചു. പരമാർത്ഥത്തിൽ ഞാൻ ചെറിയ ഒരാൾതന്നെ. ചെറുതായെങ്കിലേ വളരുവാൻ സാധിക്കൂ. മനുഷ്യജീവികൾക്കു ശരിയായ രൂപം നൽകുന്ന ഒരു കലാകാരനായിരിക്കുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. സംസാരിക്കുവാനും എഴുതുവാനും ലഭിക്കുന്ന അവസരങ്ങൾ ഞാൻ പാഴാക്കാറില്ല. എനിക്കു് പലതും പഠിക്കാനുണ്ടു്. മടങ്ങിവരുമ്പോൾ ഞാൻ അമേരിക്കയിൽ നല്ലതായി കാണുന്നവയെ നിങ്ങളോടു പറയാം. നല്ലതും ചീത്തയുമായ പലതിനേയും നാം കാണുന്നു. എല്ലാം നല്ലതായിരിക്കുകയില്ല. അവയെ വിവേചിച്ചറിയേണ്ടതുണ്ടു്. നന്മചെയ്തെങ്കിലേ ലോകത്തെ ഉദ്ധരിക്കാൻ സാധിക്കൂ. ചെറിയചെറിയ പരസ്നേഹപ്രവൃത്തികൾകൊണ്ടു നമുക്കു് മനുഷ്യനേയും ലോകത്തേയും ഉദ്ധരിക്കാൻകഴിയും. അശ്ലീലതയും അസാന്മാർഗ്ഗികതയും മൂലം അധഃപതിച്ചു ഒരു സംസ്കാരത്തിലേക്കു് ഓടുന്ന ലോകത്തെ അതേപടി വിട്ടുവാൻ നമുക്കു നിവൃത്തിയില്ല. തിന്മയാൽ അന്ധകാരാവൃതമാകുന്ന ലോകത്തിൽ നമ്മുടെ കൈത്തിരികൾ കത്തിക്കുവാൻ നാം തയ്യാറാകണം. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവദാനങ്ങളെ ദൈവമഹത്വത്തിനായി വിനിയോഗിക്കുക. മററുള്ളവരുടെ അധഃപതിച്ച പാരമ്പര്യം നിങ്ങളെ തരംതാഴ്ത്തുന്നതിനു ഇടയാകാതിരിക്കട്ടെ. അഭ്യസ്തവിദ്യരായി പുറത്തിറങ്ങുന്ന നിങ്ങൾ അങ്ങാടിയിൽ പരിശീലിക്കുന്ന അസംസ്കൃതരെക്കാൾ വളരെ വ്യത്യസ്തരായി, ഞങ്ങളുടെ അഭിമാനസ്തംഭങ്ങളായി ശോഭിച്ചുകാണ്മാനാണു് നിങ്ങളിൽ വിജ്ഞാനബീജം വിതയ്ക്കുന്ന ഞങ്ങൾ ആഗ്രഹിക്കുന്നതു്. ദൈവം ചിലപ്പോൾ അളവില്ലാത്തവണ്ണം നല്ലവനായി നമുക്കു അനുഭവവേദ്യമാകാറുണ്ടു്. എന്നെ ദൂരത്തിലേക്കു് അയക്കുന്ന അവിടുന്നു് എന്നോടു് കൂടുതൽ സ്നേഹം പ്രകടിപ്പിക്കുന്നു. അപ്പോൾ അവിടുന്നു് എന്നോടു് കൂടുതൽ സ്നേഹം ആവശ്യപ്പെടുന്നു.

അവിടുന്നു് നമുക്കു് കൂടുതൽ അനുഗ്രഹങ്ങൾ ചെയ്യുമ്പോൾ നാം അവിടുത്തോടു് കൂടുതൽ കൃതജ്ഞത പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ നല്ലവരായിരിപ്പിൻ, അതേ നിങ്ങൾ നല്ലവരായിരിപ്പിൻ, ഇതാണു് എനിക്കു നിങ്ങളോടു പറയുവാനുള്ളതു്.

## ഇടവകവാർത്തകൾ

കുണിഞ്ഞി: വിൻസെന്റ് ഡി പോൾ സെംസൈററിയുടേയും സൊഡാലിററിയുടേയും സംയുക്താഭിമുഖ്യത്തിൽ ജൂലൈ 29-ാംനു- റവ. ഫാ. പീററർ പരവര അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടി ഇടവകയിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ കൂടുതൽ പ്രചരിപ്പിക്കുന്നതിനും മിഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു.

—മുട്ടുചിറ: ഡിനാജപൂർ മിഷനറി റവ. ഫാ. ജേക്കബ്ബ് എളമ്പാശേരിയുടെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 6-ാംനു- കൂടിയ യോഗത്തിൽവച്ചു് സ്ഥലത്തെ മിഷൻലീഗ് ഔപചാരികമായി ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു. മെ. എം. വി. സിറിയക്കു് (പ്രസിഡണ്ടു്) ജോസഫ് കരിശുങ്കൽ (സിക്രട്ടറി), ജേക്കബ്ബ് മാഞ്ഞൂരാൻ (ഖജാൻജി) എന്നിവരടങ്ങിയ ഒരു കമ്മിററിയും രൂപവൽക്കരിക്കപ്പെട്ടു.

—കുന്നംമൂച്ചി: സെന്റ് അസിസി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 5-ാംനു- ഒരു യോഗം ചേർന്നിരിക്കുന്നു.

—കല്ലൂക്കാട്ട്: സത്യാരാധന സഖ്യാംഗങ്ങളുടെ ശ്രമഫലമായി ആഗസ്റ്റ് 15-ാംനു- വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ഒരു ശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു. അന്നേദിനം സഖ്യാംഗങ്ങളുടെ ചെലവിൽ നൂറോളം സാധുക്കൾക്കു് ഉച്ചഭക്ഷണം നൽകുകയുണ്ടായി.

—മുല്ലശ്ശേരി: വിൻസെന്റ് ഡി പോൾ സഖ്യം, ഇടവകഗ്രന്ഥാലയം എന്നിവയുടെ ഉൽഘാടനവും പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളും പ്രമാണിച്ചു് ആഗസ്റ്റ് 15-ാംനു- വെരി റവ. ഫാ. സക്കറിയാസ് വാഴപ്പിള്ളി അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേർന്നു. മെ. സി. ഏ. പോൾ എം ഏ, ഇ. കെ. ജേക്കബ് തുടങ്ങി പലരും പ്രസംഗിക്കയുണ്ടായി.

—തോട്ടക്കര: സ്വർഗ്ഗാരോപണത്തിരുനാൾ പ്രമാണിച്ചു് സ്ഥലം വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ാംനു- റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. മെ. കര്യാക്കോസ് വാളായിൽ, മാത്യു നെടുമരുതുംചാലിൽ മുതലായവർ പ്രസംഗിച്ചു.

—ചിററാട്ടുകര: സ്വർഗ്ഗാരോപണത്തിരുനാൾ പ്രമാണിച്ചു് സ്ഥലം മരിയാസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം ചേരുകയും റവ. ഫാ. ജോൺ പ്ലാശ്ശേരി പ്രസംഗിക്കയുമുണ്ടായി.

—വായ്പൂരു്: വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ഒരു ശാഖ റവ. ഫാ. അഗസ്റ്റിൻ മണ്ണൂക്കളം ഉൽഘാടനംചെയ്തിരിക്കുന്നു.

—കോടിക്കുളം: ചെറുപുഷ്പ വായനശാലയോടനുബന്ധിച്ചു് ഒരു വയോജന വിദ്യാഭ്യാസക്ലാസ്സ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—പാലാ: ഭദ്രാസനപ്പള്ളി വികാരിയുടെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 15-ാംനു- കൂടിയ യോഗത്തിൽവച്ചു് ചെറുപുഷ്പ


### കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി — എരുമേലി
മുണ്ടക്കയം — കോട്ടയം
പൂഞ്ഞാർ — തൊടുപുഴ

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.


മിഷൻലീഗിന്റെ ഒരു ശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

—മാന്നാനം: ആഗസ്റ്റ് 12-ാംനു- ചങ്ങനാശേരി മെത്രാൻ ഡോ. കാവുകാട്ടു തിരുമനസ്സിൽനിന്നും പൗരോഹിത്യപട്ടം സ്വീകരിച്ച റവ. ഫാ. ഒപ്താത്തൂസ് ടി ഒ സി ഡി 13-ാംനു- മാന്നാനം ആശ്രമദേവാലയത്തിൽവച്ചു് പ്രഥമദിവ്യപൂജയർപ്പിച്ചിരിക്കുന്നു.

—കോതനല്ലൂർ: ആഗസ്റ്റ് 16-ാംനു- റവ. ഫാ. ജോസഫ് മാപ്പിളപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് ചെറുപുഷ്പമിഷൻലീഗിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—പാദുവാ: മററക്കര ക്ലാരമഠത്തിന്റെ ഒരു ശാഖ പള്ളിക്കുസമീപമുള്ള ഒരു താല്ക്കാലികകെട്ടിടത്തിൽ ആഗസ്റ്റ് 15-ാംനു- ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—കട്ടച്ചിറ: ആഗസ്റ്റ് 15-ാംനു- റവ. ഫാ. ജേക്കബ് കാലായിൽ ബി എ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ചു് സൊഡാലിററി, ചെറുപുഷ്പമിഷൻലീഗ്, വിൻസെന്റ് ഡി പോൾ സംഘം എന്നിവയുടെ ഓരോ ശാഖ ഉൽഘാടനംചെയ്യുകയുണ്ടായി. യോഗത്തിൽ മെ. മാത്യു പോൾ, വി. വി. സെബാസ്റ്റ്യൻ ബി ഏ ബി എൽ, കെ. സി. ചാക്കോ ബി എ എന്നിവർ ഓരോ പ്രസംഗംചെയ്തു.

—ചെമ്പേരി: ആഗസ്റ്റ് 15-ാംനു- റവ. ഫാ. റോക്ക് റിബെല്ലോയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഫാദർ കര്യാക്കോസ് കടക്കച്ചിറ ഡി ഡി, ശ്രീ സി. ഡി. അന്തപ്പൻ ബി എ എന്നിവർ ഓരോ പ്രസംഗംചെയ്തു.

—വാഴക്കുളം: സ്വർഗ്ഗാരോപണത്തിരുനാൾ പ്രമാണിച്ചു് ആഗസ്റ്റ് 15-ാംനു- സൊഡാലിററി ബാലവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ റവ. ഫാ. ജോസഫ് മുലേക്കുടിയുടെ അദ്ധ്യക്ഷതയിലും, സൊഡാലിററിബാലികാവിഭാഗത്തിന്റെയും മാതൃസംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ റവ. ഫാ. പോൾ വടക്കേക്കരയുടെ അദ്ധ്യക്ഷതയിലും ഓരോ യോഗം കൂടുകയുണ്ടായി.

—കുത്യതോട്: സെന്റ് തോമസ് ഇടവകയിലെ മരിയാസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ാംനു- മി. എം. ഐ. ജോസഫ് ബി. എ. യുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേരുകയും ശ്രീമതി കെ. ഐ. റോസി മുതലായ പലരും പ്രസംഗിക്കുകയുംചെയ്തു.

—ചങ്ങനാശേരി: സെന്റ് ബർക്കുമൻസ് കോളെജ് സി. എ. സി. യുടെ ഉൽഘാടനസമ്മേളനം ആഗസ്റ്റ് 17-ാംനു- പ്രൊഫസർ തോമസ് ശ്രീനിവാസൻ എം. എ. എൽ. ടി. യുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ എം. സജ്ജീവി എം. എ. എൽ. ടി. ഒരു പ്രസംഗംചെയ്തു.

—തീടനാട്ട്: മഴുവഞ്ചേരിൽ ബ: ബത്തലൂമ്മാ അച്ചന്റെ നവപൂജാപ്പണം ആഗസ്റ്റ് 15-ാംനു- സാഡംബരം നടന്നിരിക്കുന്നു.

—രാമപുരം: സ്ഥലത്തെ 12 സൺഡേക്ലാസുകളുടെയും കത്തോലിക്കാപ്രവർത്തനം, വിൻസെന്റ് ഡി പോൾ, ലീജിയൻ ഓഫ് മേരി, സത്യാരാധന, മൂന്നാംസഭ എന്നീ സംഘടനകളുടേയും സംയുക്തവാർഷികസമ്മേളനം ആഗസ്റ്റ് 18-ാംനു- പാലാമെത്രാൻ ഡോക്ടർ വയലിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. വെരി റവ. മോൺ കച്ചിറമററം, മെ. എം. എം. ജേക്കബ്ബ് എം. എ. എൽ എൽ. ബി., പി. ററി. ചാക്കൊ എം. എ. എൽ എൽ. ബി. എന്നിവർ ഓരോ പ്രസംഗംചെയ്തു.

—തൃപ്പൂണിത്തുറ: ആഗസ്റ്റ് 19-ാംനു- ഇടവകവികാരിയുടെ അദ്ധ്യക്ഷതയിൽകൂടിയ പൊതുയോഗത്തിൽവച്ചു് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ഒരു ശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

—കണ്ണങ്കര: സ്ഥലം വിൻസെന്റ് ഡി. പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിലും റവ. ഫാ. മാത്യു മങ്കുഴിക്കരിയുടെ നേതൃത്വത്തിലും ഒരേകാന്തധ്യാനം ആഗസ്റ്റ് 30-ാംനു- വൈകുന്നേരം മുതൽ സെപ്ററംബർ 3-ാംനു- പ്രഭാതംവരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

—അറക്കുളം: മരിയാസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 19-ാംനു- റവ. ഫാ. ജോസഫ് തുന്നുകുഴിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയുണ്ടായി.

## ചരമം

കുറുപ്പന്തറ: പുത്തൂപ്പറമ്പിൽ ശ്രീ മത്തച്ചൻ അവർകൾ ആഗസ്റ്റ് 2-ാംനു- നിര്യാതനായിരിക്കുന്നു.

—മാൻവെട്ടം: ബ്രദർ പോൾതെക്കേവീട്ടിൽ അവർകളുടെ മാതാവു് ശ്രീമതി ത്രേസ്യാ ആഗസ്റ്റ് 6-ാംനു- ചരമംപ്രാപിച്ചിരിക്കുന്നു.

R. I. P.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
a the Mar Louis Memorial Press
Ernakulam